മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

മലങ്കരസഭ

M A L A N K A R A S A B H A

ഒക്ടോബർ 2005



82th Birthday Wishes to

H.G. DR. STEPHANOS MAR THEODOSIUS

Inserted by:

Mar Gregorios Orthodox Church Muscat




H.G. DR. GABRIEL MAR GREGORIOS

Sunthroniso October 16

Inserted by:

Thekken Parumala St. Gregorios Orthodox Valiya Pally, Perurkada

www.thekkenparumala.org



മലങ്കരസഭ

ലക്കം 10, പുസ്തകം 61
ഒക്ടോബർ 2005



വരിസംഖ്യ

ഇന്ത്യയിൽ	
ഒറ്റ പ്രതി	: 7 രൂപ
ഒരു വർഷം	: 75 രൂപ
4 വർഷം	: 300 രൂപ
10 വർഷം	: 750 രൂപ
വിദേശത്തേക്ക്	
ഒരു വർഷം	: 600 രൂപ

Cover Design & Type Setting:-
M.S. Graphics, Devalokam.

ഉൾത്തുടിപ്പുകൾ

ദേവലോകം, കോട്ടയം - 686 038. ഫോൺ: 0481 - 2573234
e-mail: malankara@sancharnet.in

എഡിറ്റോറിയൽ

മെത്രാന്മാരുടെ ഭദ്രാസനമാറ്റവും റിട്ടയർമെന്റും

മലങ്കരസഭയിൽ നവോത്ഥാനകാംഷയോടെ ആത്മാർത്ഥമായി സഭാചിന്തകൾ പങ്കിടുന്നവർ ഏറിവരുന്ന ഒരു സാഹചര്യമാണ് ഇപ്പോഴുള്ളത്. ചില നേരമെങ്കിലും ഉദാത്തമായ ഈ ലക്ഷ്യത്തിന്റെ മറപറ്റിക്കൊണ്ട് അകാരണമായും അനവസരത്തിലും അടിസ്ഥാന രഹിതമായുമൊക്കെ മാറ്റങ്ങൾക്കുവേണ്ടി മുറവിളി കൂട്ടുന്നവരും ചുരുക്കമല്ല. ഏറെ ചർച്ച ചെയ്യപ്പെടുന്ന മെത്രാപ്പോലീത്തമാരുടെ ഭദ്രാസനമാറ്റം, ഭരണത്തിൽ നിന്നും വിരമിക്കൽ എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ഒരു ധാരണ രൂപപ്പെടേണ്ടത് അടിയന്തര സംഗതിയാണ്.

ഒരു മെത്രാപ്പോലീത്തായുടെ സ്ഥല മാറ്റം സംഭവ്യമാകേണ്ട സാഹചര്യത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ പുരാതന രേഖയായ അപ്പോസ്തോലിക നിയമ സംഹിതകളിലെ ചില നിർദ്ദേശങ്ങൾ പരാമർശവിധേയമാക്കേണ്ടതുണ്ട്. "ഒരു എപ്പിസ്ക്കോപ്പാ അഥവാ മൂപ്പൻ തന്റെ വൈദിക സംഘത്തോടും അജഗണത്തോടും കരുതൽ കാട്ടാതിരിക്കുകയോ ഭക്തിയിൽ നടത്താതിരിക്കുകയോ ചെയ്താൽ അദ്ദേഹത്തെ മാറ്റി നിർത്താവുന്നതാണ്. അദ്ദേഹം തന്റെ അശ്രദ്ധ തുടർന്നാൽ തൽസ്ഥാനത്തുനിന്നു നീക്കം ചെയ്യാവുന്നതാണ്" (7:503). മറ്റൊരു ഭാഗത്ത് ഇപ്രകാരം പറയുന്നു: "എത്രയും ഉദാത്തമായ ഒരു കാരണം കൂടാതെ, ജന നിർബ്ബന്ധത്തിലോ സ്വന്ത താൽപ്പര്യത്തിലോ ഒരു എപ്പിസ്ക്കോപ്പായും തന്റെ ഭദ്രാസനം ഒഴിയുകയോ മറ്റൊന്നിലേക്കു മാറുകയോ ചെയ്യരുത്" (7:429)

ജനപ്രിയ നേതൃത്വം വിലസുന്ന നമ്മുടെ കാലത്ത് ശ്ലൈഹിക പാരമ്പര്യങ്ങളിലെ വിശ്വാസം കൈമോശം വരാത്ത പ. സഭ അതിന്റെ തനിമയുടെ അതിജീവന പ്രതിസന്ധിയിൽ തന്നെയാണ്. ഇവിടെ ദൈവഹിത നിവൃത്തിക്കായി ആത്മാർത്ഥമായ പ്രാർത്ഥന ആവശ്യപ്പെട്ടുകൊണ്ട് ചില ചിന്തകൾ കുറിക്കട്ടെ.

i) മെത്രാപ്പോലീത്താമാരുടെ സ്ഥലമാറ്റം മാർത്തോമ്മാ സഭയിൽ നിലവിലുണ്ടെന്നതാണ് അനുകൂലഘടകമായി ഒരു ഭാഗം വാദിക്കുന്നത്. മാർത്തോമ്മാ സഭയിലെ സ്ഥിതിയുടെ ബാഹ്യ ഭംഗി ആകർഷണീയമായി തോന്നാമെങ്കിലും ഇതിന്റെ ഗുണദോഷങ്ങൾ വ്യക്തമായി പഠിക്കുന്നത് ഉചിതമായിരിക്കും.

ii) മെത്രാപ്പോലിത്താമാരുടെ സ്ഥലമാറ്റം നിയമമാക്കിയിരിക്കുന്ന സഭകളിൽ നിശ്ചിതകാലയളവിലേക്കു ഭദ്രാസന ചുമതലയേൽക്കുന്ന മെത്രാൻമാർ സഭക്കോ ഭദ്രാസനത്തിനോ പ്രയോജനകരമായ പുരോഗമന പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ കാര്യമായി ശ്രമിക്കാറില്ല എന്നൊരു ആരോപണമുണ്ട്. മലങ്കരസഭയിൽ ഇപ്പോൾ നിലവിലിരിക്കുന്ന വ്യവസ്ഥിതി അനുസരിച്ച്, ചുമതലയിലിരിക്കുന്ന മെത്രാപ്പോലീത്തായുടെ കഠിനാദ്ധ്വാനവും പരിശ്രമവുമാണ് ഭദ്രാസന തലങ്ങളിലുള്ള പല പുരോഗമന പ്രവർത്തനങ്ങളുടെയും അടിസ്ഥാനം. ചില അപവാദങ്ങളുണ്ടായേക്കാമെങ്കിലും അതാണ് വാസ്തവമായിരിക്കുന്നത്.

iii) മലങ്കരസഭയിൽ കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ പല മെത്രാപ്പോലീത്താമാർക്കും സ്ഥലമാറ്റം ഉണ്ടായിട്ടുണ്ട്. ഒരു നിയമവും ആരും പാസ്സാക്കാതെ ആവശ്യമെന്നു തോന്നിയപ്പോൾ സഭ കൈക്കൊണ്ട തീരുമാനമായിരുന്നു അത്. ആകയാൽ, ഇങ്ങനെയൊരു നിയമം കൊണ്ടുവരേണ്ടതിന്റെ ആവശ്യം തന്നെയുണ്ടോ എന്ന് ചിന്തിക്കണം.

iv) മെത്രാപ്പോലീത്താമാരുടെ സ്ഥലമാറ്റം വൈദികരുടെ സ്ഥലമാറ്റ രീതികളെ എങ്ങനെ ബാധിക്കുമെന്നും മെത്രാപ്പോലീത്താ-വൈദിക-അൽമായ ബന്ധങ്ങളിലുള്ള അടുപ്പവും അകൽച്ചയും എന്തു മാത്രമായിരിക്കുമെന്നും പരിശോധിക്കണം.

v) മെത്രാപ്പോലിത്തമാരുടെ സ്ഥലമാറ്റം വേണമോ എന്ന നിയമം പാസ്സാക്കുന്നതിനേക്കുറിച്ച് സഭാമാനേജിംഗ് കമ്മറ്റിക്കു തീരുമാനം കൈക്കൊള്ളാവുന്നതാണ്. എന്നാൽ അവയുടെ പ്രായോഗിക നടപടികൾക്കുള്ള ബോധ്യം പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ നിക്ഷിപ്തമാണ്. സ്ഥലമാറ്റം നിയമമുള്ള മാർത്തോമ്മാ സഭയിൽ അത് നടപ്പിലാക്കുന്നത് എപ്പിസ്ക്കോപ്പൽ സുന്നഹദോസാണ്. കത്തോലിക്കാ സഭയിൽ, ആവശ്യം വേണ്ടി വന്നാൽ എപ്പിസ്ക്കോപ്പൽ സുന്നഹദോസോ സഭാദ്ധ്യക്ഷനോ ആണത് നടപ്പിലാക്കുന്നത്. അല്ലാത്ത പക്ഷം മെത്രാന്മാരെ നിയമിക്കുന്നതിനും മാറ്റുന്നതിനുമൊക്കെ മുന്നോട്ടുവരുന്ന ആളുകളുടെ എണ്ണം കൂടുകയും സഭയിൽ അരാജകത്വം സൃഷ്ടിക്കപ്പെടുകയും ചെയ്യും.

vi) മെത്രാപ്പോലീത്തന്മാരുടെ റിട്ടയർമെന്റ്, കത്തോലിക്കാ സഭയിലും മറ്റും പ്രായോഗികമാക്കിയിരിക്കുന്നതുപോലെ, മലങ്കരസഭയിലും നടപ്പിൽ വരുത്തുന്നത് ഏറെ നല്ലതാണ്. എന്നാൽ റിട്ടയർമെന്റ് കാലയളവിൽ അവർക്കാവശ്യമായ ശുശ്രൂഷകൾ ലഭിക്കാനുള്ള സംവിധാനങ്ങൾ സഭയിലുണ്ടാവുന്നതുവരെ റിട്ടയർമെന്റിനു പകരമായി,ഭരണകാര്യങ്ങളിൽ സജീവ സാന്നിദ്ധ്യവും സഹായിയുമായി മറ്റൊരു ജൂണിയർ എപ്പിസ്ക്കോപ്പായെ നിയമിക്കാവുന്നതാണ്. മെത്രാപ്പോലീത്തായ്ക്കു പ്രായമേറുന്നതനുസരിച്ച് താൻപോരിമ കാട്ടുന്ന പിൻസീറ്റുകാരുടെയും മറ്റു ചില 'സേവകരുടെയും' പിടിയിൽ നിന്ന് സഭയെയും ഭദ്രാസനത്തെയും രക്ഷിക്കുവാൻ ഇതു സഹായകമാകും.

vii) സ്ഥലമാറ്റം, റിട്ടയർമെന്റ് ആദിയായ വിഷയങ്ങൾ മാനേജിംഗ് കമ്മറ്റിയിലോ അനുബന്ധ സമിതികളിലോ ചർച്ച ചെയ്ത് കാലതാമസം വരുത്തി അസുഖകരമായ അന്തരീക്ഷം ഉണ്ടാക്കുന്നതിനേക്കാൾ ഉചിതം പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് മുൻകൈയ്യെടുത്ത് ദൈവേഷ്ടപ്രകാരമുള്ള ആലോചനകൾ നടത്തുകയും, എല്ലാ സമിതികളെയും വിശ്വാസത്തിലെടുത്തുകൊണ്ട് തീരുമാനങ്ങൾ കൈക്കൊള്ളുകയും അവ ഔദ്യോഗികമായി വിശ്വാസികളെ അറിയിക്കുകയും ചെയ്യുന്നതായിരിക്കും അഭിലഷണീയം.

- ജോൺ പണിക്കരച്ചൻ

പരുമലയിൽ ഓഫീസ്

പരുമലപെരുന്നാളിനോടനുബന്ധിച്ച് മലങ്കരസഭ മാസികയുടെ ഓഫീസ് ഒക്ടോബർ 31, നവംബർ 1, 2 തീയതികളിൽ പരുമലയിൽ പ്രവർത്തിക്കുന്നതായിരിക്കും. വരിസംഖ്യ പുതുക്കുവാനും, പുതിയ വരിക്കാരാകുവാനും സൗകര്യം ഉണ്ട്.

നിയമിതനായി



മലങ്കരസഭ മാസികയുടെ സബ്ബ് എഡിറ്ററായി കൊട്ടാരക്കര, മുകളിൽ തോമസ് പി. കത്തനാരെ എഡിറ്റോറിയൽ ബോർഡ് പ്രസിഡന്റ് അഭി. ഫീലിപ്പോസ് മാർ യൗസേബിയോസ് തിരുമനസ്സുകൊണ്ട് നിയമിച്ചു.

മലങ്കരസഭയിലെ ബാലപംക്തി വർഷങ്ങളായി കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത് അച്ചനാണ്. സെമിനാരി ദീപ്തി എഡിറ്റർ, പ. കാതോലിക്കാ ബാവാ തിരുമനസ്സിന്റെ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കറവൂർ സെന്റ് ജോർജ്ജ് ഇടവക വികാരി. ഭാര്യ: അമ്പിളി തോമസ്.



മഹാപുരോഹിത സന്ദേശം

വാത്സല്യ മക്കളേ,

ബലഹീനനായ നമുക്ക് വാത്സല്യഭാജനങ്ങളായ നിങ്ങളോട് സർവ്വശക്തന്റെ വലിയ കൃപയെക്കുറിച്ച് വിവരിക്കുക എന്നതു മാത്രമാണ് ആഗ്രഹമുള്ളത്. ത്രീയേക ദൈവത്തിന്റെ അനന്തമായ കൃപയാൽ ബലഹീനനായ നമ്മുടെ ജീവിതവും ശുശ്രൂഷയും ധന്യമായിരുന്നു എന്നതാണ് നമ്മുടെ വിചാരം. ഇത്രയും കാലം ജീവിക്കുവാൻ ഭാഗ്യം നൽകിയ ദൈവകൃപയ്ക്കു മുമ്പിൽ നാം ബലഹീനതയോടെ നമ്മെതന്നെ സമർപ്പിക്കുന്നു. ജീവിതത്തിലും ഇടയ ശുശ്രൂഷയിലും വന്നു ചേർന്നുകൊണ്ടിരിക്കുന്ന സന്തോഷാനുഭവങ്ങളിലും പ്രതിസന്ധിഘട്ടങ്ങളിലും പുതിയ ശക്തിയും ചൈതന്യവും ദൈവഭക്തിയും ഉദിച്ചുയരുന്ന ജീവിതാനുഭവമായിരുന്നു നമ്മുടേതെന്നു പറയുന്നതിൽ നമുക്കു അതിയായ സന്തോഷമുണ്ട്.

നമ്മുടെ ഇടയ ശുശ്രൂഷയിലെ പ്രതിസന്ധികളെ അതിജീവിച്ചത് ദൈവകൃപ ഒന്നുമാത്രം കൊണ്ടാണ്. വൈഷമ്യങ്ങൾക്കിടയിൽ ആന്തരീക ഉൾക്കരുത്തു നൽകുന്നവനും നിരാശകളിൽ സന്തോഷവും ആത്മധൈര്യവും പകരുന്നവനുമായ ദൈവത്തിന്റെ കൃപ വളരെ വലുതാണ്. ദൈവകൃപയിലാശ്രയിച്ചുകൊണ്ടുള്ള ജീവിതം ഉൾക്കരുത്തും സജീവതയും ശക്തിയും പകരുന്നതായിരുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നതിൽ നമുക്ക് അഭിമാനമുണ്ട്. നമ്മുടെ ബലഹീനമായ കരങ്ങളെ ശക്തമാക്കുവാൻ അവയുടെ പിന്നിൽ ദൈവത്തിന്റെ ബലിഷ്ഠമായ കരങ്ങൾ പ്രവർത്തിച്ചിരുന്നു എന്നത് ഒരു വലിയ യാഥാർത്ഥ്യമാണ്. തന്റെ മക്കളെക്കുറിച്ച് വളരെ കരുതലുകളുള്ള ദൈവം തന്റെ വലിയ പദ്ധതികളിലൂടെ നമ്മേ സദാ വഴിനടത്തും എന്നതിൽ സംശയം വേണ്ട.

നമ്മുടെ വൈദിക സെമിനാരിയിലെ കുഞ്ഞുങ്ങളുടെ ദാരുണമായ അപകടം നമ്മെ അല്പ സമയത്തേക്ക് അതീവ ദുഃഖത്തിലാഴ്ത്തിയെങ്കിലും ദൈവകൃപയുടെ അപാരതയിൽ പിന്നീട് നാം വിസ്മയിക്കുകയാണ് ചെയ്തത്. ജീവിതത്തിൽ ദുഃഖങ്ങളും ദുരിതങ്ങളും അനർത്ഥങ്ങളുമൊക്കെ നമ്മെ നിഴൽപോലെ പിൻതുടർന്നുകൊണ്ടേയിരിക്കും. മനുഷ്യ ബുദ്ധിക്കഗ്രാഹ്യമായ എല്ലാ ദുഃഖങ്ങൾക്കും ഉത്തരമേകുന്നവൻ സർവ്വശക്തനായ ദൈവമത്രേ എന്നു നാം ഉറച്ചു വിശ്വസിക്കുന്നു. ഈ ലോകത്തിലെ ദുഃഖങ്ങളിൽ നിന്ന് ദൈവം തമ്പുരാൻ ആർക്കും വിടുതൽ നൽകുന്നില്ല. സഹനങ്ങളിൽ കൂടി ജീവിക്കണമെന്നത് ദൈവീക പദ്ധതിയാണ്. ജീവിതത്തിലുണ്ടാകുന്ന വെല്ലുവിളികളെ തരണം ചെയ്തുകൊണ്ടാണ് ജീവിതം കൂടുതൽ ശോഭനമാക്കേണ്ടത്. ജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ വലിയ പ്രശ്നങ്ങളാക്കി തീർക്കുവാനുള്ളതല്ല, മറിച്ച് അവയൊക്കെ ജീവിതത്തിൽ ദൈവീകമായ ചലനങ്ങൾ സൃഷ്ടിക്കുവാനുള്ള ഉപാധികളാണെന്ന് മനസ്സിലാക്കി പ്രതികരിക്കണം. വാങ്ങിപ്പോയ കുഞ്ഞുങ്ങളുടെ ആത്മശാന്തിക്കുവേണ്ടി നാം പ്രത്യേകം പ്രാർത്ഥിക്കുന്നു. രണ്ടുപേരുടെയും കുടുംബങ്ങൾക്കുവേണ്ടിയും നമ്മുടെ വൈദിക സെമിനാരികൾക്കു വേണ്ടിയും വൈദിക ഗണത്തിനു വേണ്ടിയും നമുക്കു വേണ്ടിയും ഏവരും സർവ്വശക്തനോട് പ്രാർത്ഥിക്കണം.

ജീവിതത്തിൽ ഏറ്റവും കൂടുതൽ വിലമതിക്കുന്നത് ജീവിത വിശുദ്ധിയാണ്. നിങ്ങളേവരും ഭക്തരായി ജീവിച്ചു വളരണം. ദൈവഭയത്തിൽ ജീവിക്കണം. ആരാധനാ ജീവിതം മുടക്കരുത്. നീതിക്കും നിയമത്തിനും വിധേയമായി ജീവിക്കുക. സ്നേഹത്തിൽ വളരുക. നിങ്ങളുടെ ജീവിതം കൃപയിൽ ആരംഭിച്ച്, കൃപയിലാശ്രയിച്ച് കൃപയിലവസാനിപ്പിക്കുക. ഏവർക്കും സ്വർഗ്ഗീയ കൃപയും സമാധാനവും ആശംസിക്കുന്നു. സ്വർഗ്ഗത്തേ നോക്കി യാത്ര ചെയ്യുന്ന തീർത്ഥാടക സംഘമായി നിങ്ങൾ തീരണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ!

എം. കുര്യൻ തോമസ്

കാതോലിക്കാ വാഴ്ചയ്ക്ക് നടപടിക്രമം അനിവാര്യം

റോമിലെ പാത്രിയർക്കീസും റോമൻ കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷനുമായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ കാലം ചെയ്തു. അതിനുശേഷം അദ്ദേഹത്തിന്റെ കബറടക്കവും പിൻഗാമിയായി ബനഡിക്ട് പതിനാറാമന്റെ തിരഞ്ഞെടുപ്പും അഭിഷേകവും നടന്നു. ആധുനിക വാർത്താവിനിമയ സൗകര്യങ്ങളുടെ മികവു മൂലം ഈ ചടങ്ങുകൾ എല്ലാം തൽസമയം ലോകം മുഴുവൻ ദൃശ്യമാധ്യമങ്ങളിലൂടെ വീക്ഷിക്കാൻ സാധിച്ചു. നൂറ്റാണ്ടുകൾ കൊണ്ടു ചിട്ടപ്പെടുത്തിയ ചടങ്ങുകളുടെയും ആചാരങ്ങളുടെയും ചരിത്രവും മാധ്യമങ്ങൾ അതേസമയം വിവരിച്ചു.

ലക്ഷക്കണക്കിന് ജനങ്ങളും ആയിരക്കണക്കിന് വിശ്വാസികളും നൂറു കണക്കിന് സ്ഥാനികളും പങ്കെടുത്ത ഈ മഹാസംഭവങ്ങൾ അച്ചടക്കത്തോടും ആചാരങ്ങൾ കടുകിട തെറ്റാതെയുമാണ് നടന്നത്. അവ അപ്രകാരം നടക്കുന്നുവെന്ന് ഉറപ്പാക്കാൻ നിശ്ചിതമായ ഒരു സംവിധാനവും റോമൻ കത്തോലിക്കാ സഭയ്ക്കുണ്ട്.

ഈ ആചാരത്തിന്റെ ചട്ടക്കൂടുകൾ ഒരു ദിവസം കൊണ്ടുണ്ടായതല്ല. അനേക നൂറ്റാണ്ടുകളിലൂടെ രൂപംപ്രാപിച്ച അവയെ നിയമത്തിനു കീഴിൽ ക്രോഡീകരിക്കുകയാണ് റോമൻ കത്തോലിക്കാസഭ ചെയ്തത്. ഓരോ കർമ്മവും ക്രിയയും ഇന്നടത്ത് ഇന്നയാൾ ചെയ്യണമെന്ന് റോമൻ കത്തോലിക്കാ സഭയ്ക്ക് നിയമമുണ്ട്. അത് അഭംഗുരം പാലിക്കപ്പെടുന്നതിനാലാണ് എണ്ണമറ്റ ഈ ചടങ്ങുകൾ തിക്കും തിരക്കും ബഹളവും കൂടാതെ നടന്നത്.

മലങ്കരസഭയിലെ കാതോലിക്കാ സ്ഥാനാരോഹണത്തിനും പ. കാതോലിക്കാമാരുടെ കബറടക്കത്തിനും ഒരു നടപടിച്ചട്ടം ഉണ്ടാകേണ്ടിയിരിക്കുന്നു. 1912-ൽ പൗരസ്ത്യ കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിച്ചപ്പോൾ മുതൽ ഉണ്ടായിരുന്ന പല കീഴ്വഴക്കങ്ങളും ഇന്ന് അപ്രത്യക്ഷമായിരിക്കുകയാണ്. മലങ്കരയിലെ കാതോലിക്കേറ്റിന്റെ വ്യക്തിത്വത്തിന് ഇനിയും പല ചടങ്ങുകളും കൂട്ടിച്ചേർക്കേണ്ടതില്ലേയെന്നും ഈ ലേഖകൻ സംശയിക്കുന്നു.

കാതോലിക്കാ വാഴ്ചയിൽ അപ്രത്യക്ഷമായ ഏതാനും നല്ല പാരമ്പര്യങ്ങളെ ആദ്യം ചൂണ്ടിക്കാട്ടാം. 1912 നവംബർ 13-ന് ഒന്നാമത്തെ കാതോലിക്കായെ വാഴിച്ചത് നിരണം പള്ളിയിൽ വച്ചാണ്. ഇത് സൗകര്യത്തെ പ്രതി ചെയ്ത ഒരു നടപടിയല്ല. *ശ്ലീഹായ്ക്കടുത്ത കിഴക്കേ സിംഹാസനത്തിലേക്ക് കാതോലിക്കയെ വാഴിക്കേണ്ടത്* പ. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ നിരണത്തുപള്ളിയിൽ വെച്ചായിരിക്കണം എന്ന വ്യക്തമായ കാഴ്ചപ്പാടോടു കൂടിയാണ് വാഴ്ച സ്ഥലം തിരഞ്ഞെടുത്തത്.

മലങ്കരസഭയിലെ കാതോലിക്കാ സ്ഥാനാരോഹണത്തിനും പ. കാതോലിക്കാമാരുടെ കബറടക്കത്തിനും ഒരു നടപടിച്ചട്ടം ഉണ്ടാകേണ്ടിയിരിക്കുന്നു. 1912-ൽ പൗരസ്ത്യ കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിച്ചപ്പോൾ മുതൽ ഉണ്ടായിരുന്ന പല കീഴ്വഴക്കങ്ങളും ഇന്ന് അപ്രത്യക്ഷമായിരിക്കുകയാണ്. മലങ്കരയിലെ കാതോലിക്കേറ്റിന്റെ വ്യക്തിത്വത്തിന് ഇനിയും പല ചടങ്ങുകളും കൂട്ടിച്ചേർക്കേണ്ടതില്ലേയെന്നും ഈ ലേഖകൻ സംശയിക്കുന്നു.

ഈ നടപടി പിന്നീടും തുടർന്നു. 1925-ൽ രണ്ടാം കാതോലിക്കായേയും വാഴിച്ചത് നിരണം പള്ളിയിൽ വെച്ചാണ്. രണ്ടാം കാതോലിക്കായുടെ വാഴ്ചയിൽ എപ്പിസ്ക്കോപ്പൽ സുന്നഹദോസിനെ പരുമല സെമിനാരിയിൽ നിന്നും ആഘോഷപൂർവ്വം എതിരേറ്റുകൊണ്ടുപോയാണ് നിരണത്ത് വാഴ്ച നടത്തിയത്. ഈ യുക്തിസഹജമായ പാരമ്പര്യം പിന്നീട് എന്തുകൊണ്ടോ തുടർന്നില്ല. കാതോലിക്കാ വാഴ്ച നിരണം പള്ളിയിൽ എന്ന പഴയ കീഴ്വഴക്കം പുനഃസ്ഥാപിച്ചേ മതിയാവൂ.

രണ്ടാമതായി, മുൻപ് കാതോലിക്കാവാഴ്ചയിൽ നവാഭിഷിക്തനെ വി. കുർബാനയ്ക്കു ശേഷം കസേരയിൽ എടുത്ത് പള്ളിക്കു മൂന്നു പ്രാവശ്യം ആഘോഷസമന്വിതമായ പ്രദക്ഷിണം നടത്തുക എന്ന പതിവുണ്ടായിരുന്നു. രണ്ടാം കാതോലിക്കായെ അപ്രകാരം എതിരേറ്റതായി അദ്ദേഹത്തിന്റെ *സഭാജീവിത നാൾവഴിയിൽ* രേഖപ്പെടുത്തിയിട്ടുണ്ട്. ഇതും ഇപ്പോൾ നിലവിലില്ല.

മൂന്നാമതായി, കിഴക്കിന്റെ മഹാനായ കാതോലിക്കാ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ തന്റെ വാഴ്ചദിനം തന്നെ പരുമല സെമിനാരി, പഴയസെമിനാരി, പാമ്പാക്കുട ചെറിയപള്ളി, വാകത്താനം വള്ളിക്കാട്ടു ദയറാ, ദേവലോകം അരമന എന്നിവിടങ്ങളിലെത്തി തന്റെ മുൻഗാമികളുടെ കബറിടങ്ങളിൽ ധൂപപ്രാർത്ഥന നടത്തിയിരുന്നു. അനുകരണീയമാക്കാമായി

രുന്ന ആ പാരമ്പര്യവും ഇന്നു നിലവിലില്ല.

ഈ ലേഖകന്റെ അഭിപ്രായത്തിൽ മലങ്കരയിലെ കാതോലിക്കാ വാഴ്ചയുടെ ക്രമം അപൂർണ്ണമാണ്. അന്തോഖ്യൻ സഭയിൽ ഈ സ്ഥാനികളെ തിരഞ്ഞെടുക്കുന്നത് എപ്പിസ്ക്കോപ്പാമാരാണ്. ജനത്തിന് ഈ പ്രക്രിയയിൽ യാതൊരു പങ്കുമില്ല. അതിനാൽ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അഥവാ അവരുടെ പ്രതിനിധികൾ, സ്ഥാനാർത്ഥിയോട് *പരിശുദ്ധ റൂഹ അങ്ങയെ (പാത്രിയർക്കീസ്/ മഫ്രിയാന) സ്ഥാനത്തേക്കു വിളിക്കുന്നു* എന്ന് പറയുമ്പോൾ തിരഞ്ഞെടുക്കുന്നവർ ക്ഷണിക്കുന്നു എന്ന രീതിയിൽ ഈ കർമ്മം അർത്ഥപൂർണ്ണമാണ്.

മലങ്കരയിൽ കാതോലിക്കായെ തിരഞ്ഞെടുക്കുന്നത് മെത്രാന്മാരുടെ സുന്നഹദോസ് മാത്രമല്ല, ജനങ്ങളും പട്ടക്കാരും കൂടിച്ചേർന്നാണ്. മലങ്കര സഭയുടെ ഈ പൊതുവായ തിരഞ്ഞെടുപ്പിനെ പ്രതീകവൽക്കരിക്കുന്ന ഒരു ചടങ്ങും കാതോലിക്കാ വാഴ്ചയിൽ ഇല്ല.

അതേപോലെ മലങ്കരസഭയിൽ കാതോലിക്കായെ വാഴിക്കുവാൻ തീരുമാനിക്കുന്നത് മലങ്കര മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരിക്കുന്ന എപ്പിസ്കോപ്പൽ സുന്നഹദോസാണ്. വാഴ്ചയുടെ മുഖ്യകാർമ്മികൻ പാത്രിയർക്കീസോ, സീനിയർ മെത്രാപ്പോലീത്തയോ ആരായാലും സുന്നഹദോസിന്റെ തീരുമാനം അനുപേക്ഷണീയമാണ്. ഇതിനും വ്യക്തമായ ഒരു പ്രതീകം ഇന്ന് കാതോലിക്കാവാഴ്ചയിൽ ഇല്ല. ഈ കാരണങ്ങളാലാണ് കാതോലിക്കാ സ്ഥാനാരോഹണ ക്രമം അപൂർണ്ണമാണെന്ന് വാദിക്കുന്നത്.

ഈ ലേഖകന്റെ അഭിപ്രായത്തിൽ പിൻഗാമിയെ തിരഞ്ഞെടുത്ത അസോസിയേഷന്റെ തീരുമാനം അറിയിച്ചുകൊണ്ട് മുൻഗാമി അയച്ച പൊതുകൽപ്പന പരസ്യമായി വായിക്കണം. ഇതിന് അസോസിയേഷൻ സെക്രട്ടറിയെ നിയോഗിച്ച് ജനപങ്കാളിത്തം ഉറപ്പാക്കാം. തുടർന്ന് കാതോലിക്കാ വാഴ്ച നടത്താനുള്ള സുന്നഹദോസ് തീരുമാനം സുന്നഹദോസ് സെക്രട്ടറിയും വായിക്കണം. അതിനു ശേഷം മാത്രം ശ്രേഷ്ഠ നിയുക്ത കാതോലിക്കായെ സ്ഥാനാരോഹണത്തിനു ക്ഷണിക്കുന്ന കർമ്മം നടത്തിയാൽ മുമ്പു പറഞ്ഞ ഈ അപൂർണത ഒഴിവാകും. മേൽപ്പട്ട സ്ഥാനാരോഹണത്തിനും ഇവ രണ്ടും - പൊതുകൽപ്പനയും സുന്നഹദോസ് തീരുമാനവും - ഉൾപ്പെടുത്തണം.

മലങ്കരസഭയിൽ നാലാം കാതോലിക്കാ മുതലുള്ളവരെ വാഴിക്കുമ്പോൾ അവർ മലങ്കര മെത്രാപ്പോലീത്താമാരാണ്. മുമ്പു കൂട്ടി തിരഞ്ഞെടുക്കപ്പെടുന്നതിനാലും, മുൻഗാമി കാലം ചെയ്യുകയോ സ്ഥാനത്യാഗം ചെയ്യുകയോ ചെയ്യുമ്പോൾ പിൻഗാമി സ്വമേധയാ മലങ്കര മെത്രപ്പോലീത്താ സ്ഥാനം പ്രാപിക്കുന്നതിനാലാണിത്. ഇതിനു പ്രത്യേകിച്ചു ചടങ്ങുകളൊന്നുമില്ല. ഉണ്ടാകേണ്ട ആവശ്യവുമില്ല. ഈ സംവിധാനം ഉള്ളതിനാൽ റോമാ സഭയിലെ *കമർലങ്ക*, അന്ത്യോഖ്യൻ സഭയിലെ *കൈമാഖാം* എന്നീ ഇടക്കാല സ്ഥാനികളുടെ ആവശ്യം മലങ്കരസഭയ്ക്ക് ഉണ്ടാകുന്നില്ല.

മലങ്കര മെത്രാപ്പോലീത്തായ്ക്ക് പരമ്പരാഗതമായ ഒരു വേഷവിധാനമുണ്ട്. ഇത് ഭരണകാലത്ത് ഒരിക്കൽ മാത്രമാണ് (ഫോട്ടോ എടുക്കാൻ) ഇന്ന് ധരിക്കുന്നത്. ഈ അംശവസ്ത്രം മലങ്കരസഭയുടെ ദേശീയ തനിമയുടെയും സ്വാതന്ത്ര്യത്തിന്റെയും പ്രതീകമാണ്. അതിനാലാണ് അന്തോഖ്യർ ഇതിനെ അകാനോനികമാക്കുകയും വൈദീക കർമ്മങ്ങളിൽ നിന്നും പുറത്താക്കുകയും ചെയ്തത്. ഇന്ന് *കാതോലിക്കാ* എന്ന സ്ഥാനനാമത്തിന്റെ കാര്യത്തിലെന്നപോലെ പല *നസ്രാണിത്വ പിന്തുടർച്ചാ മോഹികളും* ഈ അനന്യസാധാരണമായ അംശവസ്ത്രത്തിന്റെ വികൃതമായ അനുകരണങ്ങൾ ധരിച്ച് തൃപ്തരാകുന്നുണ്ട്. ദൗർഭാഗ്യവശാൽ യാഥാർത്ഥ അവകാശികൾ ഈ അംശവസ്ത്രത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നുമില്ല.

ഈ ലേഖകന്റെ അഭിപ്രായത്തിൽ, കാതോലിക്കാ സ്ഥാനാർത്ഥി, മലങ്കര മെത്രാപ്പോലീത്തായുടെ അംശവസ്ത്രം ധരിച്ചുകൊണ്ടുവേണം കാതോലിക്കാ സ്ഥാനം സ്വീകരിക്കുവാൻ. ഇന്ന് കാതോലിക്കായ്ക്കു സ്ഥാനചിഹ്നമായി മൂന്നു മാലയും, പ. വാകത്താനത്തു ബാവാ രൂപംകൊടുത്ത അംശവടിയും മാത്രമാണ് സ്ഥാനാരോഹണ സമയത്തു നൽകുന്നത്. വേണമെങ്കിൽ അവ നൽകുന്ന സമയത്തു മാത്രം ഈ അംശവസ്ത്രത്തിനു പകരം കാപ്പ നൽകാം.

കാതോലിക്കാമാർ നടത്തുന്ന വൈദിക ചടങ്ങുകളിൽ ഭാഗികമായെങ്കിലും ഈ അംശവസ്ത്രം ഉപയോഗിക്കുന്ന കാര്യവും പരിഗണിക്കണം. ഉദാഹരണത്തിന് രണ്ടു ദിവസം കൊണ്ടു നടത്തുന്ന പള്ളികൂദാശയുടെ ആദ്യദിനം ഈ അംശവസ്ത്രം ഉപയോഗിക്കാം. മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ അദ്ധ്യക്ഷത വഹിക്കുന്ന അസോസിയേഷൻ യോഗത്തിന് കുറഞ്ഞത് ആദ്യത്തെ പ്രദക്ഷിണത്തിനെങ്കിലും നിർബന്ധമായും മലങ്കര മെത്രാപ്പോലീത്തായുടെ അംശവസ്ത്രം ധരിച്ചിരിക്കണം.

മലങ്കര സഭയിൽ കാതോലിക്കായ്ക്ക് അംശവസ്ത്രങ്ങളുടെ കാര്യത്തിൽ മൂന്നു മാലകളൊഴികെ മറ്റൊരു വ്യത്യാസവും ഇതര മെത്രാപ്പോലീത്താമാരുമായില്ല. ഓർത്തഡോക്സ് സഭകളിൽ പലതിനും സഭാദ്ധ്യക്ഷൻമാർക്ക് നിറത്തിലെങ്കിലും വ്യത്യസ്തമായ അംശവസ്ത്രങ്ങളുണ്ട്. മലങ്കര സഭയിലും ഒരു വ്യത്യസ്തമായ അംശവസ്ത്രം കാതോലിക്കായ്ക്ക് നൽകുന്ന കാര്യം പരിഗണിക്കണം. കുറഞ്ഞ പക്ഷം അന്തോഖ്യൻ രീതിയിലുള്ള *മത്തങ്ങാമുടിക്കു* പകരം ബൈസന്റൈൻ രീതിയിലുള്ള കിരീടം ശാശ്വതമായി നൽകുകയെങ്കിലും വേണം. മലങ്കര മെത്രാപ്പോലീത്തായുടെ മുടിയും പരിഗണിക്കാം.

കാതോലിക്കാ വാഴ്ചദിനത്തിൽ നിർബന്ധമായും ഒഴിവാക്കേണ്ട ഒന്നുണ്ട്. അന്നു നടക്കുന്ന അനുമോദന സമ്മേളനം. ദീർഘമായ ശുശ്രൂഷകൾക്കു ശേഷം കാർമികരേയും ഭക്തജനങ്ങളെയും ഒരുപോലെ മുഷിപ്പിക്കുന്ന ഒരേർപ്പാടാണിത്. നവാഭിഷിക്തന് തന്റെ ആടുകളുമായി സംവാദിക്കാനുള്ള അവസരവും, ജനത്തിന് വലിയ ഇടയന്റെ അനുഗ്രഹം വാങ്ങാനുള്ള സാഹചര്യവുമാണ് നിഷേധിക്കപ്പെടുന്നത്. അനുമോദനവും സ്വീകരണവും നൽകണമെങ്കിൽ അതു പിന്നീട് ഒരു ദിവസമാക്കുകയാകും ഉത്തമം. വേണമെങ്കിൽ അടുത്ത ഒരു ദിവസം കാതോലിക്കാ തന്റെ ഔദ്യോഗിക ദേവാലയമായ കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ പ്രവേശിക്കുന്ന ഒരു ചടങ്ങിന് രൂപം നൽകുകയും അവിടെ ആചാരപ

ശേഷം 49-ാം പേജിൽ

Article

The GOD Factor in

Tsunami, Katrina, Rita, Floods, Typhoons Earthquakes...

Prof. John Mathew Koodarathil

Does the 16 century concept of 'God-Man' relationship that 'as flies to wanton boys are we to gods' come alive today?

Is there a God? If so, why did not God interference to stop the calamities of such magnitude. Are prayers then, a waste of time and Faith an illusion?



Humanity at large have been exposed to the worst suffering during the last 9 months with a freshly green recapitulation from the 2004 December 26 Tsunami tidal waves on the Asian coasts to the present. From then on most horrowing and nerve racking fury have been unleashed leaving everyone on the tenterhooks wondering as to how many new editions of catastrophe are in the pipe line. The Tsunami claimed the precious lives of innocent people and their earnings. The rehabilitation work is still going on and it will take many more months. The hurricane Katrina drowned much of New Orleans just three weeks ago. Without offering even a breathings space, the hurricane Rita poundered Texas, Lousiana and other states like Houston and Galveston. Hurricane Rita came with a vengeance, causing heavey floods, smashing windows, spewing fire and knocking power out to millions of people. The storm churned out tornadoes causing transformers to explode. In the Jasper country, going by the paper report, a house with seven persons inside floated in flood waters after it came off its foundation. Finally the evacuation of thousands of people for safer destination became difficult with chaotic highways, dipping gas guage and no food and water even as a bus carrying elderly persons caught fire on a highway killing around 24 along a major escape rote.

Does the 16 century concept of 'God-Man' relationship that 'as flies to wanton boys are we to gods' come alive today?

Is there a God? If so, why did not God interference to stop the calamities of such magnitude. Are prayers then, a waste of time and Faith an illusion?

Indeed these are uncomfortable questions. When the same questions were asked during the Tsunami disaster, Rowan Williams, the Archbishop of Canterbury and Head of the Church of England wrote that there is reason for people to be "deeply outrages" in the face of such disasters. Similarly Jonathan Sacks, head of Britian's Jewish community, admitted that it was a 'question of questions' for the believers to answer.

Though the proponents of the 'blame culture' may blame God to escape personal responsibility for their actions, we believe that real Faith in God is "INSPITE OF" the agonies in life and the encircling darkness.

It is the "God factor" together with the" Inspite of

factor" that makes the Faith in the Divine, sustainable and cherishable.

Jonathan Sacks in one of his expositions said that by placing man in a "physical world" God set the human life "within the parameters of the physical-subjecting him to both physical pain and pleasures."I am physical world, "planets are formed, earthquakes occur, and sometimes innocent people die." "To wish it otherwise is in essence to wish that we were not physical beings at all. Then we would not know pleasure, desire, achievement, freedom, virtue, creativity, vulnerability and love."

"To blame God is infantile... We have chosen to enter a realm in which suffering exists. We are dommed to suffering and death," so said Shaunaka Rishi Das of the Oxford Centre for Hindu Studies echoing a Muslim Scholar, who said, "None of us is going to live for and indefinite period... what form death takes is always beyond us."

We are to believe that there is an invisible God factor, which neither Science nor rational Philosophy can decode. We have a God who acts in the mist of disasters. It is the duty of the Church and the Church fathers to take to the people the God's ways and the holistic message behind every occurrence, dark and pale it may be. Sweet shall be the uses of Adversity. Because we read in the book of Isaiah, " ... and I am coming to gather all nations and tongues: and they shall come and shall see my glory." (Chpt. 66:18) Evenin the midst of the adversities, tragedics, and agonies let us find out the God factor to continue withour life in this world confidently and optimistically. But who can unravel the God factor. Yes, Church and Church fathers and in the humble way at least - YOU and I can do it.

❖

മലങ്കര സഭാ മാസിക
ചരിത്ര ലേഖനങ്ങൾ.....
പുസ്തകം 2, 1123 തുലാം, 1947, ലക്കം 1

കൂദോശ് ഈത്തോ

- പ. വട്ടശ്ശേരിൽ തിരുമേനി

കർത്താവിൽ പ്രിയരേ, സഭാ സംബന്ധമായ പെരുന്നാളുകളുടെ കണക്കനുസരിച്ച് വൃശ്ചിക മാസം സഭാസംവത്സരത്തിന്റെ പ്രാരംഭമായിട്ട് പിതാക്കന്മാർ ഏർപ്പെടുത്തിയിരിക്കുന്ന ഒന്നാമത്തെ പെരുന്നാളാണ് കൂദോശ് ഈത്തോ. ഇത് സകല പെരുന്നാളുകളിലും ഒന്നാമത്തേതാണ്.

നമ്മുടെ കർത്താവ് മനുഷ്യനായി അവതരിച്ചു തന്റെ ദിവ്യവ്യാപാരങ്ങളാൽ 33 സംവത്സരം ഈ ലോകത്തിൽ സഞ്ചരിച്ചതും, പീഡകൾ സഹിച്ചതും, കുരിശിന്മേൽ മരിച്ചതും ഉയർത്തെഴുന്നേറ്റതുമെല്ലാം തന്റെ തിരുസഭയെ സ്ഥാപിക്കുന്നതിനും അതുമൂലം നമ്മെ രക്ഷിക്കുന്നതിനുമായിരുന്നു. ഈ സഭയെ താൻ സ്ഥാപിച്ചില്ലായിരുന്നുവെങ്കിൽ നമുക്ക് രക്ഷയ്ക്കുള്ള മാർഗ്ഗം അടഞ്ഞുപോകുമായിരുന്നു. തന്റെ വ്യാപാരങ്ങൾ നാം ഓർത്ത് അതുമൂലം രക്ഷയെ കൈക്കൊള്ളുന്നത് വി. സഭവഴിയായിട്ടും സഭയിൽകൂടിയുമാണ്.

"പത്രോസേ നീ പാറയാകുന്നു. ഈ പാറമേൽ ഞാൻ എന്റെ പള്ളിയെ - സഭയെ പണിയും" ഇതു വളരെ രഹസ്യവും ശക്തിയേറിയതുമായ ഒന്നത്രെ. പത്രോസിനോട് പറഞ്ഞ പാറയേത്? പത്രോസ് ഏറ്റ് പറഞ്ഞ വിശ്വാസമാകുന്ന ആ പാറ. അല്ലാതെ പത്രോസിന്റെ ആളത്വമല്ല. സഭയുടെയും വിശ്വാസത്തിന്റെയും കാതൽ - കഴമ്പ്-അറിയാതെ പറയുന്നത് നന്നല്ല. കർത്താവ് തന്റെ സഭയെ സ്ഥാപിച്ചത് തന്നെ ഉപേക്ഷിച്ചവനോ പാപമുള്ളവനോ ആയ ഒരു മനുഷ്യനിലല്ല. അതിനല്ല താൻ വന്നത്. നമ്മുടെ വിശ്വാസം റോമാക്കാരുടേതുപോലെയല്ല. അങ്ങനെയാണെന്ന് വ്യാഖ്യാനിക്കുന്നവർക്കുവേണ്ടി സാധാരണ നമ്മുടെ സഭയിൽ ഉപയോഗിക്കുന്നതും, പ്രധാനമായി മേൽപ്പട്ടക്കാരുടെ എഴുന്നള്ളത്ത് സമയത്ത് പാടുന്നതുമായ ഒരു ഗാനമുണ്ട്. "തോബശ്ലോം റോയോ ശാറീറോ" ഇത് ഏത് മേൽപ്പട്ടക്കാരനും ഉപയോഗിക്കുന്നു. പാത്രിയർക്കീസ്, കാതോലിക്കാ (മപ്രിയാനാ) മെത്രാപ്പോലീത്താ, എപ്പിസ്ക്കോപ്പാ ഇവർക്കെല്ലാം വ്യത്യാസം കൂടാതെ ഉപയോഗിക്കുന്നു. "സത്യമുള്ള നല്ല ഇടയനും ജ്ഞാനമുള്ള നല്ല ഭരണക്കാരനുമായുള്ളോവേ! സമാധാനത്തോടെ വരിക. പത്രോസിനെപ്പോലെ തന്നെ താങ്കളും വി. സഭയുടെ അടിസ്ഥാനമാകുന്നു." പത്രോസിനെപ്പോലെ തന്നെയാണ് എല്ലാ മേല്പട്ടക്കാരും സഭക്ക് അടിസ്ഥാനമായിരിക്കുന്നത്.

ഇങ്ങനെയുള്ള മേൽപ്പട്ടക്കാരും പുരോഹിതവർഗ്ഗം മുഴുവനുമാണ് സഭയുടെ കെട്ടുപണിക്കാർ, അവർ അതിനെ നടത്തുന്നു. അവരെ നാം ബഹുമാനിക്കുന്നു, അവരിൽ കർത്താവിന്റെ പരിശുദ്ധാത്മാവ് ഉണ്ട്.

പ്രിയരേ വിശുദ്ധ സഭയിൽ നാം വിശ്വസിച്ച് അതിന്റെ എല്ലാ പെരുന്നാളുകളെയും ആദരിച്ച് നമ്മുടെ സഭാ മാതാവിനെ ബഹുമാനിക്കണം. വിശുദ്ധ സഭയെ താൻ ശുദ്ധീകരിച്ച് വെടിപ്പാക്കിയത് തന്റെ സ്വന്ത രക്തച്ചിന്തലാലാണ് നമ്മേയും കൂദാശകൾ വഴിയായി ശുദ്ധീകരിച്ച് അതിന്റെ മക്കളാക്കിയിരിക്കുന്നു. എന്നാൽ നാം ഓരോരുത്തരും നമ്മുടെ ഹൃദയങ്ങളെയും ശുദ്ധീകരിക്കണം. ഇന്നു നമ്മുടെ സഭാ മാതാവിന്റെ ശുദ്ധീകരണ പെരുന്നാൾ ആണ്. മാതാവ് ശുദ്ധീകരിക്കപ്പെടുന്നത് മക്കൾ ശുദ്ധീകരിക്കപ്പെടുന്നതുമൂലമാണ്. പ്രിയരേ ഇന്നുമുതൽ നമുക്കും നമ്മുടെ സഭക്കും ഒരു പുതിയ ജീവിതം ഉണ്ടായി, വെടിപ്പായും നിർമ്മലമായും ജീവിക്കണം, കർത്താവ് നമുക്കോരോരുത്തർക്കും കൃപ ചെയ്യുമാറാകട്ടെ.

ലേഖനം

അമേരിക്കയിലെ ഓർത്തഡോക്സ് ഭദ്രാസനം

ഫാ. റ്റി. ജെ. ജോഷ്വ

അമേരിക്കയിൽ വച്ച് ഒരു സ്നേഹിതൻ എന്നോടു ചോദിച്ചു. "ഈ ഭദ്രാസനത്തെക്കുറിച്ചും അതിന്റെ ഭാവിയെക്കുറിച്ചുമുള്ള അച്ചന്റെ അഭിപ്രായമെന്താണ്?" വളരെ പ്രസക്തമായ ഒരു ചോദ്യം, വളരെ ഹ്രസ്വമായ ഒരു സന്ദർശനത്തിനും ചില ആത്മീയ പരിപാടികൾക്കുമായി എത്തിയ ഒരാൾക്ക് ആധികാരികവും വസ്തുനിഷ്ഠവുമായ ഒരു ഉത്തരം നൽകാൻ എളുപ്പമല്ല. എങ്കിലും അതിനുള്ള ഒരു ശ്രമമാണ് ഈ വരികൾ.

മയിൽപ്പീലി പ്രസവിക്കും എന്നു പറഞ്ഞ് കുട്ടികൾ പുസ്തകത്താളുകൾക്കിടയിൽ മയിൽപ്പീലിയും തെങ്ങോലപ്പൊടിയും നിക്ഷേപിച്ച് കാത്തിരിക്കുന്നു. കുറെക്കഴിയുമ്പോൾ ആ പീലി ഒടിഞ്ഞ് കഷണങ്ങളായി കാണപ്പെടുമ്പോൾ മയിൽപ്പീലി പ്രസവിച്ചു എന്ന് ബാലലോകത്തിന്റെ കൗതുകത്തോടെ പറയുന്നു. ഏതാണ്ട് അതുപോലെ ഇവിടുത്തെ ഇടവകകളിലും സംഭവിച്ചു. ഓരോ സ്ഥലത്തെയും ഇടവകകൾ ഭിന്നിച്ചു പിണങ്ങി ശകലങ്ങളായി മാറുന്ന പ്രവണത അരങ്ങേറി. അതിനെ നിരോധിക്കുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്യുന്നതിനു പകരം മൗനമായും പരോക്ഷമായും പ്രോത്സാഹിപ്പിക്കുന്നു എന്നൊരു ധാരണയും പരന്നു. അങ്ങനെ ഓരോ നഗരത്തിലും നാലും അഞ്ചും ഇടവകകൾ രൂപം കൊണ്ടു. തദ്ദേശീയരായ അമേരിക്കക്കാരുടെ ഒരു പ്രവണത, ഭവനങ്ങൾ വിറ്റ് പുതിയ താവളങ്ങൾ ഉണ്ടാക്കുകയാണ്. അതുപോലെ അവർ പള്ളികളും വിൽക്കുന്ന അവസ്ഥ നിലവിലുണ്ട്. മാത്രമല്ല അവരുടെ മിക്ക പള്ളികളിലും ആരാധകരുടെ സംഖ്യ അംഗുലീപരിമിതമായി കുറഞ്ഞു. ഇക്കാരണങ്ങളാൽ പള്ളികൾ വിലയ്ക്കു വാങ്ങാൻ ഇവിടെ പ്രയാസമില്ല. അങ്ങനെ സൗകര്യമുള്ളിടത്തൊക്കെ പള്ളികൾ വാങ്ങി ഓർത്തഡോക്സ് ഇടവകകൾ രൂപീകരിക്കാൻ കഴിഞ്ഞു. എന്നാൽ അവയുടെ ഉടമസ്ഥാവകാശത്തിന് ഒരു ഏകീകരിക്കപ്പെട്ട പൊതുസ്വഭാവം ഇല്ല എന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. അമേരിക്കൻ ഭദ്രാസനത്തിൽ, അവിടുത്തെ മെത്രാപ്പോലീത്തായുടെ കീഴിൽ അല്ലാതെ മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിൽ ചില പള്ളി ഉണ്ടെന്നുള്ളത് നമ്മുടെ ഭരണക്രമത്തിന്റെ വൈകല്യം വിളിച്ചോതുന്നു.

അമേരിക്കയിലെ മാർത്തോമ്മാക്കാർക്ക് ഒരു ഏകീകൃത നിയമമുണ്ട്. പള്ളികൾ രൂപം കൊണ്ട് അംഗീകരണം നേടണമെങ്കിൽ ഒരു നിശ്ചിത ഭവനങ്ങൾ വേണമെന്നുണ്ട്. പള്ളികൾ സ്വതന്ത്ര ട്രസ്റ്റുകളാക്കാൻ സാധ്യമല്ലതാനും. നമ്മെക്കാൾ വളരെക്കാലം കഴിഞ്ഞാണ് അവർ ഭദ്രാസനം രൂപീകരിച്ചത്. പക്ഷേ ഇന്ന് നമ്മെക്കാൾ അധികം പള്ളികൾ അവർക്കു സ്വന്തമായിട്ടുണ്ടാവുകയും, കോൺഗ്രിഗേഷനുകൾ രൂപം കൊള്ളുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല ബൃഹത്തായ ഒരു ഭദ്രാസനാസ്ഥാന സമുച്ചയം തന്നെ ഉണ്ട്.

❖

അനന്തസാദ്ധ്യതയുള്ള ഒരു ഭദ്രാസനമാണ് അമേരിക്കയിലുള്ളത്. അതിന്റെ വികസനവും, പുരോഗതിയും മുന്നിൽ കണ്ടുകൊണ്ട് അതിനാവശ്യമായ എല്ലാ പദ്ധതികളും ആവിഷ്കരിച്ച് സമയ ബന്ധിതമായി പ്രവർത്തനങ്ങൾ കൈവരുത്തുകയാണാവശ്യം.

❖

കൂടാതെ മെക്സിക്കോയിലും അമേരിക്കൻ ആദിവാസികളുടെ ഇടയിലും ചില മിഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിരിക്കുന്നു.

നമ്മുടെ ഭദ്രാസനത്തിന് നാല്പതിൽ അധികം പള്ളികൾ ഇന്നു സ്വന്തമായുണ്ട്. കൂടാതെ മറ്റുള്ളവരുടെ പള്ളികളിൽ ആരാധന നടത്തുന്ന കോൺഗ്രിഗേഷനുകൾ പതിനഞ്ചിൽ അധികമുണ്ടെന്നറിയുന്നു. ഇക്കഴിഞ്ഞ നാലു മാസങ്ങൾക്കുള്ളിൽ മൂന്നു ബൃഹത്തായ പള്ളികൾ ലക്ഷക്കണക്കിനു ഡോളർ വില കൊടുത്തു നാം സ്വന്തമാക്കി. ഈ മൂന്നു സ്ഥലങ്ങളും സന്ദർശിക്കുന്നതിന് എനിക്കവസരമുണ്ടായി. മറ്റു പല സ്ഥലങ്ങളിലും പള്ളികൾ സ്വന്തമാക്കുവാൻ തക്ക വണ്ണമുള്ള പരിശ്രമത്തിലാണ്.

ഭദ്രാസനം ഇപ്പോൾ ജൂബിലി ആഘോഷത്തിനു തയ്യാറെടുപ്പിലാണ്. ആദ്യം പള്ളികൾ വിഭജിക്കപ്പെട്ട് വേർപെട്ടപ്പോൾ അനുഭവപ്പെട്ട

ശേഷം 14-ാം പേജിൽ

ബാലസഭ

നടവഴികൾ...

സമീപനം

സ്റ്റേഷനറിക്കടയുടെ മുന്നിൽ തൂങ്ങുന്ന പലതരം കളിപ്പാട്ടങ്ങൾ, പന്തുകൾ, തോക്കുകൾ.... ഇതാരാണ് ഇത്രയധികം കളിസാമാനങ്ങൾ കണ്ടുപിടിക്കുന്നത്. കൊച്ചു തുണ്ട് പൊട്ടാസ് തിരുകി മുകളിലേക്കെറിഞ്ഞാൽ താഴെ കുത്തി വീണ് പൊട്ടുന്ന 'സ്കൈലാബ്'. ഹൊ ബുദ്ധിമാന്മാർ....

കപ്പലണ്ടിക്കടയുടെ മുന്നിൽ കവറിൽ തൂക്കിയിട്ടിരിക്കുന്ന പലഹാരങ്ങൾ, മുറുക്കുകൾ, പച്ചയും, മഞ്ഞയും, ചുവപ്പും, നിറത്തിലുള്ള റെഡിമെയ്ഡ് ഭക്ഷണ സാധനങ്ങൾ പാവം. ഈച്ചകൾ പ്ലാസ്റ്റിക് കവറിനു പുറത്തിരുന്ന് നിരീക്ഷണവും നിശ്വാസവും നടത്തി പറന്നു നടക്കുന്നു.

തുണിക്കടയുടെ മുന്നിൽ തൂങ്ങിക്കിടക്കുന്ന സുന്ദരിമാർ ഫ്രോക്കും നൈറ്റിയുമൊക്കെയിട്ട് വിലസുന്നു. പാവം അവരുടെ തലയിൽ കുഴിയുണ്ടാക്കി കൊളുത്തു പിടിപ്പിച്ചാണ് തൂക്കിയിരിക്കുന്നത്. അവരുടെയൊരു ഭാഗ്യമേ! ഓരോ ദിവസവും ഓരോ വസ്ത്രങ്ങൾ.

ആഭരണക്കച്ചവടക്കാരനെ കാണാൻ പോലും വയ്യാത്തത്ര തിരക്ക്. കണ്ണാടിച്ചില്ലിലിരുന്ന് തിളങ്ങുന്ന മാലകളും, വളകളും. സെക്യൂരിറ്റിയുടെ നോട്ടം കണ്ടാൽ ഞാനെന്തോ മോഷ്ടിച്ചു കൊണ്ടു പോകുന്ന മട്ടാണ്. ആർക്കു വേണം മഞ്ഞ ലോഹം. ഇച്ചിരി നേരം നോക്കി നിന്നതല്ലേ ഉള്ളൂ.

പച്ചക്കറിക്കാരനും, പലചരക്കു കാരനും നടപ്പാതയിലേക്ക് ഇറക്കി വച്ചിരിക്കയാണ് സാധനങ്ങൾ. കൊട്ട, വട്ടി, മുറം, തവി, അല്ലറ ചില്ലറക്കച്ചവടക്കാർ വേറെയും തിരക്കു പിടിച്ചോടുന്ന പുരുഷാരം... കൈയ്യിലിരിക്കുന്ന കാശ് തീർക്കുവാൻ ഇത്ര വെപ്രാളമോ?

ഇവനാരെടാ ഉത്രാടപ്പാച്ചിലിൽ വായി നോക്കി നടക്കുന്നവർ. എന്ന മട്ടിൽ കൂളിംഗ് ഗ്ലാസ് കച്ചവടക്കാരൻ കണ്ണടവച്ച് ഗമയിൽ എന്നെ നോക്കുന്നു.

ഞാനെന്തിനാ വെയില് വെറുതേ കൊള്ളുന്നത്. ഇത്തിരി നേരം കാഴ്ച കാണാമെന്ന് വിചാരിച്ചപ്പം. പിന്നെ എനിക്കെന്താ ജോലി?

ഈ കാണുന്ന മനുഷ്യർക്കു മാത്രമേയുള്ളോ ഓണം? ഞാനെന്താ മാവേലിയുടെ പ്രജയല്ലേ? ഈ ജാതി മനുഷ്യരുടെ 'സമീപനം' കണ്ടാൽ ദേഷ്യം തോന്നും. സമീപനം ശരിയല്ല. ആദ്യം മനസ്സു നന്നാവട്ടെ പിന്നാട്ട് ഓണോം ചംക്രാന്തീം.

എന്നും ചോറ് തരാറുള്ള ഹോട്ടലിനു പിറകിൽ ഒരുത്തനേം കാണുന്നില്ലല്ലോ... ങ്ഹാ! എനിക്ക് ചോറു തരുന്ന പയ്യൻ അതാ അകത്ത് നില്ക്കുന്നു.

"ടാ നിന്റെ ചാവാലിപ്പട്ടി നില്ക്കുന്നു" മറ്റൊരു സപ്ലയർ വിളിച്ചു കൂവുന്നു.

"ങ്ഹും ചാവാലിപ്പട്ടി പോലും ഇതാ ഞാൻ പറഞ്ഞത് സമീപനം ശരിയല്ലെന്ന് എനിക്കെന്താ എച്ചിലിനാണോ പഞ്ഞം. ഒരു കൂട്ടു കൂടാമെന്ന് വച്ചപ്പം...."

അഗതി മന്ദിരത്തിനു പിറകിൽ പോകാം അവിടാകുമ്പം ഞാനും അവരും ഒരേ നിലയിലാ ജീവിക്കുന്നേ. മാന്യമായ സമീപനം.

ഈ ദുഷിച്ച സമൂഹത്തോട് ഒരു വാക്ക്

ഭൗ.... അല്ല പിന്നെ

ഫാ. തോമസ് പി. മുകളിൽ

വചനപാത...

"എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു."

കൊലോ. 2:10

പ്രിയപ്പെട്ട കൂട്ടുകാരെ

എല്ലാവരും ഓണം ഭംഗിയായി ആഘോഷിച്ചുവെന്ന് വിശ്വസിക്കുന്നു. ഓണപരീക്ഷയുടെ ഫലം പ്രതീക്ഷിക്കുന്ന നാളുകളാണല്ലോ. ഓരോ വിഷയത്തിനും ലഭിക്കുന്ന മാർക്ക് നോക്കി കുറവുകൾ പരിഹരിക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കണം. നവംബർ ഒന്നും രണ്ടും തീയതികൾ പരുമലതിരുമേനിയുടെ ഓർമ്മപ്പെരുന്നാളായി സഭ ആചരിക്കുകയാണല്ലോ. അതുകൊണ്ട് എല്ലാക്കൂട്ടുകാരും പ. പരുമലതിരുമേനിയുടെ ജീവചരിത്രം വായിക്കുവാൻ ഒക്ടോബർ മാസം വിനിയോഗിക്കണം. നേരത്തെ വായിച്ചിട്ടുള്ള കൂട്ടുകാർ ഒരിയ്ക്കൽകൂടി വായിക്കണം. വളരുന്ന കുട്ടികൾക്ക് ധാരാളം ഉൾക്കാഴ്ചകൾ നൽകുന്നതാണ് പരിശുദ്ധ തിരുമേനിയുടെ ജീവചരിത്രം. ഒക്ടോബർ രണ്ടാം തീയതി ഗാന്ധിജിയുടെ ജൻമദിനമാണല്ലോ. ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ മഹാത്മാവാണദ്ദേഹം. അദ്ദേഹത്തിന്റെ പ്രഖ്യാപിതലക്ഷ്യം ഭാരതത്തിന്റെ സ്വാതന്ത്ര്യമായിരുന്നു. ആ ലക്ഷ്യത്തിലെത്തുന്നതുവരെ അദ്ദേഹം യത്നിച്ചു. അതുപോലെ കൂട്ടുകാർക്കും ഓരോ നല്ല നല്ല ലക്ഷ്യങ്ങളുണ്ടാകണം. ലക്ഷ്യങ്ങൾ ഉണ്ടായാൽ പോരാ അതിനുവേണ്ടി യത്നിക്കണം. അതുകൊണ്ട് ഈ വർഷത്തെ ഗാന്ധിജയന്തി ദിനം ലക്ഷ്യത്തിലെത്തുവാനുള്ള നിശ്ചയദാർഢ്യ ദിനമായി കൊണ്ടാടാം.

വേദപുസ്തക കഥാപാത്രങ്ങൾ

ശൂനേംകാരത്തി സ്ത്രീ

ഏലിശാ പ്രവാചകന്റെ കാലത്ത് ശൂനേം ദേശത്ത് ജീവിച്ചിരുന്ന ധനികയായ സ്ത്രീയായിരുന്നു ശൂനേംകാരത്തി. അവളുടെ ദേശത്തുകൂടി യാത്ര ചെയ്യുന്ന ദൈവപുരുഷനായ ഏലിശാ പ്രവാചകനെ അവൾ ആദരപൂർവ്വം സ്വീകരിക്കുന്നു. പ്രവാചകന് പാർക്കുവാൻ വേണ്ടി അവൾ ഒരു മാളികമുറി പണിതു (2 രാജാക്കൻമാർ 4:10) ആ മാളികയിൽ പാർക്കുവാനെത്തിയ പ്രവാചകൻ അവളുടെ ജീവിതത്തിലെ ഏറ്റവും ദുഃഖകരമായ സത്യം കണ്ടെത്തി. അവൾക്ക് മക്കളില്ലായിരുന്നു. എന്നാൽ പ്രവാചകൻ അവളെ അനുഗ്രഹിച്ചിട്ട് ഇപ്രകാരം പറഞ്ഞു "വരുന്ന ആണ്ടിൽ ഈ സമയം ആകുമ്പോഴേക്കും നീ ഒരു മകനെ അണച്ചുകൊള്ളും (2 രാജാ. 4:16) യഹോവ അനുഗ്രഹിച്ച് അവൾക്ക് ഒരു മകനെ ലഭിച്ചു. അവൾ അവനെ സ്നേഹപൂർവ്വം വളർത്തി. പെട്ടെന്നൊരുനാൾ ബാലൻ മരിച്ചു. അവൾ ആ ബാലനെ പ്രവാചകന്റെ കിടക്കയിൽ കിടത്തി. ആ പ്രതിസന്ധിക്കു നടുവിൽ പോലും അവൾ പ്രവാചകനെ പഴിച്ചില്ല. ശൂനേംകാരത്തി പ്രവാചകന്റെ അടുക്കലേക്ക് യാത്രയായി. പ്രവാചകൻ തന്റെ ഭവനത്തിലേക്കെഴുന്നള്ളണമെന്ന് താഴ്മയായി അപേക്ഷിച്ചു. അവളുടെ ക്ഷണം സ്വീകരിച്ചെത്തിയ പ്രവാചകൻ മരിച്ചുപോയ ബാലനെ ഉയർപ്പിച്ചു.

ഗുണപാഠം

ദൈവത്തിൽ അചഞ്ചലമായി വിശ്വസിക്കുകയും ദൈവപുരുഷനെ ബഹുമാനിക്കുകയും ചെയ്തവളാണ് ശൂനേംകാരത്തി. അവളുടെ ദുഃഖത്തെ ദൈവം തിരിച്ചറിഞ്ഞ് പ്രവാചകന്റെ അനുഗ്രഹത്തിലൂടെ സന്താനത്തെ നൽകി. ദൈവം കൊടുത്ത ആ മകൻ മരിച്ചിട്ടും അവൾ ദൈവത്തെ പഴിക്കാതെ പ്രശ്ന പരിഹാരത്തിനായി പ്രവാചകനെ സമീപിച്ചു. ഇതുപോലെ കൂട്ടുകാരും അചഞ്ചലമായി ദൈവവിശ്വാസം പുലർത്തിയാൽ ദൈവം നമ്മെ കരുതും.

സ്നേഹപൂർവ്വം നിങ്ങളുടെ **തരകനച്ചൻ, തേവലക്കര**

ബുദ്ധിമാൻ



പൊട്ടലും ചീറ്റലും, ഈർഷ്യയും വൈരാഗ്യവുമെല്ലാം അസ്തമിച്ച അവസ്ഥ ഇന്നു കൈവന്നിരിക്കുന്നു. പരസ്പര സഹകരണത്തിന്റെയും കൂട്ടായ്മയുടെയും മനോഭാവം എല്ലായിടത്തും പ്രകടമാണ്. അതിനൊരു ഉദാഹരണമാണ് വിവിധ സ്ഥലങ്ങളിൽ നടത്തിയ കൺവൻഷൻ പരിപാടി. ഫിലാഡൽഫിയ, ഷിക്കാഗോ, ന്യൂയോർക്ക് എന്നീ സ്ഥലങ്ങളിൽ നടന്ന കൺവൻഷൻ അതതു സ്ഥലത്തെ ഇടവകകൾ ചേർന്നു നടത്തിയ കൺവൻഷൻ ചരിത്രം കുറിക്കുന്ന സംഭവമാണ്.

അമേരിക്കൻ ഭദ്രാസനത്തിന്റെ ചരിത്രത്തിൽ മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത ഐക്യമനോഭാവം ഇന്ന് പ്രകടമാണ്. അതിന്റെ പ്രതീകമായി കരുതാം മെത്രാപ്പോലീത്തായും സഹായ മെത്രാപ്പോലീത്തായും തമ്മിലുള്ള പൊരുത്തവും ഐക്യവും. ശരിയായ ആസൂത്രണത്തിനും, ക്രിയാത്മകമായ പരിപാടികൾക്കും അനുയോജ്യമായ ഒരു നല്ല അന്തരീക്ഷം ഇന്നുണ്ട്. ജൂബിലി ആഘോഷങ്ങൾ അതിനു പരമാവധി പ്രയോജനപ്പെടുത്താൻ കഴിയും.

പക്വമതികളും ഉന്നത ബിരുദദാരികളും പരിചയ സമ്പന്നരുമായ അനവധി വൈദികർ ഈ ഭദ്രാസനത്തിലുണ്ട്. അവർ ഒറ്റയാൻമാരായി ഓരോ മേഖലയിലും പ്രവർത്തിച്ചു പോന്ന പ്രവണതയ്ക്കു വിരാമമിട്ട് കൂട്ടായി ചിന്തിക്കാനും സഹകരിച്ചു പ്രവർത്തിക്കാനും സന്നദ്ധരായിട്ടുള്ള സാഹചര്യമാണ്. എങ്കിലും ഒറ്റയാൻ മനോഭാവം കൈവെടിയാത്തവരില്ലാതില്ല. പരസ്പര സമ്പർക്കത്തിനും ആശയ വിനിമയത്തിനും ദൂരം ഇന്നൊരു പ്രശ്നമല്ല, പ്രത്യേകിച്ചും അമേരിക്കയിൽ കമ്പ്യൂട്ടറും, ഇന്റർനെറ്റും, ടെലഫോണും എല്ലാം വിരൽത്തുമ്പിലാണ്. (ചിലപ്പോൾ ഈ സൗകര്യങ്ങൾ പ്രശ്നങ്ങൾ സൃഷ്ടിച്ചെന്നും വരാം!)

ഇവിടെ കൈ വരുത്തേണ്ട ചില കാര്യങ്ങൾ, എന്റെ മനസ്സിൽ പൊന്തി വന്നവ മുൻഗണനാ ക്രമത്തിൽ കുറിക്കുന്നു. ഒന്നാമത് ലക്ഷ്യമാക്കേണ്ടത് സൗകര്യപ്രദമായ ഒരു സ്ഥലത്ത് അനുയോജ്യമായ ഒരു ഭദ്രാസനാസ്ഥാനമാണ്. ഇതെത്രയോ നേരത്തെ സാധ്യമാക്കേണ്ടതായിരുന്നു. ആഭ്യന്തര കലഹവും, അധികാര വടം വലിയും അസ്തമിച്ച ഇന്നത്തെ അന്തരീക്ഷത്തിൽ സമയ ബന്ധിതമായി ആസ്ഥാന നിർമ്മിതി പൂർത്തിയാക്കണം. ആവശ്യമായ ആജ്ഞാ ശക്തിയും, ആസൂത്രണ മികവും വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. ജനങ്ങളുടെ സഹകരണവും സംഭാവനകളും ഒഴുകിയെത്തുമെന്നുള്ളതിനു സംശയമില്ല. അതോടൊപ്പം ഭരണസംവിധാനം കൂടുതൽ കാര്യക്ഷമവും സുശക്തവുമാക്കണം. വസ്തുതകൾ സൂക്ഷ്മമായി മനസ്സിലാക്കാൻ കഴിയാതെയുള്ള റിമോട്ട് കൺട്രോൾ പലപ്പോഴും ഗുണത്തെക്കാൾ അധികം ദോഷമേ ചെയ്യുകയുള്ളു. അനുഭവ പാഠം അതാണ് തെളിയിക്കുന്നത്.

ആദ്ധ്യാത്മിക സംഘടനാ പ്രവർത്തനങ്ങൾ കൂടുതൽ സംഘടിതവും ആസൂത്രിതവുമാക്കണം. മിക്ക ഇടവകകളിലും എം.ജി.ഒ.സി.എസ്സ്.എം. യൂണിറ്റുകൾ സുശക്തമാണ്. യുവജന–വിദ്യാർത്ഥികളെ അതിൽ പങ്കെടുപ്പിക്കാൻ സാധിക്കുന്നു. സൺഡേസ്ക്കൂളും എല്ലാ ഇടവകകളിലും ശക്തമാണ്. ഇവരെ മേഖലാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാം. ദിവ്യബോധന പഠനപദ്ധതി ഇതുവരെ ഈ ഭദ്രാസനത്തിൽ ആരംഭിച്ചിട്ടില്ലായിരുന്നു. അതിനു തുടക്കം കുറിക്കുവാൻ കഴിഞ്ഞു. ഫാ. എം.കെ. കുറിയാക്കോസ് (ഫിലാഡൽഫിയ) അതിന്റെ ചുമതല ഏറ്റിരിക്കുകയാണ്. അതുപോലെ ഷിക്കാഗോയിൽ ഫാ. ഡോ. ജോർജ്ജ് പുലിക്കോട്ടിൽ മേൽനോട്ടം വഹിക്കുന്നു. നല്ല കഴിവും നേതൃത്വ ഗുണവും, വേദശാസ്ത്രാഭ്യസനവും കഴിഞ്ഞ പല ശെമ്മാശന്മാർ ഈ ഭദ്രാസനത്തിലുണ്ട്. അവർ ഇവിടെ ജനിച്ചു വളർന്നവരായതുകൊണ്ട് യുവജനങ്ങളുടെ ഇടയിൽ ഏറെ സ്വീകാര്യത ലഭിക്കുന്നു. കൂടാതെ അർപ്പണബോധമുള്ള പല യുവാക്കളും സഭാ സേവനത്തിനു സന്നദ്ധരായി മുമ്പോട്ട് വന്നിട്ടുണ്ട്. അവരുടെ കഴിവുകളും സേവനവും എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് ഗൗരവമായി ചിന്തിച്ച് പദ്ധതി ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

വൈദിക സേവനമാണ് ശ്രദ്ധയാകർഷിക്കേണ്ട മറ്റൊരു മേഖല. ഇപ്പോൾ സേവനമനുഷ്ഠിക്കുന്നവർ ഉത്സാഹമതികളും സേവന തല്പരരുമാണ്. എന്നാൽ അവർ മറ്റു ജോലിയോടൊപ്പമാണ് ഇടവക സേവനം നടത്തുന്നത്. ഇടവകയിൽ നിന്ന് തുച്ഛമായ വേതനമേ അവർ സ്വീകരിക്കുന്നുള്ളൂ. ഇടവകാംഗങ്ങൾ മാസവരി വർദ്ധിപ്പിച്ച് വൈദികർക്ക് ശരിയായ ശമ്പളം കൊടുക്കാൻ സന്നദ്ധമാകണം. അപ്പോൾ അവർ മറ്റു ജോലികൾക്കു പോകേണ്ടി വരികയില്ല. വൈദികരുടെ ശമ്പള പദ്ധതി, സ്ഥലംമാറ്റം, റിട്ടയർമെന്റ് (മേല്പട്ടക്കാരുടെയും) എന്നിവ പരിഗണിക്കപ്പെടേണ്ടതും നടപ്പാക്കേണ്ടതുമായ കാര്യങ്ങളാണ്. മേഖലാടിസ്ഥാനത്തിൽ നാലു മാസത്തിലൊരിക്കൽ വൈദിക സമ്മേളനവും കോൺഫറൻസും സംഘടിപ്പിക്കേണ്ടതാണ്. വാർഷിക സമ്മേളനം ഇപ്പോൾ നടക്കുന്നതായിട്ടറിയാം.

ആരാധനയുടെ കാര്യമാണ് പരിഗണനയും അവധാനതയും ആവശ്യപ്പെടുന്ന മറ്റൊരു രംഗം. ഓരോ ഇടവകയിലും രണ്ടു ഗണത്തിൽപ്പെടുന്നവരുണ്ട്. ഒന്ന്, നാട്ടിൽ ജനിച്ചു വളർന്ന് അവിടുത്തെ ആരാധനാ സംവിധാനത്തിൽ പരിചയിച്ചവർ. അവരുടെ സംഖ്യ കുറയുകയില്ല; നാട്ടിൽ നിന്ന് ജോലിക്കായി വരുന്നവർ അടുത്ത കാലത്ത് കൂടിയിട്ടേയുള്ളൂ. രണ്ടാമത്തെ കൂട്ടർ അമേരിക്കയിൽ ജനിച്ചു വളർന്നവരാണ്. അവർക്ക് മലയാളം വളരെ പരിമിതമായി മാത്രമേ അറിയാവൂ. യുവതലമുറയെല്ലാം ഈ ഗണത്തിൽപ്പെടുന്നു. അവർക്കു നമ്മുടെ മലയാളത്തിലുള്ള ആരാധന കാര്യമായി ഒന്നും മനസ്സിലാവുകയില്ല. മാതാപിതാക്കളുടെ നിർബന്ധനത്തിനു വഴങ്ങി അവർ സംബന്ധിക്കുന്നു എന്നുമാത്രം. മാസത്തിൽ ഒരു ഞായറാഴ്ച ഇംഗ്ലീഷിൽ ആരാധന നടത്തുന്നു. പക്ഷേ അത് മുതിർന്നവർക്ക് പഥ്യമല്ല. എങ്കിലും മക്കളെ ഓർത്ത് അവർ സംബന്ധിക്കുന്നു.

ആരാധനയിൽ ഇന്ന് ഐകരൂപ്യം ഇല്ല. ഇംഗ്ലീഷിൽ തന്നെയുള്ള പാട്ടുകൾക്ക് ശ്രുതിയിൽ നിന്നിറക്കിയ രാഗവും, ഇവിടെ ആരോ രൂപപ്പെടുത്തിയ ഒരു രാഗവും അങ്ങനെ രണ്ടുണ്ട്. ആരാധന ക്രമത്തിന്റെ പരിഭാഷയും



വിശ്വാസപാഠം

കർത്താവിന്റെ മരണത്തോടെ യെരുശലേം ദൈവാലയത്തിലെ തിരശ്ശീല രണ്ടായി ചീന്തിപ്പോയതുകൊണ്ട് (വി. ലൂക്കോ 23:45) വി. മർക്കോ 15:38; വി. മത്താ. 27:51) ഇനി മനുഷ്യർക്ക് ദൈവിക സംസർഗ്ഗത്തിന് ദേവാലയങ്ങളുടെ ആവശ്യമില്ലെന്നും ആദ്യ നൂറ്റാണ്ടുകളിൽ അപ്പം നുറുക്കുന്നതിന് വീടുകളിൽ മാത്രം കൂടി വന്നിരുന്നത് (അപ്പോ. പ്ര. 2:46, 20:7–8) ഇതിനു നല്ലൊരു തെളിവാണെന്നും പെന്തക്കോസ്തുകാർ വാദിക്കുന്നത് ശരിയോ?

ബിജി ചെറി, തിരുവല്ല

ശരിയല്ലല്ലോ ചെറി! കാരണം, ഈ വേദവാക്യങ്ങളിലൊന്നും ദൈവാലയം ആവശ്യമില്ല എന്നു പറയുന്നതായി വായിക്കുന്നില്ല. കർത്താവിന്റെ മരണ സമയത്ത് തിരശ്ശീല രണ്ടായി ചീന്തിയത് ദേവാലയം വേണ്ട എന്നു പറയുന്നതിനല്ല. പിന്നെയോ, അവന്റെ മരണത്തിന്റെ മൂല്യവും തീവ്രതയും അത്രമാത്രം ശക്തിയുള്ളതും വിസ്മയകരവുമാണെന്നു കാണിക്കുന്നതിനാണ്. ദൈവമന്ദിരത്തിലെ തിരശ്ശീല നടുവെ ചീന്തിയ സംഭവം മാത്രമല്ല അവിടെയുള്ളത്; സൂര്യൻ ഇരുണ്ടു പോയിട്ടു ഒമ്പതാം മണിവരെ ദേശത്ത് ഒക്കെയും അന്ധകാരം ഉണ്ടായി എന്നു എഴുതിയിട്ടുണ്ട്. എല്ലാ ദിവസവും ഒമ്പതാം മണിവരെ (ഉച്ചകഴിഞ്ഞു 3 മണി) അന്ധകാരം ആണെന്നാണോ ഇതിന്റെ അർത്ഥം? വേദപുസ്തകത്തിൽ എഴുതിയിരിക്കുന്ന വചനങ്ങളുടെ അർത്ഥവും സന്ദർഭവും വികലമാക്കരുത്.

അപ്പോ. പ്രവൃ. 2:46–ൽ അപ്പം നുറുക്കുന്നതിന് വീടുകളിൽ കൂടി എന്നെഴുതിയിരിക്കുന്നത് ദേവാലയം ആവശ്യമില്ല എന്നതിന് തെളിവാകുന്നതെങ്ങനെയാണ്? ക്രൈസ്തവ സഭയുടെ തുടക്കം, പീഢയുടെ കാലഘട്ടം എന്നീ കാരണങ്ങളാൽ ഇന്നു കാണുന്ന രീതിയിലുള്ള ദേവാലയങ്ങൾ ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിൽ ഉണ്ടായി കാണില്ല. പീഢയുടെ കാലഘട്ടം അവസാനിപ്പിച്ചപ്പോൾ ധാരാളം ദേവാലയങ്ങൾ ഉണ്ടായി തുടങ്ങി. ദേവാലയം വേണ്ട എന്നു പറയുമ്പോൾ 'വിശ്വാസ മന്ദിരങ്ങൾ' എന്ന പേരിൽ കെട്ടിടങ്ങൾ ഉണ്ടാകുന്നത് എന്തിനാണ്? വീടുകളിരുന്ന് അപ്പം നുറുക്കി പ്രാർത്ഥിച്ചാൽ മതിയല്ലോ?

നാം ഇന്നു കാണുന്ന ദേവാലയങ്ങൾ ദൈവസാന്നിധ്യബോധം നമ്മിൽ ഉണ്ടാകുന്നതിനും ദൈവാരാധന അർപ്പിക്കുന്നതിനും വേണ്ടി പണിയപ്പെട്ടവയാണ്. അത് ഭംഗിയായും വിശുദ്ധമായും സൂക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വവുമാണ്. 1 കൊരി. 3:16–ൽ മനുഷ്യന്റെ ശരീരം ദൈവത്തിന്റെ ആലയമാണെന്ന് വിശേഷിപ്പിക്കുന്നത്. അതിനെ ആദ്യം അംഗീകരിക്കുക. അംഗീകരിച്ചാൽ ദൈവാലയങ്ങളുടെ പ്രസക്തി നമുക്കന്യമാകുകയില്ല. വെറും യുക്തികൊണ്ട് വിശ്വാസ സത്യങ്ങളെ ചോദ്യം ചെയ്യാതെ വി. വേദപുസ്തക വചനങ്ങളെ ദൈവാത്മാവിൽ പ്രേരിതമായി വിശകലനം ചെയ്യാൻ ശ്രമിച്ചാൽ പെന്തക്കോസ്തുകാർക്ക് സത്യ സഭയിലേക്കു തിരിച്ചു വരാൻ സാധിക്കും

ജെ. പി. ❖

പലയിടത്തും പലവിധത്തിലാണ്. ഭാഷയിലും, ആരാധനാ ശാസ്ത്രത്തിലും തനിക്കുള്ളത്ര പ്രാവീണ്യം മറ്റുള്ളവർക്കില്ല എന്നു കരുതി പല വൈദികരും സ്വതന്ത്രമായ ക്രമീകരണങ്ങളും സംവിധാനങ്ങളും വരുത്തിയിട്ടുണ്ട്. ഇതിനെല്ലാം ഒരു മാറ്റം വരുത്തി, ഭദ്രാസനത്തിനു പൊതുവായി ലിറ്റർജിക്കൽ കമ്മറ്റിയും, പ്രസിദ്ധീകരണ വിഭാഗവും പ്രവർത്തന ക്ഷമമാക്കണം. വാളെടുത്തവൻ വെളിച്ചപ്പാട് എന്ന അവസ്ഥക്ക് അന്തം വരുത്തി വ്യവസ്ഥാപിതവും, ആധികാരികവും അംഗീകൃതവുമായ ക്രമങ്ങളും സംവിധാനങ്ങളുമുണ്ടാക്കണം. സുറിയാനിക്കാർ തന്നെ അമേരിക്കയിലുള്ളവർക്കുവേണ്ടി ആരാധന ക്രമങ്ങൾ ഉണ്ടാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയിൽ കാലോചിതമായ പരിഷ്ക്കാരങ്ങളും പുനഃക്രമീകരണങ്ങളും അവർ വരുത്തിയിട്ടുണ്ട്. ഗ്രീക്കു ഓർത്തഡോക്സുകാരും അങ്ങനെ ചെയ്തിട്ടുണ്ട്. നമ്മുടെ അമേരിക്കൻ ഭദ്രാസനം ആരാധനാ ക്രമങ്ങൾ ഉൾക്കൊള്ളുന്ന പുസ്തകങ്ങളും സി.ഡി. കളും മറ്റും പ്രസിദ്ധീകരിക്കണം.

അനന്തസാദ്ധ്യതയുള്ള ഒരു ഭദ്രാസനമാണ് അമേരിക്കയിലുള്ളത്. അതിന്റെ വികസനവും, പുരോഗതിയും മുന്നിൽ കണ്ടുകൊണ്ട് അതിനാവശ്യമായ എല്ലാ പദ്ധതികളും ആവിഷ്കരിച്ച് സമയ ബന്ധിതമായി പ്രവർത്തനങ്ങൾ കൈവരുത്തുകയാണാവശ്യം. അടുത്ത നടക്കുന്ന ജൂബിലിയാഘോഷം, നാട്ടിൽ നിന്ന് കുറെ രാഷ്ട്രീയക്കാരെയും, മെത്രാന്മാരെയും ക്ഷണിച്ചു വരുത്തി മുന്തിയ ഹോട്ടലിൽ വലിയ ഡിന്നറും, കുറെ സമ്മേളനങ്ങളുമായി, മീഡിയാകളിൽ സ്ഥാനം പിടിക്കുന്നതിലുപരി ക്രിയാത്മകമായ പലതും സഭയുടെയും ഭദ്രാസനത്തിന്റെയും പൊതു നന്മയ്ക്കായി പ്രവർത്തിക്കാനുള്ള അവസരമായി തീരട്ടെ എന്നാശംസിക്കുന്നു. ❖

For Favours Received



നീന മാത്യൂസ്
ഹൈദരാബാദ്



എൻ. വി. തോമസ്
കല്യാൺ





കുഞ്ഞമ്മ മാത്യു
കിടങ്ങൂർ



തോമസ് തോമസ്
മഠത്തിലേത്ത്

അഭ്യർത്ഥന

പ്രിയ സോദരരെ,

അരിപ്പാലം പ്രദേശത്തുള്ള സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഈ പ്രദേശത്തെ പ്രഥമ ദേവാലയമാണ്. ഈ പള്ളി സ്ഥാപിച്ചത് അയ്യംപിള്ളിയിൽ നിന്നും കുടിയേറിപാർത്ത മഴുവഞ്ചേരി പറമ്പത്ത് പാപ്പച്ചനാണ്. കാലം ചെയ്ത മൂക്കഞ്ചേരി പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ പ്രവർത്തനഫലമായി താഴ്ന്ന ജാതിയിൽ നിന്ന് പല കുടുംബങ്ങൾ ക്രിസ്തുമതത്തിലേക്ക് ആകർഷിക്കപ്പെട്ട് വി. മാമോദീസ സ്വീകരിച്ച് സഭയിൽ ചേർന്നു. പാപ്പച്ചന്റെ മരണം വരെയും അങ്കമാലി, വടക്കൻ പറവൂർ, കുന്നംകുളം എന്നീ പ്രദേശങ്ങളിൽ നിന്നും പട്ടക്കാരെ കൊണ്ടു വന്നു വി. കുർബ്ബാനയും മറ്റു ആരാധനകളും നടത്തിവന്നിരുന്നു. അദ്ദേഹത്തിന്റെ കാലശേഷം ദേവാലയം അനാഥമായി തീർന്നു. ഏകദേശം പതിനഞ്ചുവർഷത്തോളം ആരാധനയില്ലാതെ ദേവാലയം പൂട്ടികിടന്നു. ആരാധനമുടങ്ങിയപ്പോൾ പലരും മറ്റു സഭകളിൽ ചേർന്നു. സ്ഥാപനവും പള്ളിയും നഷ്ടമാകാതെയിരിപ്പാനായി ഡോ. ചാക്കോ ജോർജ്ജും പൂക്കോയിക്കൽ വർഗ്ഗീസും കൂടി പള്ളി, കൊച്ചി ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലിത്തയായിരുന്ന കാലം ചെയ്ത യാക്കോബ് മാർ പോളിക്കാർപ്പോസ് തിരുമേനിയെ ഏൽപ്പിച്ചു. നോക്കുവാൻ ആരും ഇല്ലാതിരുന്ന കാലത്ത് വൈദികർ താമസിച്ചിരുന്ന കെട്ടിടം ചിതൽ തിന്നും, ചോർന്നൊലിച്ചും നഷ്ടപ്പെട്ടു. അതുപോലെ തന്നെ പള്ളിക്കെട്ടിടത്തിന്റെ മുന്നിൽ ഒരു ഭാഗവും പൊളിഞ്ഞു വീണു. അഭി. പോളിക്കാർപ്പോസ് തിരുമേനി പിന്നീട് അത് നന്നാക്കി എടുത്തു.

അഭി. അന്തോണിയോസ് തിരുമേനിയുടെ കാലത്ത് പള്ളിയിലെ ആരാധന പുനഃസ്ഥാപിച്ചു. 1993-ൽ എന്നെ (C.K. Joseph Ramban) ഇവിടെ വികാരിയായി നിയമിച്ചു. 2000 ജൂണിൽ ഞാൻ പള്ളിയുടെ ചുമതലയേറ്റ് പള്ളിയിൽ താമസമാക്കിയപ്പോൾ പള്ളിക്കടുത്ത് താമസിച്ചിരുന്ന ഒരു ഹൈന്ദവ സ്ത്രീ പറഞ്ഞ വാക്കുകളാണ് എന്നെ ശക്തീകരിച്ചത്. "പിതാവേ കർത്താവിന്റെ മരണശേഷം തന്റെ ശിഷ്യന്മാർക്കുണ്ടായ വ്യഥയും ദുഃഖവും കർത്താവിന്റെ പുനരുത്ഥാനം മൂലം, സന്തോഷം അനുഭവിച്ചതു പോലെയാണ് എനിക്ക് ഇപ്പോൾ തോന്നുന്നത്. ഈ പള്ളിയിൽ വിശുദ്ധ ആരാധന ഇല്ലാതായപ്പോൾ ഞാൻ ഏറ്റവും ദുഃഖിച്ചു. ഇപ്പോൾ ഞാൻ സന്തോഷിക്കുന്നു. ഈ പള്ളി അഭിവൃദ്ധി പ്രാപിക്കും."

ഈ ഇടവകയിൽ ഇപ്പോൾ അഞ്ച് കുടുംബങ്ങളിലായി പതിനാല് അംഗങ്ങളുണ്ട്. സന്ധ്യാപ്രാർത്ഥനയ്ക്കും വി. കുർബാനയ്ക്കും എല്ലാവരും സംബന്ധിക്കും. പള്ളിയുടെ പുരോഗമനത്തിനായി വൃദ്ധഭവനം പണിതു. ആ ഇനത്തിൽ 60,000 രൂപയുടെ ബാദ്ധ്യതയുണ്ട്. കൊച്ചി അരമനയുടെ അടുത്തുള്ള ഹന്ന വൃദ്ധ മന്ദിരം കൂടി അരിപ്പാലത്തേക്ക് മാറ്റുന്ന കാര്യവും പരിഗണനയിൽ ഉണ്ട്. അവിടെ നിന്നു വരുന്നവരുടെ സൗകര്യത്തിനായി അടുക്കളയും കുളിമുറിയും പണിയേണ്ടതുണ്ട്. ആയതിലേക്ക് 85,000 രൂപയോളം ചിലവാകും.


എന്റെ ഏക ആശ്രയം ഉദാരമതികളായ സഭാ അംഗങ്ങൾ നൽകുന്ന സംഭാവനകളാണ്. നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

എന്ന്,

REV. C.K. JOSEPH REMBAN
BESAVYOUSO
ARIPALAM, TRICHUR, PIN-680688

N.B.:- ഡ്രാഫ്റ്റ് & ചെക്ക് BESAVYOUSO SB NO. 64/2001 CATHOLIC SYRIAN BANK

ബൈബിൾ പദപ്രശ്നം 32



വലത്തോട്ട്

1. യോസേഫിന് ഫറവോനിട്ട പേര് (7)
3. കനാന്റെ ആദ്യജാതൻ (3)
5. 'എന്റെ അപ്പൻ വച്ച നുകത്തിന് ഞാൻ ഭാരം കൂട്ടും' പറഞ്ഞതാര്? (4)
8. 'രക്തനിലം' എന്ന് അർത്ഥം (5)
9. ആമോസ് തനയനായ പ്രവാചകൻ (4)
12. പുരോഹിതരുടെ ഗോത്രം (2)
13. പാരാൻ മരുഭൂമിയിൽ പാർത്ത വില്ലാളി (5)
14. മാശായേലിനും മറ്റും മേൽ വിചാരകൻ (4)
15. 'കാവൽമാടം' എന്ന് അർത്ഥം (3)
16. പന്നിയുടെ മൂക്കിലെ പൊൻമൂക്കുത്തിപോലെ ആര്? (6,3)
18. ശലോമോന്റെ മറ്റൊരു പേര് (4)
20. യിസ്ഹാക്കിന്റെ അമ്മായി അപ്പൻ (4)
24. ഏദോം ദേശത്ത് ബെയോരിന്റെ മകൻ ബേല ഭരിച്ച പട്ടണം (4)
26. ഓർന്നാന് 'ശമുവേലി'ൽ ഉള്ള പേര് (4)
27. മെൽസർ മേൽവിചാരകൻ ആയിരുന്നവരിൽ പ്രധാനി (4)
28. നല്ല പൊന്നും തങ്കവും ലഭിക്കുന്ന സ്ഥലം (3)

താഴോട്ട്

1. ഏലിയാവുമൂലം കൃപ ലഭിച്ച സ്ത്രീ (5,3)
2. പുനരുത്ഥാനം ഉണ്ടെന്നു വാദിക്കുന്ന യഹൂദ വിഭാഗം (5)
4. യാഫെത്തിന്റെ മകൻ യാവാന്റെ ഇളയപുത്രൻ (3)
6. ദാവീദിനെ ഭയന്ന് മിസ്രയീമിലേക്കു രക്ഷപ്പെട്ട ഏദോമ്യബാലൻ (3)
7. കരകൗശലപണികൾക്കായി ദൈവിക ജ്ഞാനം ലഭിച്ചവൻ (4)
8. അഞ്ചപ്പം കൊണ്ട് തൃപ്തരായ പുരുഷന്മാരുടെ എണ്ണം (4)
10. ലോകമോഹത്താൽ പൗലോസിനെ വിട്ടുപോയവൻ (3)
11. കനാൻദേശം അവകാശം നൽകാൻ യഹോവ നിയമിച്ച യിസാഖാർ ഗോത്ര പ്രഭു (5)
17. മിസ്രയീമിലെ ഒരു ജാതി. അബ്രഹാമിന്റെ ഒരു മകന്റെ പിൻമുറക്കാർ (4)
18. നൂറ്റിമുപ്പതു വയസിൽ മരിച്ച് രാജാക്കന്മാരുടെ ഇടയിൽ അടക്കപ്പെട്ട പുരോഹിതൻ (4)
19. 'ഇരട്ട' എന്ന് അർഥം (4)
20. അമ്മോന്യരുടെ പിതാവ് (4)
21. അനുസരണക്കേടിനാൽ രാജ്ഞിസ്ഥാനം പോയവൾ (3)
22. നെഹമ്യാവിന്റെ സഹോദരൻ (3)
23. 'ദൈവത്തിന്റെ ഭവനം' എന്ന് അർഥം; ആദ്യം പേര് ലൂസ് (3)
25. ബാബേലിന്റെ ആദ്യപേര് (3)

പദപ്രശ്നം - 30 (ശരിയുത്തരം അയച്ചവർ)

വിജയികൾ:

1. ലൈല പോൾ കവടിയാർ, തിരുവനന്തപുരം-3
2. ഏലിയാമ്മ ജോർജ്ജ്, മലാഡ് മുംബയ്
3. മോളി മാത്യൂസ് ജോധ്പൂർ, രാജസ്ഥാൻ

4. ഏലിയാമ്മ വർഗീസ്, ജലഹള്ളി ബാംഗ്ലൂർ; 5. ഏലിയാമ്മ പൗലോസ് ചെല്ലങ്കോട്, വയനാട്; 6. ഏലിയാമ്മ ജോൺ, നവിമുംബയ്; 7. ഏലിയാമ്മ ജോർജ്ജ്, ആവണീശ്വരം; 8. ഏലിയാമ്മ ഐസക്, പുത്തൂർ, കൊല്ലം; 9. ഏലിയാമ്മ സഖറിയ, കൊൽക്കത്ത; 10. ഏലിയാമ്മ ഗീവർ, കുന്നംകുളം; 11. ഏലമ്മ എബ്രഹാം, കളമശേരി; 12. ഏലമ്മ വർഗീസ് ഉദയ്പൂർ, രാജസ്ഥാൻ; 13. അലീസ് വർഗീസ്, ചമ്പക്കര, കോട്ടയം; 14. ആലീസ് എബ്രഹാം, കോയമ്പത്തൂർ; 15. ജെസി തോമസ് പിമ്പ്രി, പൂനെ; 16. ബീന തോമസ്, പുതുപ്പള്ളി, കോട്ടയം; 17. അന്നമ്മ തോമസ്, നരിയാപുരം; 18. റാഹേലമ്മ തോമസ്, കടമ്പനാട്; 19. ലീല മാത്യു, ഹൈദരാബാദ്; 20. ഡെയ്സി മാത്യു, നിരണം, നടുവിൽ; 21. മോളി മാത്യു, നാരങ്ങാനം; 22. ടി. സി. മാത്തപ്പൻ, കുന്നംകുളം; 23. ആർ കെ. മാത്യു, ചണ്ഡീഗഢ്; 24. എലിസബത്ത് തമ്പി, കൊച്ചി; 25. സാറാമ്മ തമ്പി, കോയമ്പത്തൂർ; 26. സാറാമ്മ വർഗീസ്, നിരണം; 27. ഉണ്ണി വർഗീസ്, പെരിങ്ങര തിരുവല്ല; 28. വൽസമ്മ ഫിലിപ്, ഭോപാൽ; 29. ലീലാമ്മ ജോർജ്, ബാംഗ്ലൂർ; 30. ലീലാമ്മ മാമ്മൻ, കോട്ടയം 31. റേച്ചൽ അലക്സാണ്ടർ, പൂനെ; 32. റിഷ സാറ കുര്യാക്കോസ്, ന്യൂഡെൽഹി; 33. മേരിക്കുട്ടി കുര്യാക്കോസ്, ഭാണ്ഡുപ്, മുംബെയ്; 34. മേരിക്കുട്ടി പാപ്പച്ചൻ, കലയപുരം, കൊല്ലം; 35. ഷിജി കെ. ജോർജ് കുരീപ്പള്ളി, കൊല്ലം; 36. ഓമന തങ്കച്ചൻ, അതുമ്പുംകുളം, പത്തനംതിട്ട; 37. സൂസമ്മ തങ്കൻ, ഭാണ്ഡുപ്, മുംബയ്; 38. സൂസമ്മ രാജൻ, കൊൽക്കത്ത; 39. കുമാരി കെ. ചാക്കോ, ന്യൂഡെൽഹി; 40. സുജ മോൻസി, ബാംഗ്ലൂർ; 41. ചിന്നമ്മ ജോൺ, ഉള്ളൂർ, തിരു., 42. രഞ്ജിനി റജി കളമശേരി; 43. ഡെന്നി സി. അലക്സ്, നെടുമാവ്

(കൂടാതെ ഒരുത്തരം മാത്രം തെറ്റിയവർ:- തങ്കമ്മ ചാക്കോ, ന്യൂഡെൽഹി; എം.എം. മത്തായി, കോട്ടമല, കാസർകോട്; വി.എ. തോമസ് കറ്റാനം; എലിസബത്ത് ചെറിയാൻ നിരണം; കെ. ജോർജ്, അതിരുങ്കൽ; റോസമ്മ ജോർജ്, കൊൽക്കത്ത, ഷൈനി തോമസ്; ജസ്റ്റി ഇൻഡോർ; ലിനി ദാനിയേൽ ചെന്നൈ; അന്നമ്മ ജോസഫ്; റോണ സൂസൻ, വാഴൂർ; സൂസമ്മ നൈനാൻ, ആറാട്ടുപുഴ; കെ. ജെ. വർഗീസ്, ഇടപ്പാവൂർ; എ. കെ. വർഗീസ്, അറുന്നൂറ്റിമംഗലം; മറിയാമ്മ ഇടിക്കുള, കൈപ്പട്ടൂർ; സൂസമ്മ ഇടിക്കുള പൂനെ; റേച്ചൽ മത്തായിക്കുട്ടി പുതുശേരി; ശോശാമ്മ എബ്രഹാം ബിലാസ്പൂർ; അന്നമ്മ മത്തായി ആലുവ; സാജൻ വി. രാജൻ ആയൂർ; ഏലിയാമ്മ തോമസ്, നിരണം).

(അഭിപ്രായങ്ങളും സംശയങ്ങളും അറിയിക്കുക: ഫോൺ: 9447453123)
(e-mail: joshibjohn@hotmail.com)

ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം
ജോഷി ബി. ജോൺ മണ്ണ്പ്പള്ളി
S.R.P. മാർക്കറ്റ് പി.ഒ.
കൊല്ലം ജില്ല-690539

ഉത്തരങ്ങൾ അയയ്ക്കേണ്ട അവസാന തീയതി : 10-11-2005

പദപ്രശ്നം - 30, ശരിയുത്തരം



ഉത്തരമയയ്ക്കാൻ മാസിക കീറരുത്. കാർഡിലോ, ഇൻലാൻഡിലോ കളം വരച്ച് അയച്ചാൽ മതിയാകും.



അഭിമുഖം

ദൈവ തേജസ്സിന്റെ കാവൽക്കാരൻ

പത്തനാപുരം, കുന്നും മലകളും നിറഞ്ഞ പ്രകൃതി രമണീയമായ പ്രദേശമാണ്. പത്തനാപുരം സെന്റ് ലാസറസ് പള്ളിയിലെ അദ്ധ്യാപകനായിരുന്ന ഉണ്ണിസാർ സണ്ടേസ്ക്കൂളിൽ പഠിക്കുന്ന കുട്ടികളിൽ സൽസ്വഭാവിക്കുള്ള സമ്മാനം കാഞ്ഞിക്കൽ ചാക്കോ ജോണിന്റെ മകനായ ജോൺസനാണ് നല്കിയത്. ജോൺസനെന്നാൽ ഇന്നത്തെ തിരുവനന്തപുരം ഭദ്രാസന സാരഥിയായി ചുമതലയേറ്റ അഭി. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ബാല്യനാമം. "അതെന്തിനാണ് എനിക്ക് ആ സമ്മാനം നല്കിയതെന്ന് ഇന്നും എനിക്കു മനസ്സിലാകുന്നില്ല" അഭി. തിരുമേനി പൊട്ടിച്ചിരിക്കുന്നു....

സുവിശേഷ താല്പര്യമുള്ള ആളായിരുന്ന കാഞ്ഞിക്കൽ ചാക്കോ ജോൺ മകനെ ദൈവാശ്രയ ബോധത്തിൽ വളർത്തുവാനും പ്രസംഗം പരിശീലിപ്പിക്കുവാനും പ്രത്യേകം ശ്രദ്ധിച്ചു.

ആത്മീയമായ അന്തരീക്ഷത്തിൽ വളർന്നു വന്നു എങ്കിൽത്തന്നെയും വൈദികനാകണമെന്ന് മോഹമോ ഒരു മേല്പട്ടക്കാരനായിത്തീരുമെന്ന സ്വപ്നമോ ആ കാലങ്ങളിൽ ഇല്ലായിരുന്നു പ്രീഡിഗ്രിക്കു പഠിക്കുന്ന സമയത്ത് പത്തനാപുരം ദയറാംഗമായിരുന്ന ശമുവേൽ റമ്പാച്ചൻ ആവശ്യപ്പെട്ടതിൽ പ്രകാരം മകനെ സെമിനാരിയിലേക്കയക്കാൻ പിതാവ് തീരുമാനിച്ചു. അപ്രതീക്ഷിത വഴിത്തിരിവായി സെമിനാരിയിലേക്ക്... ജീവിതത്തിൽ സംഭവിച്ചതെല്ലാം സ്വാഭാവിക പരിണിതിയാണെന്ന് അഭി. തിരുമേനി ഇപ്പോഴും ചിന്തിക്കുന്നു.

1968–ൽ വൈദിക സെമിനാരിയിലേക്ക് തിരിക്കും മുമ്പേ കാലം ചെയ്ത ദീവന്നാസ്യോസ് തിരുമേനിയെ സന്ദർശിച്ചു. തലയിൽ കൈവെച്ച് അനുഗ്രഹിച്ച ശേഷം വന്ദ്യ പിതാവ് നൂറു രൂപാ സ്നേഹപൂർവ്വം ആ വിദ്യാർത്ഥിയെ ഏല്പിച്ചു. ആ കാലത്ത് വളരെ വിലയുണ്ടായിരുന്ന ഒരു കറൻസി... ജീവിതത്തിലെ മറക്കാനാവാത്ത ഒരനുഭവമായി ആ സംഭവത്തെ ഇന്നും സൂക്ഷിക്കുന്നു....

സെമിനാരി ജീവിത കാലം മറ്റൊരു വഴിത്തിരിവിന്റെ ഘട്ടമായിരുന്നു കാലം ചെയ്ത പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുമായുണ്ടായിരുന്ന അടുപ്പവും സ്നേഹവും അവിസ്മരണീയമായി തുടരുന്നു. ഒരു പ്രത്യേക കരുതൽ ഉണ്ടായിരുന്ന തിരുമേനിയുടെ സ്വാധീനം ജീവിതത്തിൽ സമൂലമായ വ്യതിയാനങ്ങൾ വരുത്തി. ഉർവ്വരതയുടെ ജീവിതമായി സന്യാസ ചിന്തകൾ മനസ്സിൽ വേരോട്ടം തുടങ്ങി. എന്തു തീരുമാനത്തിനും ഒരു ചിന്താപരമായ ഭദ്രത കാത്തു സൂക്ഷിക്കുന്നു. ഇന്നു വരേയും.....

ഉപരി പഠനങ്ങളുടെയും ഇടവക സേവനത്തിന്റെയും കാലങ്ങൾ.... ആടുകളുടെ പ്രിയപ്പെട്ട ഇടയനായി ഉച്ചവെയിൽ പോലും വകവയ്ക്കാതെ പാടങ്ങളും പറമ്പുകളും നടന്ന് വീടു വീടാന്തരം കയറിയിറങ്ങുന്നതുമായ ഓർമ്മച്ചിത്രങ്ങൾ ഈ ലേഖകന്റെ നേരറിവ്...

2004 ജൂൺ മാസം പരുമല സെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ ഏറ്റവും കൂടുതൽ പ്രതിനിധികൾ ഓർത്തിരുന്നതും ബാലറ്റിൽ അടയാളപ്പെടുത്തിയതുമായ പേരായിരുന്നു ഫാ. ഡോ. കെ. ജെ. ഗബ്രിയേൽ.

പരുമല സെമിനാരിയിൽ വച്ച് തന്നെ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ പ്രധാന കാർമ്മികത്വത്തിൽ മേല്പട്ട സ്ഥാനത്തേക്ക് അഭിഷേകം ചെയ്യപ്പെട്ടു. തിങ്ങി നിറഞ്ഞ ദേവാലയം ഹൃദയപൂർവ്വം ഉറക്കെ വിളിച്ചു ഓക്സിയോസ്....

ഇപ്പോൾ തിരുവനന്തപുരം ഭദ്രാസനാധിപനായി ചുമതലയേറ്റ് നിർവ്വഹണം നടത്തുമ്പോഴും ശ്രേഷ്ഠാചാര്യ ശുശ്രൂഷകൾ അനുഷ്ഠിക്കുമ്പോഴും ശബ്ദ-ഭാവങ്ങൾക്ക് വ്യത്യാസമില്ലാതെ തുടരുന്ന അദ്ദേഹത്തെ ജനങ്ങൾ ഇപ്പോഴും വിളിക്കുന്നു 'നമ്മുടെ ഗബ്രിയേലച്ചൻ' തിരുത്തിക്കൊടുത്താൽ വീണ്ടും 'ഓ! ഗബ്രിയേൽ തിരുമേനി...' മേല്പട്ടക്കാർ അപ്രാപ്യരാണെന്ന പൊതുചിന്തയ്ക്ക് ഒരപവാദം. ഭരണ നിർവ്വഹണത്തിൽ കാർക്കശ്യമുണ്ടെങ്കിലും മനുഷ്യ മുഖങ്ങളെ കാണുമ്പോൾ തുറന്ന മനസ്സോടെ നമ്മുടെ ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമേനി.

തിരുവനന്തപുരം ഭദ്രാസനത്തിന്റെ രജത ജൂബിലി ആഘോഷങ്ങളുടെയും സുന്ത്രോണീസോയുടെയും പശ്ചാത്തലത്തിൽ അഭി. തിരുമേനിയുമായി ഇടമുളയ്ക്കൽ VMD സെന്ററിൽ വച്ച് നടത്തിയ സംഭാഷണത്തിന്റെ പ്രധാന ഭാഗങ്ങൾ...

? മേല്പട്ട സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിൽ ജനഹിതത്തിന് സ്ഥാനമുണ്ടോ? താല്പര്യങ്ങൾ വഴി തെറ്റിക്കപ്പെടാൻ സാധ്യതയില്ലേ

മേല്പട്ട സ്ഥാനത്തിനുള്ള തെരഞ്ഞെടുപ്പിൽ ജനങ്ങൾക്ക് സ്ഥാനമുണ്ട്, അത് കൊടുക്കണം. വിശ്വാസികളുടെ സ്വീകാര്യത പ്രധാന ഘടകം തന്നെയാണ്. വിവേചന പൂർവ്വമാണ് ജനങ്ങൾ പ്രവർത്തിക്കുന്നത്. തിരഞ്ഞെടുപ്പിന്റെ പ്രക്രിയകളെ സംബന്ധിച്ച് ഭരണഘടനാപരമായ വ്യക്തത ഉണ്ടാവുന്നത് നല്ലതാണ്.

? വൈദികനായിരുന്നപ്പോൾ എപ്പിസ്ക്കോപ്പസിയോടുണ്ടായിരുന്ന മനോഭാവത്തിന് ഇപ്പോൾ മാറ്റം വന്നിട്ടുണ്ടോ?

ഒരിക്കലുമില്ല. അധികാര വിനിയോഗത്തിൽ മാറ്റം വന്നിട്ടുണ്ടെങ്കിലും അജപാലന സങ്കല്പനത്തിന് വ്യതിയാനങ്ങൾ ഉണ്ടായിട്ടില്ല. അങ്ങനെ മാറ്റമുണ്ടാകാൻ പാടുള്ളതല്ല. വന്നാൽ തിരുത്തപ്പെടേണ്ടതുണ്ട്. നമ്മൾ എടുക്കുന്ന തീരുമാനങ്ങൾ സമതുലിതമാകണമെന്ന് നിർബന്ധമില്ല. അവിടെ യുക്തി ഭദ്രമായി പ്രവർത്തിക്കേണ്ടതുണ്ട്.

? പൊതു ജനസമ്പർക്കം ഇപ്പോൾ...

മേല്പട്ടക്കാരുടെ പഴയ ഇടവക സന്ദർശന രീതി തന്നെ ഇപ്പോഴും അവലംബിക്കുന്നു. തലേന്ന് തന്നെ നേരത്തെ പോയി പള്ളിയിലുള്ളവരുമായി സംഭാഷണങ്ങൾ നടത്തി ആരാധനയ്ക്ക് നേതൃത്വം നല്കുന്നു. അത് നടക്കാതെ വരുന്നെങ്കിൽ നിർദ്ദിഷ്ട പള്ളിക്കാരുടെ അസൗകര്യങ്ങൾ മൂലമാണ്.

? യുവജനങ്ങൾ സഭയിൽ നിന്ന് ദൂരെയാണെന്നാണ് നാം മനസ്സിലാക്കുന്നത് ഇതിനു മറുപടിയായി എന്തെങ്കിലും പ്രവർത്തനങ്ങൾ...

തീർച്ചയായും ഉണ്ട്. ഭദ്രാസനത്തിലെ പരിധിയിൽ നിന്നു കൊണ്ടുള്ള കർമ്മ പരിപാടിയാണ് ക്യാംപസ് മിഷൻ. കാമ്പസുകളിലെ മിഷൻ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഇടമുളയ്ക്കലിലും നാഗർകോവിലിലും കേന്ദ്രമാക്കി മറ്റൊരു ശെമ്മാശന്റെ നേതൃത്വത്തിലും പ്രവർത്തനങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഭദ്രാസനം മുഴുവൻ കാമ്പസ് മിഷൻ വ്യാപിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഹയർ സെക്കണ്ടറി കോളേജ് വിദ്യാർത്ഥികളുടെ സംഗമത്തിന് ഊന്നൽ കൊടുത്ത് എം.ജി.ഒ.സി.എസ്.എം. യൂണിറ്റുകൾ ഉള്ളേടത്ത് അതിനോട് ചേർന്നും പ്രവർത്തിക്കുവാനാണ് ആഗ്രഹിക്കുന്നത്.

? പ്രസ്ഥാനങ്ങളുടെ ശൈലിയിൽ എന്തെങ്കിലും വ്യതിയാനങ്ങൾ വരുത്തുമോ

വ്യക്തികളുടെ രൂപാന്തരം എന്നുള്ള ചിന്ത ഇപ്പോഴില്ല ഒരു കാലത്ത് അതുണ്ടായിരുന്നു. ഇന്ന് തികച്ചും സംഘടനാപരം (Structural) ആയിപ്പോയി. ഈ ഘടനാ പരിതിയിൽ നിന്നും സൗഹൃദ കൂട്ടത്തിലേക്ക് മാറുക എന്നതിനാണ് ഊന്നൽ. 'മേള'കളിൽ നിന്നും 'സത്സംഗ'ങ്ങളിലേക്ക്.... എല്ലാ സംഘടനകൾക്കും ഈയൊരു തലം ഉണ്ടാവണം.

? എന്താണ് ഇടവകയുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ഇടവകയുടെ വികസനം മാത്രമല്ല, സഭയുടെ പൊതുവായ ഘടനയുമായി ച്ചേർന്ന് പ്രവർത്തിക്കുവാൻ ഇടവക തലത്തിൽ മനോഭാവം ഉണ്ടാകണം. പുരോഹിതന്മാരുടെ സേവനം ശരിയായി വിനിയോഗിക്കാൻ ശ്രമിക്കും. സഭയെയും ജീവിതത്തെയും പരിപോഷിപ്പിക്കാൻ നമ്മുടെ അച്ചന്മാർ കുറച്ചു കൂടെ ഉത്സാഹിക്കേണ്ടിയിരിക്കുന്നു. വൈദികരുടെ ക്ഷേമത്തിനു വേണ്ടിയുള്ള പദ്ധതികളുമുണ്ട്. ഭദ്രാസനത്തിൽ ശമ്പള സ്കെയിൽ വർദ്ധിപ്പിച്ചിട്ടുണ്ട്, പെൻഷൻ ആനുകൂല്യങ്ങൾക്ക് സുരക്ഷ ഉറപ്പാക്കി ചിന്തിക്കുന്നുണ്ട്. വൈദികരുടെ സഹകരണവും നിലപാടുമാണ് പ്രധാനം.

? ഇടവക ശുശ്രൂഷയ്ക്കു ഇനിയൊരവസരം കിട്ടിയാൽ.... ഒരു പള്ളിയിൽ ശുശ്രൂഷ ചെയ്യാൻ...

അങ്ങനെയൊരു തിരിച്ചുപോക്ക് നമ്മുടെ സങ്കല്പത്തിലില്ല.

? റോമൻ കത്തോലിക്കാ സഭയിൽ ഇടവകയിലേക്ക് തിരികെ പോകുന്ന ബിഷപ്പുമാരുണ്ടല്ലോ...

ഒരു സമയം ഇതിൽ നിന്നും വിരമിച്ച ശേഷം ആരോഗ്യം അനുവദിക്കുന്ന പക്ഷം സഭയ്ക്ക് പ്രയോജനം ചെയ്യുന്ന എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കണം അതിനായി ശിഷ്ടാവസരം വിനിയോഗിക്കണമെന്നാണ് ആഗ്രഹം.

? വിമർശനം

വിമർശനം എല്ലാവർക്കും മുള്ള് പോലാണ്. വിമർശിക്കപ്പെടുന്നത് നല്ലതാണ്.

? മാറ്റണമെന്ന് തോന്നിയിട്ടുള്ള ശീലങ്ങൾ....

(ഉള്ളു തുറന്ന് ചിരിക്കുന്നു...) ഇച്ചിരി ശുണ്ഠി കൂടുതലാണെന്ന് തോന്നുന്നു. അത് മാറ്റപ്പെടേണ്ടതാണ്

? സഭയുടെ ഭരണ ക്രമത്തിൽ പ്രത്യേകിച്ചും ഘടനാപരമായ നിർവ്വഹണങ്ങളിൽ മാറ്റം വരുത്തണമെന്ന് ആഗ്രഹിക്കുന്നുണ്ടോ

നമ്മുടെ ഭരണക്രമത്തിന് ഒരുപാട് അയവുകൾ ഉണ്ട് (flexibility) ആ അയവ് ഘടനയെ ബലഹീനമാക്കുമെന്ന് തോന്നുമെങ്കിലും ധനാത്മകമാണ്. ഘടന ശക്തമാക്കിയാൽ അത് അടിച്ചമർത്തൽ രീതിയാകും. "A manager is one who can co-ordinate rather than manage" എന്നതാണ്

സങ്കല്പം. അവിടവിടെ കിടക്കുന്ന ദള ങ്ങളെ കോർത്തിണക്കുമ്പോഴുള്ള സൗന്ദര്യം. ഏകീകൃതമായി ഒരു ഘടന ഉണ്ടാകുന്നത് നല്ലതാണ്.

? ഭദ്രാസനത്തിന്റെ പദ്ധതികൾ (Projects)....

'ശരണം' എന്ന പേരിൽ centre for social transformation and empowerment എന്ന പദ്ധതി തുടങ്ങുവാൻ ആഗ്രഹിക്കുന്നു. 2 തലങ്ങളാണുള്ളത് 1) സഭയുടെ ഭൂമികയിൽ നിന്നു കൊണ്ടുള്ള സാമൂഹിക മാറ്റങ്ങൾ (സംവാദം) 2) സെൽഫ് ഹെൽപ് ഗ്രൂപ്പുകൾ പോലെയുള്ള സംഘങ്ങളെ ഉൾക്കൊള്ളിച്ച് പ്രവർത്തനപരമായ പരിപാടികൾ. സർക്കാർ വിഹിതങ്ങൾ ലാഭേച്ഛ കൂടാതെ വിതരണം ചെയ്യുവാനുള്ള സംവിധാനം (പ്രായോഗികം - praxiology)

? ക്രിസ്തേതര മിഷൻ കേന്ദ്രങ്ങൾ ധാരാളമുള്ള ഒരു ഭദ്രാസനമാണല്ലോ ഈ പശ്ചാത്തലത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ എന്തെങ്കിലും.....

തീർച്ചയായും... മതപരിവർത്തനം എന്ന ആശയമല്ല. സാമ്പത്തിക സാമൂഹിക മാറ്റത്തിനു വേണ്ട ചാലക ശക്തിയായി ഈ കേന്ദ്രങ്ങളെ ഉയർത്തുക എന്നതാണ് ഉദ്ദേശ്യം. ഒരു ഭദ്രാസന മിഷൻ ബോർഡെന്ന ചിന്തയും മനസ്സിലുണ്ട്.

? മലങ്കര സഭയെപ്പറ്റിയുള്ള ആഗ്രഹം....

രമ്യതയുടെ ദൈവ ശാസ്ത്രം നാം അനുവർത്തിക്കണം പ്രതിസന്ധികൾ നേരിടാൻ ആരോഗ്യപരമായ തുറന്ന സംഘർഷങ്ങളും സംവാദങ്ങളും ഉണ്ടാകണം. യേശുക്രിസ്തുവിന്റെ സ്വഭാവമാണല്ലോ സഭയുടെ കാതൽ. ഈ സ്വഭാവത്തിൽ പരിഹരിക്കാൻ കഴിയാത്ത വിഷയങ്ങളുണ്ടോ? അങ്ങനെ ശാന്തവും സമാധാന പൂർണ്ണവുമായ ഒരു സഭയാണ് സ്വപ്നം.

റബർ മരങ്ങൾ തണൽ പുതപ്പിക്കുന്ന ഇടമുളക്കൽ V.M.D. സെന്ററിലേക്ക് പ്രഭാത സൂര്യന്റെ കിരണങ്ങൾ അരിച്ചിറങ്ങുന്നു... പ. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിലെ ദൈവതേജസ്സിന്റെ പ്രബന്ധത്തിന് സെറാമ്പൂർ സർവ്വകലാശാല ഡോക്ടറേറ്റ് നൽകിയെങ്കിൽ ജീവിതം നല്കിയ സന്ദേശത്തിന് പ്രകൃതി നല്കുന്ന അനശ്വര മുഖശോഭ. ഇത് വിശ്രമമില്ലാത്ത ജീവിതം. ഏറ്റെടുത്ത ഉത്തരവാദിത്വം ഒരു ഗവേഷണം പോലെ കൊണ്ടു നടക്കുന്ന വിദ്യാർത്ഥിയുടെ ഊർജ്ജ സ്വലത. രാപകലുള്ള പ്രയത്നങ്ങളിൽ വിശ്രമിക്കാൻ അവസരങ്ങൾ ഇല്ലെങ്കിലും... 'നമ്മുടെ ഗബ്രിയേൽ തിരുമേനി' സന്തുഷ്ടനാണ്. ജീവിതത്തിന്റെ സ്വാഭാവിക പരിണിതികളെ ഉൾക്കൊള്ളുന്ന സന്തുഷ്ടി... എപ്പോഴും.

തയ്യാറാക്കിയത്:-

ഫാ. തോമസ് പി. മുകളിൽ ❖

തിരുവനന്തപുരം ഭദ്രാസനം – പ്രധാന പദ്ധതികൾ, സ്ഥാപനങ്ങൾ

വെരി. റവ. അലക്സാണ്ടർ വൈദ്യൻ കോറെപ്പിസ്ക്കോപ്പാ (പബ്ലിസിറ്റി കൺവീനർ)

തിരുവനന്തപുരം-കൊല്ലം-കന്യാകുമാരി എന്നീ ഡിസ്ട്രിക്ടുകൾ ഉൾപ്പെട്ടതാണ് തിരുവനന്തപുരം ഭദ്രാസനം. 110 ഇടവകകളും, സജീവ സേവനത്തിലുള്ള 3 കോർ എപ്പിസ്ക്കോപ്പമാരും, 2 റമ്പാച്ചനും, 69 വൈദീകരും, ഈ ഭദ്രാസനത്തിൽ സേവനം അനുഷ്ഠിക്കുന്നു .

ഭദ്രാസനത്തിന്റെ മിഷൻ സെന്ററുകൾ

സെന്റ് ഗ്രിഗോറിയോസ് മിഷൻ സെന്റർ, മലയിൻകീഴ്

തിരുവനന്തപുരം പട്ടണത്തിൽ നിന്നും 20 കി.മീ. അകലെ മലയിൻകീഴ് എന്ന സ്ഥലത്ത് അണപ്പാട് എന്ന ഗ്രാമത്തിൽ ആരംഭിച്ച ഒരു മിഷൻ കേന്ദ്രമാണ് സെന്റ് ഗ്രിഗോറിയോസ് മിഷൻ സെന്റർ. പാവപ്പെട്ട രോഗികളെ സഹായിക്കുന്നതിനായി ഒരു മെഡിക്കൽ ക്ലിനിക് സ്ഥിരമായി പ്രവർത്തിച്ചു വരുന്നു. ഒരു തയ്യൽ സ്ക്കൂളും, ഹോളി ട്രിനിറ്റി സ്ക്കൂളിന്റെ ഒരു യൂണിറ്റും അവിടെ പ്രവർത്തിക്കുന്നു. മിഷൻ കേന്ദ്രത്തോടു ചേർന്ന് സ്ക്കൂളിനായി 15 സെന്റ് സ്ഥലം വാങ്ങി.

ചെങ്കോട്ട മിഷൻ

അച്ചൻകോവിൽ, രാജപാളയം, ചെങ്കോട്ട, തെങ്കാശി, തൂത്തുക്കുടി, തിരുനെൽവേലി തുടങ്ങിയ സ്ഥലങ്ങളിൽ വന്നു താമസിക്കുന്ന ഓർത്തഡോക്സ് വിശ്വാസികളുടെ ആത്മീയ ആവശ്യം നിറവേറ്റാനായി ചെങ്കോട്ട ബസ് സ്റ്റാൻഡിനു സമീപമായി വാങ്ങിയ സ്ഥലത്ത് പരിശുദ്ധ പരുമല തിരുമേനിയുടെ നാമധേയത്തിലുള്ള ചാപ്പലിൽ പ്രതിമാസം രണ്ട് തവണകൾ വീതം നടത്തുന്നു.

പാലവിള മിഷൻ കേന്ദ്രം

ഭദ്രാസനത്തിന്റെ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി പാലവിളയിൽ പ്രവർത്തിക്കുന്ന ഒരു കേന്ദ്രമാണിത്.

ഭദ്രാസനം വക സ്ഥാപനങ്ങൾ

ഭദ്രാസന ആസ്ഥാനം

ഭദ്രാസന ആസ്ഥാനം തിരുവനന്തപുരത്ത്-ഉള്ളൂർ ജംഗ്ഷനിലുള്ള ഓർത്തഡോക്സ് ചർച്ച് സെന്ററിൽ പ്രവർത്തിച്ചു വരുന്നു, ഭദ്രാസന ഓഫീസ്, മെത്രാസന അരമന, ഹോളീട്രിനിറ്റി ചാപ്പൽ എന്നിവയുടെ ഒരു സമുച്ചയമാണ് ഈ സെന്റർ.

വി.എം.ഡി.എം. സെന്റർ, ഇടമുളയ്ക്കൽ

ആയൂർ – അഞ്ചൽ റോഡിൽ ഇടമുളയ്ക്കൽ എന്ന സ്ഥലത്ത് പരിശുദ്ധനായ വട്ടശ്ശേരിൽ തിരുമേനിയുടെ നാമധേയത്തിൽ പ്രവർത്തിക്കുന്ന ഒരു സെന്ററാണിത്.

മാർ ഗ്രിഗോറിയോസ് സെന്റർ & ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, മണലിൽ

ഭദ്രാസനത്തിന് മണലിൽ 1.5 ഏക്കൽ വസ്തുവുണ്ട്. ഇവിടെ റബ്ബർ കൃഷിയിൽ നിന്നും ആദായം ലഭിക്കുന്നു. ഇതിനോട് ചേർന്ന് ഭദ്രാസനത്തിന്റെ ചുമതലയിൽ ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ പ്രവർത്തിക്കുന്നു.

മാർ ദീയസ്കോറോസ് സെന്റർ, സദാനന്ദപുരം

സദാനന്ദപുരത്ത് അമ്പിലഴികത്ത് പരേതനായ ശ്രീ. വർഗ്ഗീസ് ജോണും, ഭാര്യ ശ്രീമതി ഏലിയാമ്മയും ഭദ്രാസനത്തിന് വേണ്ടി 90 സെന്റ് സ്ഥലം നൽകിയിട്ടുണ്ട്.

വികലാംഗ ബാലഭവൻ

മലങ്കര സഭയ്ക്ക് തിരുവനന്തപുരം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ഒരു വികലാംഗ ബാലഭവനം ആരംഭിക്കുന്നതിന് ഭദ്രാസനാധിപനായിരുന്ന അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ ദീയസ്കോറോസ് തിരുമനസ്സുകൊണ്ട് ഭദ്രാസന ഭരണത്തിന്റെ പ്രാരംഭ ഘട്ടത്തിൽ തന്നെ തീരുമാനിച്ചു.

വികലാംഗ പുനരധിവാസത്തിൽ പ്രത്യേകം വൈദഗ്ദ്ധ്യം നേടിയ ഡോക്ടർമാരുടെ ഉപദേശ നിർദ്ദേശങ്ങൾ സ്വീകരിച്ചു കൊണ്ട് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ശ്രീകാര്യം ഗവ. എഞ്ചിനീയറിംഗ് കോളേജ്, അലത്തറ റോഡിൽ വലതുവശം താബോർ ഗിരിയിൽ ബാലഭവനും, എൽ. പി. സ്ക്കൂളും അഭിവന്ദ്യ ദീയസ്കോറോസ് തിരുമനസ്സ് ആരംഭിച്ചു.

ഹോളി ട്രിനിറ്റി ഇംഗ്ലീഷ് മീഡിയം ഹയർ സെക്കൻഡറി സ്ക്കൂൾ

ഭദ്രാസനം വകയായി സ്ഥാപിച്ചിട്ടുള്ള അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം ഹയർ സെക്കൻഡറി സ്ക്കൂളിന്റെ പ്രവർത്തനങ്ങൾ സ്ക്കൂൾ ഗവേണിംഗ് ബോർഡിന്റെ ചുമതലയിൽ ഭംഗിയായി നടന്നു വരുന്നു.

ചാരിറ്റബിൾ & എഡ്യുക്കേഷനൽ സൊസൈറ്റി

തിരുവനന്തപുരത്ത് ഭദ്രാസനം വകയായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വാങ്ങിയ ചറവയ്ക്കലിലുള്ള സ്ഥലത്ത് ഒരു ഫാർമസി കോളേജ് ആരംഭിച്ച് പ്രവർത്തിക്കുന്നു.

മർത്തമറിയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

ഭദ്രാസന മർത്തമറിയം സമാജത്തിന്റെ ആഭിമുഖ്യത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സൊസൈറ്റിയാണിത്. (686/83). ഈ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഭാഗികമായി ബുദ്ധി വൈകല്യമുള്ള കുട്ടികളെ പരിശീലിപ്പിക്കുന്നതിനായി മറിയൺ പ്ലേ ഹോം എന്ന പേരിൽ ഒരു സ്ക്കൂൾ മണ്ണന്തലയിൽ നടത്തി വരുന്നു. ❖

അനുസ്മരണം

നിശ്ശബ്ദരായി അനശ്വരതയിലേക്ക്.....



റവ. ഡി. റോജിൻ ഡി. രാജൻ



ജോബി മാത്യു

യാത്രകൾ നാം അറിയുന്ന ലക്ഷ്യങ്ങളിൽ അവസാനിക്കുന്നില്ല. വഴി ക്രിസ്തുവാണ്. സത്യം ക്രിസ്തുവാണ്. ജീവനും ക്രിസ്തുവാണ്. നമ്മോടൊപ്പം യാത്രചെയ്യുന്നവരിൽ ഏറെ മനുഷ്യരെയും നാം ഇതുവരെയും കണ്ടിട്ടില്ല. അതിലുമേറെ പേരെ അറിഞ്ഞിട്ടില്ല. നമ്മുടെ തൊട്ടടുത്തു നിന്നും രണ്ടുപേരെ കാണാതെപോയി. അവർ ഇപ്പോഴും യാത്ര തുടരുന്നു. പ്രിയപ്പെട്ട റോജിൻ ശെമ്മാശ്ശനും ജോബി മാത്യുവും നമുക്കൊപ്പം യാത്രയിലുണ്ട്. നമ്മുടെ പരിമിതിയ്ക്കുള്ളിൽ അവരുടെ സ്ഥാന നിർണ്ണയം അസാദ്ധ്യമാകുന്നുവെന്നു മാത്രം.

വൈദിക സെമിനാരിയിൽ നിന്നും മുൻവർഷങ്ങളിലേതുപോലെ ഇത്തവണയും ഓണാവധി ദിനങ്ങളിൽ അവസാന വർഷ വിദ്യാർത്ഥികളുടെ സംഘയാത്ര ക്രമീകരിച്ചു. ഗോവൻ മണ്ണിലെ പുണ്യസാന്നിദ്ധ്യമായ അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ കബറിടം സ്ഥിതിചെയ്യുന്ന പനാജി (പഞ്ചിം) സെന്റ് മേരീസ് ദേവാലമായിരുന്നു സഞ്ചാര കേന്ദ്രം. പനാജിയിലും വാസ്കോയിലുമുള്ള രണ്ടു ദേവാലയങ്ങളിലായി കൊണ്ടാടപ്പെടുന്ന പുണ്യ പിതാവിന്റെ ഓർമ പെരുന്നാളാഘോഷങ്ങളിൽ പങ്കെടുക്കുക എന്നത് മുഖ്യലക്ഷ്യമായിരുന്നു. ബ്രഹ്മവാർ മിഷനിൽ തിരുവോണത്തിന്റെ മദ്ധ്യാഹ്നം ചെലവഴിച്ച സംഘം രാത്രിയുടെ ഉത്തരാർദ്ധത്തോടെ പനാജിയിലെത്തി. രണ്ടു ദിനങ്ങളിലെ സന്ദർശന ലക്ഷ്യങ്ങളിൽ ഫ്രാൻസിസ് സേവ്യറുടെ ഭൗതികാവശിഷ്ടങ്ങൾ സൂക്ഷിക്കുന്ന ദേവാലയമുൾപ്പെടെ ചില പ്രധാന കത്തോലിക്കാ ദേവാലയങ്ങളും മേജർ സെമിനാരിയും വാസ്ക്കോ സെന്റ് ഗ്രിഗോറിയോസ് പള്ളിയിലെ ആരാധനയും ഉൾപ്പെട്ടിരുന്നു.

ശനിയാഴ്ച (17-10-2005) ഉച്ച തിരിഞ്ഞ് അൽവാറീസ് തിരുമേനിയുടെ കബറടക്കം നടന്ന ദേവാലയം സന്ദർശിച്ച് പ്രാർത്ഥന നടത്തിയശേഷം സംഘം ബാഗാ തീരത്തെത്തി. പഞ്ചിം പള്ളിയിലെ സന്ധ്യാനമസ്ക്കാരത്തിനു കൃത്യസമയത്തെത്തേണ്ടിയിരുന്നതിനാൽ നാലുമണിക്കു തന്നെ തിരികെ ബസിലെത്തണമെന്ന നിർദ്ദേശം നൽകിക്കൊണ്ട് വൈദികർ ഒപ്പമുണ്ടായിരുന്നു. അതനുസരിച്ച് ഏകദേശം മൂന്നേമുക്കാലോടെ വിദ്യാർത്ഥികൾ ബസിലേക്കു നടന്നു. ആ സമയം വരെയും വെള്ളം നനയാതെ തീരത്തുമാത്രം നിന്ന് കടൽ കണ്ട് ആഹ്ലാദിച്ചിരുന്ന എല്ലാ വിദ്യാർത്ഥികളും ബസിലേക്കു വരുന്നതായി അടയാളം ലഭിച്ചിട്ടാണ് എല്ലാവരും നടന്നു നീങ്ങിയത്. എന്നാൽ 'നമ്മൾ ഇതേവരെ കാലു നനച്ചില്ലല്ലോ' എന്നു പറഞ്ഞുകൊണ്ട് അവസാന നിമിഷം വെള്ളത്തിൽ ഇറങ്ങിയവരിൽ റോജിൻ ശെമ്മാശ്ശനും ജോബിയും കൂടെയുണ്ടായിരുന്ന മറ്റുള്ളവർക്കുപോലും മനസ്സിലാക്കുവാൻ കഴിയാത്ത രീതിയിൽ അപകടത്തിൽപ്പെടുകയായിരുന്നു. ശബ്ദമില്ലാതെ, അപാരതയുടെ വിരൽപ്പാടുമായി നിത്യതയുടെ ശബ്ദത്തിലേക്ക് അവർ യാത്രപോയി.

യാത്രയുടെ തലേ ആഴ്ചയിൽ ക്ലാസ്സിൽ അവതരിപ്പിക്കപ്പെട്ട പേപ്പറുകളിൽ രണ്ടെണ്ണം ഇവരുടേതായിരുന്നു. ജലമലിനീകരണത്തിന്റെ അപായത്തെക്കുറിച്ച് റോജിൻ ശെമ്മാശ്ശൻ തയ്യാറാക്കിയ പേപ്പറിന്റെ ആദ്യഭാഗത്ത് ഒരു വരിയുണ്ട് "ജലം ജീവൻ നൽകുന്നതും ജീവനെടുക്കുന്നതുമാണ്." വാങ്ങിപ്പോയ വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്റെ വേദശാസ്ത്ര അടിസ്ഥാനങ്ങളെക്കുറിച്ചുള്ള വിശദമായ ഒരു അവതരണമാണ് ജോബി മാത്യു നടത്തിയത്. ഇവരുടെ വാക്കുകളിലെ യാദൃശ്ചികത വെറും തോന്നലായിരിക്കാം. ഒരു പക്ഷേ, അവരുടെ അബോധത്തിലെ ഉൾവിളികളെക്കുറിച്ചു തന്നെയുള്ള തോന്നലിലായിരിക്കാം.

മനുഷ്യരെന്ന നിലയിൽ ആര് ആരെ ആശ്വസിപ്പിക്കണം എന്നറിയുന്നില്ല. അനശ്വരതയിലേക്കുള്ള യാത്രയിൽ ദൈവത്തിൽ കൈയ്യിൽ മുറുകെ പിടിച്ചുകൊണ്ട് കാണുന്നവരും കാണാത്തവരുമായ നമുക്കൊരുമിച്ച് പ്രയാണം നടത്താം എന്ന് റോജിൻ ശെമ്മാശ്ശനും ജോബിയും പറയുന്നത് ശ്രവിക്കാം...

(ജെ. പി.)

ഫിലാഡൽഫിയ സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച് സമുച്ചയം – മലങ്കരസഭയുടെ അഭിമാനം



ചർച്ച് ബിൽഡിംഗ് കോംപ്ലക്സ്

ഒരു ഇടവകയുടെ പുനർ ജന്മം

ഫാ. എം. കെ. കുറിയാക്കോസ് (വികാരി)

1996 ഫെബ്രുവരി 18 അവിസ്മരണീയമായ ഒരു ഞായറാഴ്ചയാണ്. ഫിലാഡൽഫിയായിൽ 1976-ൽ സ്ഥാപിക്കപ്പെട്ട സെന്റ് തോമസ് ഇടവകയുടെ ചരിത്രത്തിൽ മറ്റൊരു അദ്ധ്യായം തുറക്കുകയായിരുന്നു. 1995 ഒടുവിലുണ്ടായ നിരാശാജനകമായ സംഭവവികാസങ്ങൾ അയവിറക്കിക്കൊണ്ടിരുന്ന ഒരു ചെറിയ സമൂഹത്തെയാണ് അന്ന് ഞാൻ കണ്ടത്. അന്ന് നിലവിലിരുന്ന സെന്റ് തോമസ് ക്രിസ്ത്യൻ സെന്ററുമായുള്ള ധാരണയിൽ പൊരുത്തക്കേടുണ്ടായതിനാൽ ദേവാലയം അടച്ചു പൂട്ടിയിരുന്നു. ഒരു സന്ധി സംഭാഷണത്തിലൂടെ ധാരണയുണ്ടാക്കി ആരാധന തുടരാൻ അഭിവന്ദ്യ ബർന്നബാസ് തിരുമേനിയുടെ നിർദ്ദേശപ്രകാരം പല ശ്രമങ്ങൾ നടത്തിയെങ്കിലും പരാജയത്തിന്റെ വക്കിലെത്തിയപ്പോൾ പുതിയ ആരാധനാലയം വാടകയ്ക്കെടുത്തു - കാർഡിനൽ ഡാക്കർട്ടി ഹൈസ്ക്കൂൾ ചാപ്പൽ.

ഏകദേശം നൂറ് മൈൽ ദൂരം യാത്ര ചെയ്ത് ആരാധന നടത്തി തിരികെ പോകാൻ തക്ക ത്യാഗബുദ്ധിയില്ലായിരുന്നെങ്കിലും ഇടവക ജനങ്ങളുടെ സഹകരണവും, സ്നേഹവും, യോജിപ്പും കണ്ട് കുടുംബകാര്യങ്ങൾ പോലും വിസ്മരിച്ച് ഇറങ്ങിത്തിരിക്കുകയായിരുന്നു. ഇരുപത്തിയെട്ട് (28) അംഗങ്ങളുള്ള ചെറിയ ഇടവകയും നീക്കിയിരിപ്പായി തുച്ഛമായി ഒരു സംഖ്യയും കൈമുതലായി നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കുവാൻ തയ്യാറായി. ആദ്യത്തെ പൊതുയോഗം ഇടവകയുടെ നയപ്രഖ്യാപനത്തോടെയാണ് ആരംഭിച്ചത്. വേദന നിറഞ്ഞ അനുഭവങ്ങൾ വിസ്മരിച്ചും കൊണ്ട് മറ്റെല്ലാ ഇടവകകളോടും, സഭകളോടും സഹകരിച്ച് ഒരു പുനർജന്മത്തിന് ഇടവക തയ്യാറായി.

1996 ഒടുവിൽ സ്വന്തമായി ഒരു ദേവാലയമുണ്ടാകണമെന്നാഗ്രഹിച്ചു. ആ വർഷം കിട്ടിയ 100 ഡോളർ കൊണ്ടാരംഭിച്ച പിരിവ് ഏതാണ്ട് ഏഴു വർഷം കൊണ്ട് സ്വന്തമായി ഒരു ദേവാലയുണ്ടാക്കുവാനുള്ള പരിസമാപ്തിയിലെത്തിച്ചു. അതിനിടെ ആറ് ഏക്കർ ഭൂമി ദേവാലയ നിർമാണത്തിനായി വാങ്ങിയത് ഏതാണ്ട് ഇരട്ടി വിലക്ക് വിറ്റ് പുതിയ കെട്ടിട സമുച്ചയം വാങ്ങുകയായിരുന്നു. പുതിയ കെട്ടിട സുച്ചയം ദീർഘകാല സ്വപ്നങ്ങളുടെ സാക്ഷാത്കാരമാണ്. ഒരുദേവാലയവും അതിനോട് ചേർന്ന് കമ്യൂണിറ്റി ഹാൾ, മറ്റ് ഓഫീസുകൾ എല്ലാം ഉണ്ടാകണമെന്ന് ആഗ്രഹിച്ചിരുന്നെങ്കിലും ചെറിയ ഒരിടവകക്ക് അവയെല്ലാം അപ്രാപ്യമാണെന്ന കരുതി ചെറിയ പദ്ധതിയാണ് ആസൂത്രണം ചെയ്തിരുന്നത്. സാമ്പത്തികമായി വലിയ ശേഷിയുള്ളവർ ആരും തന്നെ ഇല്ലായിരുന്ന ഒരു ഇടവകയ്ക്ക് അതിൽ കൂടുതൽ ഒന്നും ആഗ്രഹിക്കുവാൻ കഴിയില്ലല്ലോ. എന്നാൽ ദൈവാശ്രയത്തോടെ, സഹകരണ മനോഭാവത്തോടെ ഇടവകക്കാർ പ്രവർത്തിച്ചപ്പോൾ ദൈവം വലിയ അത്ഭുതം പ്രവർത്തിച്ചു. സ്വപ്നം കണ്ടതിൽ എത്രയോ ഇരട്ടി വലിപ്പവും സൗകര്യവുമുള്ള ഒരു കൂറ്റൻ കെട്ടിട സമുച്ചയം തന്നെ ദൈവം ദാനമായി നൽകി. ഈ അത്ഭുതത്തിനു മുൻപിൽ ഞാനും എന്റെ ഇടവകക്കാരും താഴ്മയോടെ തലകുനിക്കുന്നു.

ഇപ്പോഴത്തെ കെട്ടിട സമുച്ചയത്തിൽ 535 പേർക്ക് ഇരിക്കാവുന്ന ദേവാലയം, 1000 പേർക്ക് ഇരിക്കാവുന്ന കമ്യൂണിറ്റി ഹാൾ, 100 പേർക്ക് ഇരിക്കാവുന്ന ചെറിയ ചാപ്പൽ, ഒരു ചെറിയ സ്ക്കൂൾ നടത്താവുന്ന പത്തിലേറെ മുറികൾ, വേറെ പത്തോളം ഓഫീസ് മുറികൾ, രണ്ട് സെറ്റ് ടോയിലറ്റ്, സ്വീകരണമുറി, ജിംനേഷ്യം തുടങ്ങിയ സൗകര്യവും ഉണ്ട്. ഇവക്കെല്ലാം ഉപരിയായി കേരളീയ പൗരാണിക മാതൃകയിൽ അതിമനോഹരമായി തീർത്ത മദ്ബഹായുമുണ്ട്. അഭിവന്ദ്യ ഭദ്രാസന മെത്രാപ്പോലീത്തായ്ക്ക് താമസ സൗകര്യം, ഓഫീസ് തുടങ്ങിയവയും സൗകര്യപ്പെടുത്തിക്കഴിഞ്ഞു. കെട്ടിടത്തിന്റെ അറ്റകുറ്റ പണികളും മിക്കവാറും തീർന്നിട്ടുണ്ട്. ഏകദേശം രണ്ട് മില്ല്യൻ ഡോളർ ചെലവായിട്ടുണ്ട് ഇതുവരെ.

1996 മുതൽ 2004 വരെയുള്ള ചെറിയ കാലഘട്ടം കൊണ്ട് ഈ ഇടവകയെ ദൈവം തമ്പുരാൻ അനുഗ്രഹിച്ചത് വിവരിക്കുവാൻ വാക്കുകളില്ല. ഓരോ ദശയിലും ജനങ്ങൾ ഈ അനുഗ്രഹം ആവോളം അനുഭവിച്ചിട്ടുണ്ട്. "യഹോവ വീട് പണിയുന്നില്ലെങ്കിൽ പണിയുന്നവൻ വൃഥാ അദ്ധ്വാനിക്കുന്നു", വെന്ന സങ്കീർത്തനക്കാരന്റെ വാക്യം ജീവിതത്തിൽ അനുഭവിച്ചറിയാൻ സാധിച്ചു.

അക്ഷീണം പ്രവർത്തിക്കുന്ന ഒരു കൂട്ടംഇടവകക്കാർ അരയും തലയും മുറുക്കി ദേവാലയത്തിന് ചുറ്റുമുണ്ട്. ദേവാലയത്തിന്റെ സമീപ വാസികൾ പറഞ്ഞത് "വളരെ കാലം കൂടിയാണ് ഈപരിസരം ഇത്രയും ഭംഗിയായി കാണുന്നത്." എന്നാണ്. ഒറ്റക്കെട്ടായി നിന്ന് പ്രവർത്തിക്കുന്ന ജനങ്ങളോടു കൂടി പ്രവർത്തിക്കുമ്പോഴുള്ള സന്തോഷവും, സംതൃപ്തിയും അതിരറ്റതാണ്.

ഇടവകയുടെ വളർച്ച അഭൂതപൂർവമായിരുന്നു, 28 കുടുംബങ്ങളിൽ നിന്ന് 100 കുടുംബങ്ങളായി അംഗസംഖ്യ വർദ്ധിച്ചു. അതിലുപരി ഇടവകാംഗങ്ങൾക്കുണ്ടായിട്ടുള്ള എല്ലാ അഭിവൃദ്ധിയുടെയും സ്രോതസ് ദൈവമാണെന്ന് വിശ്വസിച്ച് അവരുടെ കഴിവനനുസരിച്ച് സംഭാവനകൾ കൊടുക്കുകയും ഇടവകയിൽ നല്ല ആത്മീയാന്തരീക്ഷം നിലനിർത്താൻ സഹകരിക്കുകയും ചെയ്തത് മാതൃകാപരമാണ്. അല്പം പോലും വിവേചനമനോഭാവമില്ലാതെ എല്ലാവരും കൈകോർത്തു പിടിച്ച് ജീവിക്കുന്ന അവസ്ഥയിലേക്ക് ദൈവം ഇടവകയെ എത്തിച്ചതിന് ദൈവത്തിന് സ്തുതി!

ഇടവകയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ പന്ത്രണ്ടോളം കമ്മറ്റികൾ പ്രവർത്തിക്കുന്നു. ആത്മീയ സംഘടനകളായ സൺഡേസ്ക്കൂൾ, മർത്തമറിയം സമാജം, യൂത്ത്ലീഗ്, എം.ജി.ഒ.സി. എസ്.എം. ദമ്പതീ ഫോറം (Couples Forum) പുരുഷ ഫോറം എന്നിവ സജീവമായി പ്രവർത്തിക്കുന്നു ആത്മീയ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുവാൻ പുതുതായി വൈദീക വിദ്യാഭ്യാസം പൂർത്തിയാക്കിയ റവ. ഡീ. അജു മാത്യൂസ്, റവ. ഡീ. ഗീവർഗീസ് ജോൺ എന്നിവർ തയ്യാറായിട്ടുണ്ട്.

സഭയുടെ മൗലിക കടമയായ സ്നേഹസാഹോദര്യങ്ങൾ ജീവിത പ്രമാണമായി സ്വീകരിച്ച ഈ ഇടവക സ്നേഹാഭിവാദനങ്ങൾ ദേവാലയകൂദാശയുടെ സന്ദർഭത്തിൽ എല്ലാവർക്കും അർപ്പിക്കുന്നു.

❖



ഫാ. എം. കെ. കുറിയാക്കോസ്
(വികാരി)



ജോൺ പണിക്കർ
(സെക്രട്ടറി)



ഇടിക്കുള തോമസ്
(ട്രസ്റ്റി)

ഫിലാഡൽഫിയ സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച് സമുച്ചയം - മലങ്കരസഭയുടെ അഭിമാനം



വിശുദ്ധ മദ്ബഹാ



ഇടവകയുടെ കാവൽപിതാവ്

ഫിലാഡൽഫിയ സെന്റ് തോമസ് പള്ളി കൂദാശ

ജോൺ പണിക്കർ (ഇടവക സെക്രട്ടറി)


അമേരിക്കയിലെ ഒരു പ്രധാന പട്ടണമായ ഫിലാഡൽഫിയായിലെ ആദ്യത്തെ ഓർത്തഡോക്സ് ഇടവകയായ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവക സ്വന്തമായി വാങ്ങിയ ദേവാലയത്തിന്റെ കൂദാശ സെപ്റ്റംബർ 30, ഒക്ടോബർ 1, 2 തീയതികളിൽ ആഘോഷപൂർവ്വം നടത്തി.

മലങ്കര സഭക്ക് മലയാളക്കരയുടെ പുറത്തുള്ള ദേവാലയങ്ങളിൽ ഏറ്റവും വലുതായ ഈ ദേവാലയ സമുച്ചയം ഓർത്തഡോക്സ് സഭയുടെ അഭിമാനസ്തംഭമാണ്. നോർത്ത് ഈസ്റ്റ് ഫിലാഡൽഫിയായിലെ കാസ്റ്റർ ഗാർഡനിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഓക്സ്ഫോർഡ് സർക്കിൾ ജ്യൂയിഷ് കമ്യൂണിറ്റി സെന്ററിന്റെ 44000 അടി തറ വിസ്തീർണ്ണമുള്ള കെട്ടിട സമുച്ചയമാണ് ഇടവക സ്വന്തമായി വാങ്ങിയത്.

1976-ൽ സ്ഥാപിതമായ ഇടവക, കനാൻനാട്ടിലേക്ക് യാത്ര ചെയ്തുകൊണ്ടിരുന്ന ഇസ്രയേൽ മക്കളെപോലെ, വിവിധ സ്ഥലങ്ങളിൽ ആരാധന നടത്തിവരികയായിരുന്നു. കഴിഞ്ഞ ഒൻപത് വർഷങ്ങളായി കാർഡിനൽ ഡാക്ർട്ടി ഹൈസ്ക്കൂൾ ചാപ്പലിൽ ആരാധന നടത്തിക്കൊണ്ടിരുന്ന ഇടവകക്കാർക്ക് ദൈവത്തിൽ നിന്നും ലഭിച്ച വരദാനമാണ് ഈ മനോഹരമായ ദേവാലയം. 'യഹോവയ്ക്ക് ഒരു ഭവനമില്ലാതെ ഞാൻ എങ്ങനെ ദേവദാരു കൊണ്ടു നിർമ്മിച്ച കൊട്ടാരത്തിൽ കിടന്നുറങ്ങും' എന്ന് ആകുലപ്പെട്ട ദാവീദ് രാജാവിനെപ്പോലെ സ്വന്തമായ ദേവാലയത്തിനുവേണ്ടി കണ്ണുനീരൊഴുക്കിയുള്ള യാചനയുടെ ഫലമായിട്ടാണ് ഇടവകാംഗങ്ങൾ ഈ ദേവാലയത്തെ കാണുന്നത്.

പ്രവർത്തിയില്ലാത്ത പ്രസംഗം വ്യർത്ഥമാണെന്ന് വിശുദ്ധ യാക്കോബ് പറയുന്നത് അക്ഷരാർത്ഥത്തിൽ മനസിലാക്കിയ ഇടവക വികാരി ദശാംശം ദേവാലയത്തിൽ നൽകുകയും മാലാഖി പ്രവാചകന്റെ വെല്ലുവിളി ഏറ്റെടുക്കാൻ ഇടവകാംഗങ്ങളെ ഉത്ബോധിപ്പിക്കുകയും ചെയ്തത് ഭൂരിപക്ഷം ഇടവകാംഗങ്ങളും അനുസരിക്കുകയും ചെയ്തപ്പോൾ ഇടവകയുടെ ബിൽഡിംഗ് ഫണ്ട് ദ്രുതഗതിയിൽ വളർന്നുകൊണ്ടിരുന്നു. ഇടവകാംഗങ്ങൾ ദശാംശമോ അതിനടുത്ത തുകയോ ബിൽഡിംഗ് ഫണ്ടിലേക്ക് വർഷങ്ങളായി നൽകിക്കൊണ്ടിരുന്നതിനാലാണ് നൂറിൽ താഴെ കുടുംബാംഗങ്ങളുള്ള ഇടവകക്കാർക്ക് രണ്ടു മില്ല്യനിൽ കൂടുതൽ വിലയുള്ള ഈ കെട്ടിട സമുച്ചയം കടം ഇല്ലാതെ വാങ്ങാൻ സാധിച്ചത്.

ഇടവകക്ക് ലഭ്യമായിരിക്കുന്ന സൗകര്യങ്ങൾ ഇൻഡ്യൻ സമൂഹത്തിന്റെ ഉപയോഗങ്ങൾക്ക് ലഭ്യമാണ്. കെട്ടിടസമുച്ചയത്തിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി സമൂഹനന്മക്ക് ഉതകുന്ന പല പദ്ധതികളും ഇടവക ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു. ❖



ദേവാലയത്തിനുൾവശം

കൂദാശാ പരിപാടികൾ: സംക്ഷിപ്ത വിവരം

2005 സെപ്തംബർ 30 വെള്ളിയാഴ്ച കൂദാശയുടെ ഒന്നാം ഭാഗവും ഒക്ടോബർ 1 ശനിയാഴ്ച വി. കുർബ്ബാനയോടെ വി. കൂദാശയുടെ രണ്ടാം ഭാഗവും പൂർത്തീകരിക്കപ്പെട്ടു. അഭിവന്ദ്യരായ ഡോ. തോമസ് മാർ മക്കാറിയോസ്, സഖറിയാ മാർ നിക്കോളാവോസ് എന്നീ തിരുമേനിമാരുടെ മുഖ്യ കാർമ്മികത്വത്തിലും, അനേകം വൈദികരുടെയും നൂറു കണക്കിന് വിശ്വാസികളുടെയും അതിഥികളുടെയും സാന്നിധ്യത്തിലുമാണ് കൂദാശ നിർവ്വഹിക്കപ്പെട്ടത്. കൂദാശാനന്തരം, എല്ലാവർക്കും വിഭവസമൃദ്ധമായ ഉച്ച ഭക്ഷണം നൽകപ്പെട്ടു. പിന്നീട് നടന്ന പൊതു സമ്മേളനത്തിൽ മെത്രാപ്പോലീത്താമാരെ കൂടാതെ, അമേരിക്കൻ കോൺഗ്രസ് അംഗം ആലിസൺ ഷ്വാർട്ട്സ്, ഫിലദൽഫിയ കൗൺസിൽ ഒന്നീൽ, ഡിസ്ട്രിക്ട് അറ്റോർണി ലിൻ ഏബ്രഹാം, ഇൻഡ്യൻ സമൂഹത്തിന്റെയും, മലയാളി സംഘടനകളുടെയും, ഹിന്ദു സമൂഹത്തിന്റെയും പ്രതിനിധികൾ, വികാരി ഫാ. എം. കെ. കുറിയാക്കോസ്, ഇടവക സെക്രട്ടറി ജോൺ പണിക്കർ മുതലായവർ പ്രസംഗിച്ചു. ശനിയാഴ്ച വൈകുന്നേരം സുപ്രസിദ്ധ ഗായകൻ ബിജു നാരായണനും സംഘവും അതിമനോഹരമായ സംഗീതപരിപാടി അവതരിപ്പിച്ചു.

ഫാ. മാത്യൂസ് കോളേജ് ഓഫ് നഴ്സിംങ് കൂദാശയും ഉദ്ഘാടനവും



നഴ്സിംങ് കോളേജ് ഉദ്ഘാടനം ഡോ. യാക്കോബ് മാർ ഐറേനിയോസ് നിർവ്വഹിക്കുന്നു. സമീപം ചെയർമാൻ വി. ഐ. മാത്യൂസ് കോർ–എപ്പിസ്ക്കോപ്പാ, ഡോ. സിസ്റ്റർ അൽഫോൺസാ, ശ്രീ. പി. എം. ജേക്കബ്, ശ്രീ. സ്ഫടികം ജോർജ്ജ്, ഡോ. റെൻജി ഐസക് മാത്യൂസ്, ശ്രീമതി മേരി ജോൺ ജേക്കബ്.

ബാംഗ്ലൂർ:- ഫാ. മാത്യൂസ് നഴ്സിംങ് കോളേജിന്റെ കൂദാശയും ഉദ്ഘാടനവും അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസിന്റെ നേതൃത്വത്തിൽ നിർവഹിച്ചു.

സെപ്റ്റംബർ 21-ന് ഉച്ച കഴിഞ്ഞു രണ്ടു മണിക്ക് എത്തിച്ചേർന്ന തിരുമേനിയെ വിദ്യാർത്ഥികളും രക്ഷാകർത്താക്കളും കോളേജ് പ്രിൻസിപ്പലും അദ്ധ്യാപകരും ചേർന്നു സ്വീകരിച്ചു. അഭി.തിരുമേനിയെ കോളേജ് ചെയർമാൻ വി. ഐ. മാത്യൂസ് കോർഎപ്പിസ്ക്കോപ്പാ ഹാരമണിയിച്ചു. തുടർന്നു തിരുമേനി നാടമുറിച്ചു കോളേജ് ഉദ്ഘാടനം ചെയ്തു. തുടർന്നു കൂദാശയും പൊതു സമ്മേളനവും ഉണ്ടായിരുന്നു. പൊതു സമ്മേളനത്തിലേക്ക് കോളേജ് മാനേജിംഗ് ട്രസ്റ്റി പി.എം. ജേക്കബ് ഹാരമണിയിച്ചു സ്വീകരിച്ചു.

ഡോ. സിസ്റ്റർ അൽഫോൺസാ, മിസ്സിസ് മേരി ജോൺ ജേക്കബ് (പ്രിൻസിപ്പാൾ, ജോയന്റ് സെക്രട്ടറി), പി. എം. ജേക്കബ്, സിനിമാ നടൻ സ്പടികം ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

വി.ഐ. മാത്യൂസ് കോർ എപ്പിസ്ക്കോപ്പാ സ്വാഗതവും സെക്രട്ടറി ഡോ. റെൻജി ഐസക്ക് മാത്യൂസ് കൃതജ്ഞതയും പ്രകാശിപ്പിച്ചു.

ഫാ. മാത്യൂസ് നേർസിംഗ് കോളേജിൽ ആകെ അനുവദിച്ചു കിട്ടിയ 40 സീറ്റിൽ മാനേജ് മെന്റ് കോട്ട 28 സീറ്റിലേക്ക് വളരെ നേരത്തേ തന്നെ കുട്ടികളെ എടുത്തു. പലരും സീറ്റ് ആവശ്യപ്പെട്ടിരുന്നെങ്കിലും 28 സീറ്റിൽ കൂടുതൽ എടുക്കാൻ നിർവാഹമായി തീരുന്നതിനാൽ എടുക്കാൻ സാധിക്കാത്തതിനാൽ ഖേദമുണ്ടു.

എന്നാൽ ഗവൺമെന്റ് കോട്ടായിൽ 12 സീറ്റ് ഒഴിവുണ്ട്. അതിലേക്കായി ഉടൻ തന്നെ താഴെ പറയുന്ന നമ്പറിൽ ബന്ധപ്പെടുക.

VERY REV. V. I. MATHEWS
COR-EPISCOPA
TEL.: 09342239500, 09448503026, 08251-265045

MR. P. M. JACOB (MANAGING TRUSTEE)
TEL.: 09341214343

DR. RENJI ISSAC MATHEWS (SECRETARY)
TEL.: 09341229030

FR. T. A. EDAYADI
TEL.: 9447300908

REV. FR. P. M. JOHN
TEL.: 0475-2328200

P. M. ISSACKUTTY, PATHANAPURAM
TEL.: 0475-2351890 (O), 2328227 (R)



ഉത്തരഭാരത മിഷന്റെ പ്രോദ്ഘാടകൻ എൺപത്തി രണ്ടാം വയസ്സിലേക്ക്

വി. സി. നൈനാൻ, നാഗ്പൂർ (സഭാ മാനേജിംഗ് കമ്മറ്റിയംഗം)

(. ഫലവും സുദീർഘവുമായ അജപാലന ദൗത്യത്തിന്റെ കഴിഞ്ഞ കാലങ്ങളെ അയവിറക്കുമ്പോൾ തികഞ്ഞ സന്തോഷവും, ചാരിതാർത്ഥ്യവുമാണ് ഈ കർമ്മ യോഗിക്ക്. ഉന്നതമായ ചിന്തയും, ലളിത ജീവിതവും അന്യമാകുന്ന ഇന്നത്തെ സമൂഹത്തിന് ഉത്തമ മാതൃകയാണ് ഈ ഇടയ ശ്രേഷ്ഠന്റെ ജീവിതം. അഭിപ്രായം പറയുന്നതിൽ തിക്കും തിരക്കും ലേശം പോലുമില്ല. മാധ്യമങ്ങളിൽ സ്ഥാനം പിടിക്കണമെന്നില്ല. ലഭ്യമാക്കുന്ന അവസരങ്ങളിലും, വേദികളിലും മിഷന്റെ ആവശ്യകതയെപ്പറ്റി അടുക്കോടും, ചിട്ടയോടും കൂടി പ്രസംഗിക്കാറുണ്ട്. അതിനുദാഹരണമാണ് കഴിഞ്ഞ മലങ്കര അസോസിയേഷനിൽ പരുമല വച്ച് മെത്രാൻ തെരഞ്ഞെടുപ്പിൽ വോട്ടിംഗിന് ശേഷം നടത്തിയ പൊതു സമ്മേളനത്തിലെ പ്രസംഗം. ഭദ്രാസനത്തിന്റെ സാരഥ്യം വഹിക്കുന്നതും, ഭദ്രാസനം കൈവരിച്ച നാനാവിധ പുരോഗതിയുടെ പിന്നിലെ സാഹചര്യങ്ങളും, വളരെ ലളിതമായ ഭാഷയിൽ പങ്ക് വച്ചു. പതറിപ്പോയ നിമിഷങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും പ്രതിബന്ധങ്ങളെ തരണം ചെയ്യുവാൻ ദൈവകൃപ ഒരു മേഘസ്തംഭം പോലെ പകലും, അഗ്നിസ്തംഭം പോലെ രാത്രിയും ഈ പിതാവിന് വഴികാട്ടിയായിരുന്നു.

ആഡംബരങ്ങളിലും, ആർഭാടങ്ങളിലും മുഴുകി ആത്മാവിനെ കൈകളിൽ അമ്മാനമാടുന്ന നസ്രാണിക്ക് മിഷനെപ്പറ്റി കേൾക്കാൻ എന്ത് താല്പര്യം. പള്ളി പ്രശ്നങ്ങളും, വ്യവഹാരങ്ങളും കോർത്തിണക്കിയും, നേതൃത്വത്തെ വിമർശിച്ചും നടത്തുന്ന പ്രസംഗങ്ങൾക്ക് കൂടുതൽ പ്രസക്തി. വാക്കുകളേക്കാൾ പ്രവർത്തികൾക്ക് ആണ് അഭിവന്ദ്യ തിരുമനസ്സ് പ്രാധാന്യം നൽകുന്നത്.

ഈ പിതാവിന് ഉറക്കത്തിലും ഉണർവിലും ഒരേ ചിന്തമാത്രം ഗ്രാമീണ മിഷൻ. തുടങ്ങിവച്ച ഗ്രാമീണ മിഷൻ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുൻപോട്ട് കൊണ്ടുപോകുവാൻ സേവന സന്നദ്ധതയും, ആത്മാർത്ഥതയുള്ള പ്രവർത്തകർ കുറഞ്ഞു പോകു എന്ന ചിന്ത ഈ പിതാവിനെ വേദനിപ്പിക്കുന്നു. മിഷൻ പ്രവർത്തനങ്ങൾക്ക് പല വെല്ലുവിളികളും നേരിടുന്ന ഈ സാഹചര്യത്തിൽ പ്രത്യേകിച്ച് ഉത്തരഭാരതത്തിൽ, സമൂഹത്തിന്റെ നന്മയെ മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതിനെ മതപരിവർത്തനമായി പർവ്വതീകരിക്കുന്ന വർഗ്ഗീയ രാഷ്ട്രീയക്കാർ ഓർത്തഡോക്സ് സഭയുടെ മിഷൻ പ്രവർത്തനങ്ങൾ മതപരിവർത്തനത്തെ ലക്ഷ്യമാക്കിയുള്ളതല്ല എന്ന യാഥാർത്ഥ്യം ഏവരേയും ബോധ്യപ്പെടുത്തുവാൻ സഭാ കേന്ദ്രത്തിൽ നിന്നു തന്നെ വേണ്ട സംവിധാനം ഉണ്ടാകണം.

കൽക്കട്ടാ ഭദ്രാസനം കൈവരിച്ച നേട്ടങ്ങളെ നാട്ടിലെ പല വേദികളിലും പുകഴ്ത്തി പറയാറുണ്ട്. സ്ഥാപനങ്ങളുടെ എണ്ണവും, അതിന്റെ ബഡ്ജറ്റും, ബാലൻസ്ഷീറ്റും മാത്രം കണ്ടുകൊണ്ടുള്ള പ്രസ്താവനകൾ ആണിത്. ഈ ഭദ്രാസനത്തിന്റെയും അതിലെ സ്ഥാപനങ്ങളുടെയും വളർച്ചയുടെ പിന്നിൽ നേരിടേണ്ടിവന്ന മുള്ളുകൾ, പറക്കാരകൾ, വേദനകൾ, സന്താപങ്ങൾ ഇവയൊക്കെയും പഠിച്ച് മനസ്സിലാക്കി പ്രകീർത്തിച്ചാൽ നല്ലതായിരുന്നു. പുരോഗതിയെ പങ്കിട്ട് അഭിമാനിക്കുമ്പോൾ, ഈ ഭദ്രാസനത്തിലെ ഓരോ ഇടവകയുടെയും, ഓരോ സ്ഥാപനങ്ങളുടേയും ഭാവി നിലനില്പിനേയും, ബാധ്യതകളെയും പറ്റി ചിന്തിക്കണം.

വിദ്യാഭ്യാസത്തെ കച്ചവട മേഖലയാക്കുന്നവർക്ക് ഒരുപക്ഷെ അതിശയം തോന്നിയേക്കാം. കാരണം കോഴയും, സംഭാവനയും ഇല്ലാതെ എങ്ങനെ ഈ സ്ഥാപനങ്ങൾ നടക്കുന്നു? വികസിത സ്ഥാപനങ്ങളിൽ നിന്നുള്ള തുച്ഛമായ മിച്ചവും, ശേഷം കടമെടുത്തും അവികസിത സ്ഥാപനങ്ങൾക്കായി ഉപയോഗിക്കുന്നു. അതു തന്നെയുമല്ല അർഹരായ അനേകം പാവപ്പെട്ട കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസ സഹായവും ഈ സ്ഥാപനങ്ങളിൽ നിന്ന് നൽകുന്നു. നീതിയുടെ മാർഗ്ഗത്തിൽ നിന്നുള്ള അദ്ധ്വാനഫലം പങ്ക് വച്ചുള്ള പ്രവർത്തനശൈലി, കണക്കുകളിലും പണമിടപാടുകളിലും കാണുന്ന ട്രാൻസ്പെരൻസി. മെയ് മാസത്തിൽ നടന്ന മാനേജിംഗ് കമ്മറ്റിയുടെ ബഡ്ജറ്റ് സമ്മേളനത്തിൽ സഭാ സെക്രട്ടറി കൽക്കട്ടാ ഭദ്രാസനത്തെ അഭിനന്ദിക്കുകയും ചെയ്തു.

സമൂഹത്തിന് പ്രയോജനം ജനങ്ങളുടെ ഇടയിലുള്ള പ്രവർത്തനമാണെന്ന് മനസ്സിലാക്കി 1986–ൽ മക്കോഡിയായിൽ ഓർത്തഡോക്സ് സഭയുടെ പ്രഥമ ഗ്രാമീണ മിഷൻ രൂപം കൊണ്ടു. ഗ്രാമീണരുടെ ഉയർച്ചയും ഉന്നതിയും മാത്രം ലക്ഷ്യം വച്ചുകൊണ്ട് 'അഭയ നികേതൻ' അതിന്റെ വിവിധ പദ്ധതികളുമായി പ്രവർത്തന ശേഷിയിൽ എത്തി. ഈ പിതാവിന് ആരോടും പരിഭവം ഇല്ല,

The Macodian Apostle

FR. DR. REJI MATHEWS (Principal Nagpur Seminary)

His Grace Dr. Stephanos Mar Theodosius is the modern Apostle of our Church in North India. We, the faculty and studensts of St. Thomas Orthodox Theological Seminary are privilaged to wish a happy birthday to our beloved thirumeni.

His contribution to the Church is marvelous and he has become a symbol for the Orthodox understanding of episcopacy.

Thirumeni's presence in North India itself is incredible. He came to north in early fifties and has become a north Indian in many ways. No bishop of our Church has spent that much time in this part of our country. Thirumeni is unknown to many in Kerala, because he visits the motherland only for some unavoidable programmes. Neither his picture nor his message may be popular amoung those who think that Orthodox Bishops are concecreated for sacremental leadership in places between Thiruvithamcode and Coimbatore. Thirumeni likes to be in the north and it is based on his conviction that God called him for mission of North India. That itself gives a message of our Church. We are concerned not only about Orthodox Diaspora but also for the people outside. The youth of our Church in the diaspora is delighted when Thirumeni leads a conference this is not based on a speech, but its reason is the mere presence of thirumeni.

The way he deals and food he needs is simple. The splendor of a bishop as per the medieval prescriptions is unknown to thirumeni. He can be accomodated in the poor man's hut and he will sleep on the benches of our railway stations. His travel was always in the second class compartments till the beginning of the new millennium. In spite of his age and long journeys he undertakes, he doesnot have a personal assistant.

Mission has got a new dimension in Thirumeni's prespective He is not so enthusiastic about the luxury of charity. What he supports is rather the development of human resources Almost all the parishes of his diocese have got a School of its own. New Schools get the initial supports from Thirumeni's own pocket. The call of Mahatma Gandhi that the future of India lies in the villages of India has got an impact on Thirumeni's mission . Makodia is a model for this; His work is spread over hundreds of villages in that area. He believes more in the conversion of life standard of the poor people than in the conversion of their faith.

However for what Mar Theodosius will be remembered in the history of our Church will be for his leadership in starting a seminary in north India. He was ready to offer his own campus for the beginning of the seminary. Nobody would have imagined then the rapid growth of the seminary. Now in the tenth anniversary of the seminary we feel thankful to his vision about the Church and we pray to God to provide him health and more years so that his dreams will be materialized in his own time. We wish him a happy birthday. Let God help him inspire more people to take up the divine call in the Macaodian style. ❖

പരാതിയില്ല, അപേക്ഷകളില്ല. ആവശ്യമൊന്നു മാത്രം 'കൊയ്ത്ത് ധാരാളം, പക്ഷെ കൊയ്ത്തുകാരുടെ അഭാവം. തിരുമേനി മിഷനെക്കുറിച്ച് പറയുമ്പോൾ വിനയാന്വിതരായി നിൽക്കുന്നവരും, കേൾക്കുന്നവരും ധാരാളമുണ്ട്. മിഷനു വേണ്ടി മാത്രം എന്ന തീരുമാനത്തോടും, വാഗ്ദാനത്തോടും കൂടി വൈദിക പഠനത്തിന് വരുന്നവരും, വൈദികരായാൽ ഇടവകയെ മാത്രം സ്വപ്നം കാണുന്നു. യുവവൈദികരുടേയും, വൈദിക വിദ്യാർത്ഥികളുടെയും ഈ സമീപനത്തെ വളരെ പ്രയാസത്തോടെ അടുത്തിടയിലെ കൂടികാഴ്ചയിൽ പറയുകയുണ്ടായി.

മിഷനെപ്പറ്റിയും, സ്ഥാപനങ്ങളെക്കുറിച്ചും അല്പം കുത്തിക്കുറിച്ചെങ്കിലും, തിരുമേനിയുടെ ചിരകാല അഭിലാഷത്തിന്റെയും, സന്തോഷത്തിന്റെയും സാക്ഷാൽക്കാരമായ നാഗ്പൂർ സെമിനാരിയെപ്പറ്റിയും അല്പം മാത്രം എഴുതുന്നു. 1995 സെപ്റ്റംബർ 14–ാം തീയതി ഭിലായ് സെന്റ് തോമസ് ആശ്രമത്തിൽ 7 വിദ്യാർത്ഥികളെ ചേർത്ത് ആരംഭിച്ച സെന്റ്. തോമസ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി നാഗ്പൂരിൽ അതിന്റെ പൂർണ്ണതയിലേക്ക് വളരുന്നു. 10 വർഷം പൂർത്തിയാകുന്ന ഈ സ്ഥാപനം സഭക്ക് എന്നും അഭിമാനിക്കാവുന്നതാണ് മലങ്കര സഭയുടെ രണ്ടാമത്തെ സെമിനാരി സ്ഥാപകൻ എന്ന് സഭാ ചരിത്രത്തിന്റെ ഏടുകളിൽ സ്ഥാനം പിടിക്കുന്ന അഭിവന്ദ്യ തോവോദോസ്യോസ് തിരുമേനി മലങ്കര സഭയുടെ രണ്ടാം പുലിക്കോട്ടിൽ തിരുമേനിയായി.

നിഷ്ക്കളങ്കതയും, ഉദ്ദേശ്യശുദ്ധിയും ലക്ഷ്യബോധവും കൈവെടിയാതെ ദൈവകൃപയുടെ തണലിൽ മാത്രം അഭയം പ്രാപിച്ച് പ്രവർത്തിക്കുവാൻ ദൈവം കൊടുത്ത ആയുസ്സിനും, ആരോഗ്യത്തിനും ശ്രേയസ്കരമായ ജീവിതത്തിനും നമുക്ക് ദൈവത്തെ സ്തുതിക്കാം. അതോടൊപ്പം എൺപത്തിരണ്ടാം വയസ്സിലേക്ക് പ്രവേശിക്കുന്ന ബാഹ്യ കേരള മിഷന്റെ പ്രതിഭയും പ്രതീകവുമായ ഈ കർമ്മയോഗിക്ക് മലങ്കരസഭാ മക്കളോടൊപ്പം നിന്ന് ആരോഗ്യത്തോടു കൂടിയ ദീർഘായുസ്സും, സർവ്വവിധ ഭാവുകങ്ങളും അർപ്പിക്കുന്നു. ❖

ലേഖനം

വി. കുർബ്ബാന ഒരു - സ്വർഗ്ഗീയ വിരുന്ന്

ഡോ. ബിജി ആനി തോമസ്, അടൂർ

വി. കുർബ്ബാനയാകുന്ന സ്വർഗ്ഗീയ വിരുന്നിൽ സംബന്ധിക്കുമ്പോൾ നാമും സമയനിഷ്ഠ പാലിക്കേണ്ടതുണ്ട്. കുറച്ചു സമയം നിന്നാൽ മതിയല്ലോ എന്നു കരുതി താമസിച്ചു വരുന്നവർ ഏറെയുണ്ട്. എന്നാൽ ആതിഥേയനായ രാജാധിരാജൻ താണിറങ്ങി വരുന്ന ഈ ദിവ്യ വിരുന്നിൽ നീ താമസിച്ചാണ് എത്തുന്നതെങ്കിൽ തമ്പുരാനെ അവഹേളിക്കുക വഴി നിനക്കർഹമായ പല അനുഗ്രഹങ്ങളും നീ നഷ്ടമാക്കിക്കളയുകയാണ് ചെയ്യുന്നത്.

അപ്പോസ്തോലിക സഭകൾ വി. കുർബ്ബാനയ്ക്ക് വളരെയേറെ പ്രാധാന്യം കൊടുക്കുന്നുണ്ട്. ഇന്ന് നമ്മുടെ സഭ ഒറ്റക്കെട്ടായി നിലകൊള്ളുന്നതിന്റെ ഊർജ്ജസ്രോതസ്സ് എന്നു പറയുന്നത് ദിനം തോറും ദൈവത്തിന് പ്രീതികരമായ ആരാധനയായി പലസ്ഥലങ്ങളിലായി അർപ്പിക്കപ്പെടുന്ന വി. കുർബ്ബാനയാണ്. ഇത് ഒരു സ്തോത്രബലിയാണ്. മുൻകാലങ്ങളെക്കാൾ ഇന്ന് ഏറെ വിശ്വാസികൾ വി. കുർബ്ബാന കണ്ടുപോകുന്നവർ മാത്രമല്ല അനുഭവിക്കുന്നവരുമാണ് എന്നത് ഏറെ സന്തോഷകരമാണ്. എന്നാൽ ഒരു ദുഃഖകരമായ അവസ്ഥ പലരും ഇത് ഒരു ചടങ്ങ് അല്ലെങ്കിൽ അനുഷ്ഠാനം എന്ന രീതിയിൽ മാത്രം ചെയ്യുന്നവരാണ്. പ. കുർബ്ബാനയിൽ സംബന്ധിക്കുന്നവർ പലരും വളരെ അലക്ഷ്യമായിട്ടും, തമ്മിൽ സംസാരിച്ചും, അശ്രദ്ധമായി കുറെ ഉരുവിട്ടും,മർമ്മപ്രധാനമായ സന്ദർഭങ്ങളിൽപോലും പുറത്തിറങ്ങി നടക്കുന്നവരും, പേരിനുവേണ്ടി തീരാറുകുന്ന സമയത്ത് വന്ന് പുറത്തുനിന്നിട്ടു പോകുന്നവരും ആയി കണ്ടിരുന്നു. പ. കുർബ്ബാനയുടെ യഥാർത്ഥ പൊരുൾ തിരിച്ചറിഞ്ഞിട്ടുള്ളവർക്കു മനസ്സിലാകും, ഈ അലക്ഷ്യതയിലൂടെ നാം ദൈവത്തെ അവഹേളിക്കുകയും നമ്മെത്തന്നെ പാപത്തിലേക്കു നയിക്കുകയുമാണ് ചെയ്യുന്നതെന്ന്.

വി. കുർബ്ബാനയ്ക്ക് ജീവനുള്ള ബലി എന്നൊരു പേരു കൂടി ഉണ്ട്, സ്നേഹവാനായ പിതാവാം ദൈവം തന്റെ പ്രിയ പുത്രനെ നമുക്കോരോരുത്തർക്കും വേണ്ടി കാൽവരിയിൽ ബലിയായി സമർപ്പിച്ച യാഗാർപ്പണത്തിന്റെ അനുസ്മരണമാണ് വി. കുർബ്ബാന ഇവിടെ നാം ക്രിസ്തുവിന്റെ ജനനം മുതൽ രണ്ടാം വരവു വരെ ഓർമ്മിക്കുന്നു. 1 കോരി. 11:24-ൽ പറയുന്നതുപോലെ 'എന്റെ ഓർമ്മക്കായി ഇതു ചെയ്‌വീൻ' എന്നു ശിഷ്യന്മാരെ ഭരമേൽപ്പിച്ചുകൊണ്ട് തന്റെ തിരുശരീരവും തിരുരക്തവും മാനവരാശിയുടെ രക്ഷയ്ക്കുവേണ്ടി ഊറ്റിക്കൊടുത്ത നിഷ്കളങ്ക കുഞ്ഞാടിന്റെ യാഗാർപ്പണ സ്മരണയാണ് ഈ ദിവ്യകൂദാശയിലൂടെ നാം ഓർക്കുന്നത്. വി. മത്തായി 22:1-14 വരെയുള്ള വാക്യങ്ങളിൽ ഒരു രാജകീയ സദ്യയെപ്പറ്റി യേശു പറയന്നുണ്ട്. വി. കുർബ്ബാന എന്നതും ഒരു സ്വർഗ്ഗീയ വിരുന്നാണ്. ഈ രാജകീയ വിരുന്നിൽ ക്ഷണിക്കപ്പെട്ട അതിഥികളായ നമുക്കോരോരുത്തർക്കും വേണ്ടി അപ്പവീഞ്ഞുകളുടെ രൂപത്തിൽ യേശു പങ്കുവയ്ക്കപ്പെടുകയാണ്.

"അഗ്നിമയന്മാർ ആരെ നോക്കി വിറച്ചീടുന്നു
അവനെ മേശയിൽ അപ്പം വീഞ്ഞായ് നീ കാണുന്നു" എന്നു നാം പാടുന്നുണ്ടല്ലോ.

ഒരു വിരുന്നിന് ക്ഷണിക്കപ്പെടുമ്പോൾ ചില സംഗതികൾ പ്രത്യേകം ഓർക്കേണ്ടതുണ്ട്.

ഒന്നാമതായി വിരുന്നിന്റെ സമയം. സമയനിഷ്ഠ പാലിച്ചില്ലെങ്കിൽ ഒരു പക്ഷേ എല്ലാ വിഭവങ്ങളും ലഭിച്ചെന്നു വരികയില്ല. വി. കുർബ്ബാനയാകുന്ന സ്വർഗ്ഗീയ വിരുന്നിൽ സംബന്ധിക്കുമ്പോൾ നാമും സമയനിഷ്ഠ പാലിക്കേണ്ടതുണ്ട്. കുറച്ചു സമയം നിന്നാൽ മതിയല്ലോ എന്നു കരുതി താമസിച്ചു വരുന്നവർ ഏറെയുണ്ട്. എന്നാൽ ആതിഥേയനായ രാജാധിരാജൻ താണിറങ്ങി വരുന്ന ഈ ദിവ്യ വിരുന്നിൽ നീ താമസിച്ചാണ് എത്തുന്നതെങ്കിൽ തമ്പുരാനെ അവഹേളിക്കുക വഴി നിനക്കർഹമായ പല അനുഗ്രഹങ്ങളും നീ നഷ്ടമാക്കിക്കളയുകയാണ് ചെയ്യുന്നത്. വി. മത്താ. 22-ൽ കാണുന്ന സ്വർഗ്ഗീയ വിരുന്നിന്റെ ഉപമയിൽ ക്ഷണിക്കപ്പെട്ടവരെ വിളിക്കുവാനായി രാജാവ് ഭൃത്യന്മാരെ അയയ്ക്കുമ്പോൾ എല്ലാവരും ഓരോ ഒഴികഴിവുകൾ പറഞ്ഞ് രാജാവിനെ അപമാനിക്കുന്നു. എന്നാൽ രാജാവ് തന്റെ ഭൃത്യന്മാരെ തെരുവുകളിലേക്കും വഴിക്കവലകളിലേക്കും അയച്ച് അംഗഹീനർ, മുടന്തർ, മുതലായവരെ ക്ഷണിക്കുന്നു. ഇവിടെ നാം കാണുന്നത് തെരഞ്ഞെടുക്കപ്പെട്ടവർ പലരും ഈ അനുഗ്രഹം നഷ്ടമാക്കിക്കളയുമ്പോൾ ദൈവശബ്ദത്തിനുവേണ്ടി കാതോർത്തു നിൽക്കുന്ന അനേക പാവപ്പെട്ടവർ യേശുവിനെ സ്വീകരിക്കുന്നു. രാജാവിന്റെ ക്ഷണം ഒരു ബഹുമതിയും അത് സ്വീകരിക്കേ

6th Death Anniversary
27-10-2005

17.8.1912  27.10.1999

ALEYAMMA MATHEW

VADAKKE VEEDU
ERUVA, KAYAMKULAM

"നിന്റെ മഹത്വമുദിക്കും നാൾ
നില്ക്കണമേ വലഭാഗത്തിൽ"

7TH DEATH ANNIVERSARY
28-10-2005



EASO ANDREWS (KUNJUMON)

OOLAMACKAL,
PULICKAL KAVALA

Inserted by:
Wife & Children

ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നു സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986-ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 968156.00- രൂപയുടെ സൗജന്യചികിത്സ, അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 14574 ഓപ്പറേഷൻ ആകെ 2005 മാർച്ച് 31 വരെയുള്ള കാലത്ത് നടത്തിയതിൽ 4740-ഉം സൗജന്യമായിരുന്നു. അതുപോലെ ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 3394 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവൃത്തിയെന്ന നിലയിൽ ഗിവ്സൈറ്റ് പ്രോജക്ടിലേക്ക് സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)

ണ്ടത് പ്രജകളുടെ കടമയുമാണ്. എന്നാൽ അഹങ്കാരവും ലോകാസക്തിയും നിമിത്തം കഠിനമായ അവരുടെ ഹൃദയം ഈ സ്വർഗ്ഗീയ വിരുന്നിന്റെ പ്രാധാന്യത്തെ നിന്ദിക്കുന്നു.

രണ്ടാമതായി വേണ്ടത് ഒരുക്കമാണ്. വേണ്ടത്ര ഒരുക്കത്തോടെയാണോ ഈ വിരുന്നിന് നാം സന്നിഹിതരാകുന്നത് എന്നു ചിന്തിക്കുക. സങ്കീ. 45:11 രാജാവ് നിന്റെ സൗന്ദര്യത്തെ ആഗ്രഹിക്കും. അവൻ നിന്റെ നാഥനല്ലോ. അവനെ നമസ്ക്കരിക്കുക. രാജാവിന് നമ്മിൽ കടന്നു വരാൻ ആഗ്രഹം ജനിപ്പിക്കുന്നതായ അലങ്കാരം എന്താണ്? അനുതാപക്കണ്ണുനീരാൽ പാപക്കറകളെ കഴുകി നിർമ്മലീകരിക്കപ്പെട്ട ഹൃദയമായിരിക്കണം നമ്മുടെ അലങ്കാരം. ഇത് വളരെ പ്രധാനപ്പെട്ടതാണ് വി. കുർബ്ബാന യോഗ്യതയോടെയും നിർമ്മലഹൃദയത്തോടെയും ഉൾക്കൊള്ളേണ്ടതാണ് അല്ലാത്ത പക്ഷം ശിക്ഷാ വിധിക്കു യോഗ്യരാകും എന്ന് പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു.

1 കോരി. 11:27-30 അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രത്തിൽ നിന്നു കുടിക്കുകയോ ചെയ്യുന്നവർ കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും. മനുഷ്യൻ തന്നെത്താൽ ശോധന ചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും കുടിക്കുകയും ചെയ്യാൻ. അവൻ ശരീരത്തെ വിവേചിക്കായ്കയാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു. ഇതു ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു. ഇന്ന് സഭയിലെ ഏറ്റവും സങ്കടകരമായ വസ്തുത പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കുന്നവയുടെ പൊരുൾ ലവലേശം മനസ്സിലാക്കാതെയാണ് പലരും ഈ സ്വർഗ്ഗീയ തീക്കട്ടയെ വായിൽ സ്വീകരിക്കുന്നത് എന്നതാണ്.

രാജകീയ വിരുന്നിന്റെ ഉപമയിൽ രാജാവ് വിളിക്കപ്പെട്ടവർക്കെല്ലാം വിവാഹവസ്ത്രം നൽകുന്നുണ്ട്. എന്താണ് ഈ വിശേഷ വസ്ത്രം? സഭ കൽപിച്ചിട്ടുള്ള കുമ്പസാരമെന്ന കൂദാശയിലൂടെ പാപക്കറകളെ ഏറ്റുപറഞ്ഞുപേക്ഷിക്കുവാൻ ലഭിക്കുന്ന കൃപാവരമാണ് ഈ വിശേഷ വസ്ത്രം. കുമ്പസാരം പൂർണ്ണമാക്കുന്നത് യഥാർത്ഥ പശ്ചാത്താപത്തോടുകൂടി മേലിൽ പാപം ആവർത്തിക്കുകയില്ലെന്ന നിശ്ചയത്തോടെ അവ ഏറ്റുപറയുകയും അവയ്ക്കു പരിഹാരം ചെയ്യുകയും ചെയ്യുമ്പോഴാണ്. പലരും സഭ കൽപ്പിച്ചിട്ടുള്ള ആണ്ടു കുമ്പസാരം നടത്തുന്നുണ്ടെങ്കിലും യഥാർത്ഥ ഒരു മനപരിവർത്തനവും ജീവിത വിശുദ്ധിയും ഉണ്ടാകുന്നില്ല. വീണ്ടും അതേ പാപത്തിലേക്ക് തന്നെ വീണുപോകുകയും മനുഷ്യൻ എപ്പോഴും ബലഹീനനല്ലേ എന്നു സ്വയം ന്യായീകരിക്കുകയും ചെയ്യുന്നു. രാജകീയ വിരുന്നിൽ കല്യാണ വസ്ത്രം ധരിക്കാത്തവനെ രാജാവ് പല്ലുകടിയും കരച്ചിലും നിറഞ്ഞ അന്ധകാരത്തിലേക്ക് തള്ളിയിടുവാനായി കൽപ്പിക്കുന്നു. ആയതിനാൽ യാതൊരു കാരണവശാലും അയോഗ്യതയോടെ നാം വി. കുർബ്ബാന സ്വീകരിക്കരുത്.

മത്താ. 5:21-25-ൽ യേശു പറയുന്നു 'സഹോദരനോട് കോപിക്കുന്നവൻ, നിസ്സാര, മൂഢാ എന്ന് പറയുന്നവൻ ഒക്കെ ന്യായവിധിക്കു മുൻപിൽ നിൽക്കേണ്ടി വരും.' ആകയാൽ നിന്റെ വഴിപാട് യാഗപീഠത്തിൽ കൊണ്ടുവരുമ്പോൾ സഹോദരന്റെ നേരെ വല്ലതും ഉണ്ടെന്നു ഓർമ്മവന്നാൽ, നിന്റെ വഴിപാട് അവിടെ വച്ചിട്ട് പോയി സഹോദരനോട് രമ്യതപ്പെട്ടതിനു ശേഷം മാത്രം വഴിപാടു കഴിക്കുക. നാം വളരെ നിസ്സാരമെന്നു കരുതുന്ന തെറ്റുകൾ പോലും എത്ര ഗൗരവമേറിയതാണെന്ന് യേശു വ്യക്തമാക്കുന്നു. വി. കുർബ്ബാന അർപ്പിക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്നതിനു മുൻപ് ഓരോ വിശ്വാസിയും സ്വയം ശോധന ചെയ്തിട്ട് നാം വേദനിപ്പിച്ചവരോ നമ്മെ വേദനിപ്പിച്ചവരോ ആയ എല്ലാ വ്യക്തികളോടും ക്ഷമിച്ചിട്ടു വേണം അതു സ്വീകരിക്കുവാൻ.

മൂന്നാമതായി എന്താണ് ബലിപീഠത്തിൽ കാഴ്ചയർപ്പിക്കേണ്ടത്? വിവാഹവിരുന്നിന് പലരും സമ്മാനപ്പൊതിയുമായി പോകാറുണ്ട്. ഇവിടെ സ്വർഗ്ഗീയ വിരുന്നിൽ ബലിപീഠത്തിൽ സ്വയം കാഴ്ചവസ്തുവായ യേശുനാഥന് എന്താണ് നമുക്ക് സമർപ്പിക്കുവാനുള്ളത്. പാപക്കറകൾ കഴുകി നിർമ്മലീകരിക്കപ്പെട്ട ഒരു കുഞ്ഞാടായി നമ്മെത്തന്നെയും നമുക്കു ദാനമായി നൽകിയിട്ടുള്ള സകലത്തെയും, സകലരെയും. നാം സമർപ്പിക്കണം. പാപം കടന്നുവരാൻ സാധ്യതയുള്ള എല്ലാ വഴികളേയും ഉപേക്ഷിച്ചുകൊണ്ട് അനുതാപക്കണ്ണുനീരാൽ തന്റെ പാദത്തിൽ തൈലം പൂശിയ പാപിനിയെപ്പോലെ നമ്മെത്തന്നെ കർത്താവിനു ബലിയായി സമർപ്പിക്കാം. അപ്പോഴാണ് ക്രിസ്തു നമ്മിൽ വസിക്കുവാനായി കടന്നു വരുന്നത്. വി. യോഹ. 6:48-58 വരെ ശ്രദ്ധയോടെ വായിക്കുക. യേശു പറയുന്നു. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. നിത്യ ജീവൻ നൽകുന്ന ഈ സ്വർഗ്ഗീയ രഹസ്യങ്ങൾ വിശുദ്ധിയോടുകൂടി നാം അനുഭവിക്കുമ്പോൾ രാജാധിരാജനായ യേശു തന്നെ നമ്മിലേക്ക് വസിക്കുവാനായി കടന്നുവരികയാണ് എന്ന ബോധ്യം നമുക്കുണ്ടായിരിക്കണം. എത്രമാത്രം ഭക്തിയോടും തീക്ഷ്ണതയോടും ആയിരിക്കണം നാം ഈ ദിവ്യരഹസ്യങ്ങളിൽ പങ്കു കൊള്ളേണ്ടത്. വി. ലൂക്കോസ് 24:29-30-ൽ എമ്മാവുസിൽ വച്ച് കർത്താവ് അപ്പം ആശീർവദിച്ച് ശിഷ്യന്മാർക്കു കൊടുത്തപ്പോൾ അവരുടെ കണ്ണു തുറന്നു അവർ യേശുവിനെ തിരിച്ചറിഞ്ഞതായി നാം വായിക്കുന്നു. യേശു നമ്മുടെ ഉള്ളിൽ നിറഞ്ഞ് നമ്മുടെ ഉൾക്കണ്ണുകൾ തുറക്കപ്പെടുമ്പോഴാണ് ഈ മഹാരഹസ്യത്തിന്റെ പൊരുൾ തിരിച്ചറിയുവാൻ സാധിക്കുക. അതിനായി നാം പ്രാർത്ഥിക്കുകയും ആഗ്രഹിക്കുകയും വേണം.

ഏറ്റവും അവസാനമായി വി. കുർബ്ബാനയിൽ അർപ്പിക്കപ്പെടുന്ന നമ്മുടെ ജീവിതം ബലിസമയത്തേക്ക് മാത്രമുള്ള ഒരു ബലി വസ്തുവായി തീരരുത്. ജീവിതാന്ത്യം വരെയും അതിന്റെ പരിശുദ്ധി കാത്തുസൂക്ഷിച്ചുകൊണ്ട് ദൈവഹിത പ്രകാരം ജീവിക്കണം. 2005-ാം വർഷത്തിന്റെ ആദ്യമാസത്തിൽ പ. കാതോലിക്കാ ബാവാ നൽകിയ മഹാപുരോഹിത സന്ദേശം സഭാ മക്കൾ കൗദാശിക ജീവിതത്തിനു കൊടുക്കേണ്ട പ്രാധാന്യത്തെ അടിവരയിട്ട് ഉറപ്പിക്കുന്നു. അദ്ദേഹത്തിന്റെ സന്ദേശത്തിന്റെ പ്രസക്തഭാഗങ്ങൾ ഞാനിവിടെ കുറി

ക്കട്ടെ.

"കൗദാശിക ജീവിതത്തിന്റെ ഉടമകളാണ് നാമേവരും എന്ന യാഥാർത്ഥ്യം വളരെ ഗൗരവത്തോടു കൂടിത്തന്നെ നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്. വിശുദ്ധിയിൽ നിന്ന് വിശുദ്ധിയിലേക്ക് നാം വളരണം. എല്ലാ കൂദാശകളുടേയും അർത്ഥം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്ന വി. കുർബ്ബാന നമ്മുടെ സഭാ ജീവിതത്തിന്റെ കേന്ദ്രബിന്ദുവാണെന്നുള്ള കാര്യം വിസ്മരിക്കരുത്. സഭയുടെ സമ്പൂർണ്ണമായ ആരാധനയാണിത്. ഈ ഭൂമിയിൽ ജീവനോടിരിക്കുന്ന സർവ്വരേയും പ്രത്യേകിച്ച് ദാരിദ്ര്യവും ക്ലേശവും അനുഭവിക്കുന്നവർ, അനാഥർ, വിധവകൾ, രോഗികൾ, അനുതാപികൾ, പ്രത്യേക പ്രാർത്ഥന ആവശ്യമായവർ തുടങ്ങി എല്ലാവരേയും വി. കുർബാനയിലൂടെ ദൈവസന്നിധിയിൽ സമ്മേളിപ്പിക്കുന്നു. വാൽസല്യമക്കളേ വി. കുർബ്ബാന കേന്ദ്രീകൃതമായ കൗദാശിക ജീവിതത്തിൽ അടിയുറച്ച് നിങ്ങളേവരും മുന്നേറണം. കൗദാശിക ജീവിതം പുതുവർഷത്തിന്റെ ആദർശമാക്കി മാറ്റിയാൽ താളം തെറ്റാത്ത സമൂഹത്തെ രൂപപ്പെടുത്താൻ സാധിക്കും."

ഈ മഹത്തായ ഇടയ സന്ദേശത്തെ നമുക്കു യാഥാർത്ഥ്യ ബോധത്തോടെ അനുസരിക്കാം. ❖

മരണത്തിനും വേണം ഒരു പ്ലാനിംഗ്

ബുദ്ധിപരമായി ജീവിതം നയിക്കുന്നവർ ജീവിതത്തിലെ എല്ലാ കാര്യങ്ങളും മുൻകൂട്ടി കണ്ട് പ്ലാൻ ചെയ്യാറുണ്ട്. സാമ്പത്തിക ഭദ്രതക്കും, മക്കളുടെ വിദ്യാഭ്യാസത്തിനും, ഔദ്യോഗികാഭിവൃദ്ധിക്കും, ബിസ്സിനസ്സിന്റെ വളർച്ചയ്ക്കും, കുടുംബത്തിന്റെ ഭാവിക്കും എല്ലാം അവർ വേണ്ട രീതിയിൽ ആസൂത്രണം ചെയ്യുന്നു. പക്ഷേ ജീവിതത്തിലെ ഏറ്റവും സുനിശ്ചിതമായ മരണത്തെക്കുറിച്ച് എന്തു തയ്യാറെടുപ്പാണ് നടത്തിയിട്ടുള്ളത് എന്നു ചോദിച്ചാൽ പലർക്കും ഉത്തരം ഇല്ല. ചരിത്രത്തിലെ ഏറ്റവും മഹാനായ ജേതാവായ അലക്സാണ്ടർ ചക്രവർത്തി ഈ ചോദ്യത്തിനുത്തരമായി മരണത്തിനു മുമ്പേ എഴുതി വച്ച വാക്കുകളാണിവ. "മരണം ഒഴിച്ച്, ജീവിതത്തിൽ മറ്റെല്ലാത്തിനെക്കുറിച്ചും ഞാൻ ചിന്തിക്കുകയും, എല്ലാത്തിനും സമയം നീക്കി വയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ ഏറ്റവും കൂടുതൽ മുൻഗണനയോടെ പരിഗണിക്കേണ്ടിയിരുന്ന വിഷയം ജീവിതാന്ത്യത്തെക്കുറിച്ചായിരുന്നു എന്ന് ഞാനിപ്പോൾ മനസ്സിലാക്കുന്നു."

ദിവസേന ജീവജാലങ്ങൾ ഈ ലോകത്തോട് യാത്ര പറയുന്നത് നാം കാണുന്നു. ജനിച്ചവരാരും മരിക്കാതിരുന്നിട്ടില്ല. ആദ്യപിതാക്കന്മാരായ ആദവും ഹവ്വായും മരണത്തിന് കീഴ്പെട്ടു. അബ്രഹാം ഒരു വലിയ രാജ്യത്തിന്റെ പിതാവായിരുന്നു. പക്ഷേ മരിക്കേണ്ടി വന്നു. നോഹ ഒരു പെട്ടകം ഉണ്ടാക്കി ഒരു സമൂഹത്തെ തന്നെ രക്ഷിച്ചു. എങ്കിലും മരണമായിരുന്നു അന്ത്യം. ക്രൂരനായ ഒരു സിംഹത്തിനൊപ്പം ദാനിയേൽ ഒരു രാത്രി മുഴുവൻ കഴിച്ചുകൂട്ടി. രക്ഷപെട്ടെങ്കിലും അവസാനം മരിക്കേണ്ടിവന്നു. ഹൃദയത്തിൽ ദൈവത്തിന്റെ കൈയ്യൊപ്പുള്ള വ്യക്തിയായിരുന്നു ദാവീദ്. പക്ഷേ മരണത്തിൽ നിന്ന് രക്ഷപെടാനായില്ല. സ്നാപക യോഹന്നാൻ ദൈവത്തോടു ചേർന്നു നടന്നു ഭക്തനായിരുന്നു. എങ്കിലും മരണത്തെ തടഞ്ഞു നിർത്താനായില്ല. ദീർഘായുസ്സോടെ 969 വർഷം ജീവിച്ചിരുന്ന മെഥുശലേമും മരിച്ചു. (ഉല്പ. 5:27) എന്തിനേറെ ക്രിസ്തുവും അവരുടെ പന്ത്രണ്ട് അപ്പോസ്തോലന്മാരും അവസാനം മരിച്ചു. കവിയത്രി മേരി ജോൺ തോട്ടത്തിന്റെ ഭാഷയിൽ "സമർത്ഥനായ സീസറും പ്രസിദ്ധനായ ഹോമറും, സമത്വമറ്റ സോളമൻ തുടങ്ങിയുള്ള വിജ്ഞരും അമർന്നുപോയ കാലചക്ര വിഭ്രമത്തിൽ" അമർത്വനായി ആർക്കാണ് നിലനില്ക്കാൻ കഴിയുക? മരണം അത്ര സുനിശ്ചിതമായിട്ടും ജീവിച്ചിരിക്കുന്നവർ ശാശ്വതത്വം ആഗ്രഹിക്കുന്നു. ഒരിക്കലും മരിക്കയില്ല എന്ന ധാരണയിൽ അവർ ജീവിതം നയിക്കുന്നു. ഇതിൽ കവിഞ്ഞൊരത്ഭുതം ലോകത്തിൽ മറ്റെന്തുണ്ടു എന്ന് ഗീതോപദേശത്തിൽ ശ്രീകൃഷ്ണൻ അർജ്ജുനനോടു ചോദിക്കുന്നു. മരണത്തെ ഒരു യാഥാർത്ഥ്യമായി അംഗീകരിക്കാനും ജീവിതത്തിന്റെ ഭാഗമായി കാണാനും പലർക്കും കഴിയുന്നില്ല. അനന്തമായി ജീവിക്കാനുള്ള വ്യഗ്രത മരണത്തിനു വേണ്ടി പ്ലാൻ ചെയ്യുന്നതിൽ നിന്നവരെ വിലക്കുന്നു.

ഓർക്കാത്ത നാഴികയിൽ വിളിക്കാത്ത വിരുന്നുകാരനായിട്ടാണ് മരണം നമ്മെ സമീപിക്കുന്നത്. അപ്പോൾ എന്തു തയ്യാറെടുപ്പാണ് ചെയ്യാൻ സാധിക്കുക എന്നു ചോദിക്കുന്നവരുണ്ട്. ഇതിനുത്തരമായി വൃദ്ധനായ ഒരു യഹൂദ ഗുരു ഒരിക്കൽ ശിഷ്യന്മാരോടു പറഞ്ഞു. "മരണത്തിനു മുമ്പെ നിങ്ങൾ പശ്ചാത്തപിക്കുകയും മാനസാന്തരപ്പെടുകയും ചെയ്യണം." ഒരു ശിഷ്യൻ ചോദിച്ചു. "പക്ഷേ മരിക്കുന്നതെപ്പോഴാണെന്നു നമുക്കറിയില്ലല്ലോ?

"അതുകൊണ്ട് ഇപ്പോൾ തന്നെ പശ്ചാത്തപിക്കണം" ഗുരുപറഞ്ഞു. ഇപ്പോൾതന്നെയാണ് സമയം എന്നു ബൈബിൾ പറയുന്നു. "നാളത്തെ ദിവസത്തെ ചൊല്ലി പ്രശംസിക്കുരുത്. ഒരു ദിവസത്തിൽ എന്തെല്ലാം സംഭവിക്കും എന്നറിയില്ലല്ലോ" (സദൃ. 27:1) ഇത് നമുക്ക് ഒരു മുന്നറിയിപ്പായി കരുതണം. രണ്ടു വിധത്തിൽ മരിക്കാമെന്ന് വേദപുസ്തകം സമർത്ഥിക്കുന്നു. എന്നിൽ വിശ്വസിക്കാത്തവൻ പാപത്തിൽ മരിക്കേണ്ടി വരും എന്ന് യേശു പറഞ്ഞു. "കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ" എന്ന് വെളിപാടു പുസ്തകത്തിലും (14:13) നാം കാണുന്നു. ഇതിൽ ഏതു വേണമെന്ന തീരുമാനം നമ്മുടേതാണ്.

ഇതു വായിക്കുന്നതിനിടയിൽ ആയിരക്കണക്കിനാളുകൾ ലോകത്തിൽ മരിച്ചു കഴിഞ്ഞിരിക്കും. അടുത്തതു നിങ്ങളായിരിക്കാം. പക്ഷേ മരിച്ചാലും ജീവിക്കാനുള്ള തയ്യാറെടുപ്പാണാവശ്യം. "നീതിയുടെ മാർഗ്ഗത്തിൽ ജീവനുണ്ട്. അതിന്റെ പാതയിൽ മരണമില്ല." (സദൃ. 12:28) മരണത്തെ "പരമാനന്ദ" (Felicity) യായാണ് ഷേക്സ്പിയർ "ഹാംലെറ്റിൽ" (Hamlet) സങ്കല്പിച്ചിരിക്കുന്നത്. മരണത്തിനുവേണ്ടി തയ്യാറെടുക്കുന്നവർ ജീവിതത്തെയും മരണത്തെയും മധുരതരമാക്കി തീർക്കുമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

(കെ. പി. ജെ.) ❖



അഭി. സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമേനിയുടെ 82-ാം ജന്മദിനത്തോടനുബന്ധിച്ച് കുവൈറ്റ് അഹമ്മദി സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയുടെ ആഭിമുഖ്യത്തിൽ വാകത്താനം വള്ളിക്കാട്ട് ദയറായിൽ നടന്ന ചടങ്ങുകളുടെ ഉദ്ഘാടനം ഗ്രാമവികസന വകുപ്പു മന്ത്രി സി.എഫ്. തോമസ് നിർവ്വഹിക്കുന്നു. തിരുമേനിമാരായ സ്തേഫാനോസ് മാർ തേവോദോസ്യോസ്, ഗീവർഗീസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ എപ്പിഫാനിയോസ്, മാത്യൂസ് മാർ സേവേറിയോസ്, ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, ഔഗേൻ മാർ ദീവന്നാസിയോസ് വികാരി ഫാ. ഏബ്രഹാം തോമസ്, ജോസഫ് എം. പുതുശ്ശേരി എം.എൽ.എ., ശ്രീ. പി. സി. ഏബ്രഹാം തുടങ്ങിയവർ സമീപം.

ഒന്നാം റാങ്ക്



കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ നിന്നും ഓപ്പറേഷൻസ് റിസർച്ച് ആന്റ് കംപ്യൂട്ടർ ആപ്ലിക്കേഷൻസ് ബിരുദാനന്തര ബിരുദത്തിൽ ഒന്നാം റാങ്ക് നേടി ബാംഗ്ലൂർ ഇൻഫോസിസ് ടെക്നോളജീസിൽ സോഫ്റ്റ്വെയർ എൻജിനിയറായി നിയമനം ലഭിച്ച നിഷാ അലക്സ്.

Ambassador For Peace Award



Dr. P.K. John has been appointed as the Ambassador for peace by the Interreligious and International Federal for World Peace (IIFWP), a NGO of special status with economic and social council of the United Nations for his exceptional service to the people. He has worked in Gondia, Maharashtra, defence research and Development Organization, delhi and presently in Goa as the Director of Fire & Emergency Services and instrumental in organizing and developing the Fire Service department. He is also the president of the National Association of Fire Officers in India.

റാങ്ക് നേടി



സിംഗപ്പൂർ നാൻയാംഗ് ടെക്നിക്കൽ യൂണിവേഴ്സിറ്റിയിയിൽ നിന്നും ഇന്റർനാഷണൽ പൊളിറ്റിക്കൽ എക്ണോമിക്സ്-ൽ റാങ്കോടെ ബിരുദാനന്തര ബിരുദം നേടി സിംഗപ്പൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിഫൻസ് ആന്റ് സ്ട്രാറ്റെജിക് സ്റ്റഡീസിൽ ഗ്രേഡ്-I ഓഫീസറായി നിയമനം ലഭിച്ച ബോബി തോമസ്. വളഞ്ഞവട്ടം സെന്റ് മേരീസ് ഇടവകാംഗം.

ഡോക്ടറേറ്റ് നേടി



ജയ്പൂർ സെന്റ് തോമസ് ഇടവകാംഗം ഷാജി തോമസ് അജ്മീർ മഹർഷി ദയാനന്ദ് സരസ്വതി സർവ്വകലാശാലയിൽ നിന്നും ഡോക്ടറേറ്റ് നേടി.

ഗുരുശ്രേഷ്ഠ അവാർഡ്



2004-05 ഗുരുശ്രേഷ്ഠ അവാർഡിന് റാന്നി കുറ്റിയാനി സെന്റ് ജോർജ്ജ് ഇടവകാംഗമായ അലക്സ് സൈമൺ അർഹനായി. റാന്നി എബനേസർ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ ആണ്. അയിരൂർ തായില്ലം ചെമ്പകത്തിനാൽ കുടുംബാംഗമാണ്.

മലങ്കരസഭാ വാർത്തകൾ



സൺഡേസ്ക്കൂൾ അസോസിയേഷൻ വക വാകത്താനത്ത് പണിതീർത്ത പരുമല മാർ ഗ്രീഗോറിയോസ് ധ്യാന-പഠന കേന്ദ്രത്തിന്റെ കൂദാശ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ നിർവ്വഹിക്കുന്നു. അഭിവന്ദ്യരായ സ്തേഫാനോസ് മാർ തേവോദോസ്യോസ്, ഫീലിപ്പോസ് മാർ യൗസേബിയോസ്, ഗീവറുഗീസ് മാർ ഈവാനിയോസ് എന്നീ തിരുമേനിമാർ സഹകാർമ്മികരായിരുന്നു.

എഴുപതിന്റെ നിറവ്



മലങ്കരസഭ പത്രാധിപ സമിതി അംഗവും മികച്ച എഴുത്തുകാരനും സഭാചരിത്ര ഗവേഷകനുമായ അഡ്വ. പി. സി. മാത്യു പുലിക്കോട്ടിലിന് എഴുപതിന്റെ നിറവ്

1935-ൽ കുന്നംകുളത്ത് ജനനം പിതാവ് പുലിക്കോട്ടിൽ ചാക്കുണ്ണി, മാതാവ് ചെറുവത്തൂർ കുട്ടായി. മദ്രാസ് സർവ്വകലാശാലയിൽ നിന്നും ബിരുദം, മൈസൂർ സർവ്വകലാശാലയിൽ നിന്നും നിയമ ബിരുദം കേരള സർവ്വകലാശാലയിൽ നിന്നും എം.എസ്.ഡബ്ല്യു, ഡി.എസ്.എസ്. ബിരുദങ്ങൾ ഇപ്പോൾ 'നസ്രാണികളുടെ രേഖാ പാരമ്പര്യവും പടിയോലകളും' എന്ന വിഷയത്തിൽ കാലടി സർവ്വകലാശാലയിൽ ഡോക്ടറൽ ബിരുദത്തിന് ഗവേഷണം നടത്തുന്നു.

രക്താംബരം, കുളിരുള്ള രാത്രിയിൽ, അർദ്ധരാത്രിയിൽ തുടങ്ങിയ ചെറുകഥാ സമാഹാരങ്ങൾ. ആനപ്പാപ്പി, വട്ടശ്ശേരിൽ തിരുമേനി: മലങ്കര സഭയുടെ കോട്ട, ഇന്ത്യൻ ഓർത്തഡോക്സ് സഭ ചരിത്രവും സംസ്ക്കാരവും, നീതിയ്ക്കുവേണ്ടിയുള്ള നിയമ യുദ്ധം, ഇലഞ്ഞിക്കൽ ജോൺ വക്കീൽ, മങ്കോട്ടയിലെ മഹർഷി, പുത്തൻകാവിൽ കൊച്ചുതിരുമേനി: കാതോലിക്കേറ്റിന്റെ ശക്തനായ വക്താവ് എന്നീ ഗ്രന്ഥങ്ങളുടെ സഹകർതൃത്വം.

ആർത്താറ്റ് പള്ളിപ്പാട്ടും, ചരിത്ര രേഖകളും, കെ. സി. മാമ്മൻ മാപ്പിളയും മലങ്കര സഭയും തുടങ്ങിയ ഗ്രന്ഥങ്ങളും അദ്ദേഹത്തിന്റേതായിട്ടുണ്ട്.

മലങ്കരസഭ മാസിക, ഓർത്തഡോക്സ് യൂത്ത് ഇടവക പത്രിക തുടങ്ങിയവയിൽ മികച്ച ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലങ്കരസഭ മാസികയുടെ ആയുഷ്ക്കാല അംഗത്വ വിതരണം ആരംഭിച്ചപ്പോൾ 250 ലേറെ അംഗങ്ങളെ അതിൽ ഉൾപ്പെടുത്തുവാൻ ശ്രീ. പി. സി. മാത്യുവിനു കഴിഞ്ഞു.

ഭാര്യ റിട്ട. സിവിൽ സർജൻ ഡോ. കുഞ്ഞമ്മ മാത്യു. മക്കൾ: ഡോ. ബാബു മാത്യു, ഡോ. ബീന മാത്യു.

എഴുപതിന്റെ സപ്ത പൂർണ്ണിമയിലും അശ്രാന്തം സാഹിതി സേവനം നിർവഹിക്കുന്ന ഈ കർമ്മപടുവിന് 'മലങ്കരസഭ'യുടെ ആശംസകൾ.

റമ്പാൻ സ്ഥാനം



ബാംഗ്ലൂർ ഇന്ദിരാനഗർ സെ. ജോർജ്ജ് ഓർത്തഡോക്സ് പള്ളി വികാരി പുത്തൻകാവ് ചക്കാലയിൽ വെരി. റവ. സി. എം. ഫീലിപ്പോസ് കോറെപ്പിസ്ക്കോപ്പായ്ക്കു ആഗസ്റ്റ് 27-ാം തീയതി ബാംഗ്ലൂർ സെ. ജോർജ്ജ് പള്ളിയിൽ ഭദ്രാസന മെത്രാപ്പോലീത്താ യാക്കോബ് മാർ ഐറേനിയോസ് തിരുമേനി റമ്പാൻ സ്ഥാനം നൽകി.

മലങ്കരയുടെ മിഷൻ – ദേശീയ സമ്മേളനം പരുമലയിൽ

പരുമല:- സഭയുടെ മിഷൻ ബോർഡിന്റെയും നാഗ്പൂർ സെമിനാരിയുടെയും സംയുക്താഭിമുഖ്യത്തിൽ ഒക്ടോബർ 11 മുതൽ 13 വരെ പരുമലയിൽ വച്ച് "മലങ്കര സഭയുടെ മിഷൻ" സംബന്ധിച്ച ദേശീയ സെമിനാർ നടത്തുന്നു. മിഷൻ രംഗത്തു പ്രവർത്തിക്കുന്ന എല്ലാ ആളുകളുടെയും പങ്കാളിത്വം ആവശ്യപ്പെടുന്നു. രജിസ്ട്രേഷൻ ഒക്ടോബർ 11-ാം തീയതി വൈകിട്ട് നാലു മണി മുതൽ.

ധ്യാനപംക്തി

ഞായർദിന ചിന്തകൾ

ഫാ. ഡോ. മാത്യു ബേബി

ഒക്ടോ. 16

സ്ലീബാപെരുന്നാളിന് ശേഷം
5-ാം ഞായർ
മത്തായി 23:1-12

മോശയുടെ പീഠം കർത്താവിന്റെ കുരിശും

സ്ലീബാ പെരുന്നാളിന് ശേഷമുള്ള ഞായറാഴ്ചകൾ 'യുഗാന്ത്യത്തെ'പ്പറ്റിയുള്ള പഠനങ്ങളാണ്. ഈ ആഴ്ചയിൽ പഴയ നിയമത്തിലെ മോശയുടെ പീഠവും കർത്താവിന്റെ ബലിപീഠവും തമ്മിലുള്ള താരതമ്യ പഠനം അവതരിപ്പിക്കുന്നു.

പഴയ നിയമത്തിൽ മാറ്റമില്ലായ്മയുടെയും ആധികാരികതയുടെയും ചിഹ്നമായി "മോശയുടെ പീഠം" നിലനില്ക്കുന്നു. യഹൂദന്മാരുടെ സാമൂഹിക-മതപരമായ ജീവിതത്തിന്റെ അവസാന വാക്കായി മോശയുടെ വിധി തീർപ്പിനെ അവർ കരുതിയിരിരുന്നു. എന്നാൽ ഈ വിധി തീർപ്പുകൾ "മനസാക്ഷിയിൽ" പൂർണ്ണ സമാധാനം വരുത്തുവാൻ കഴിയാത്തതാണ്" (എബ്രായർ 9:9) എന്ന് എബ്രായ ലേഖന കർത്താവ് സമർത്ഥിക്കുന്നു. ഇവിടെയാണ് "വരുവാനുള്ള നന്മകളുടെ മഹാ പുരോഹിതനായ യേശുവിന്റെ" (എബ്രാ. 9:11) ബലിപീഠമായ കുരിശിന്റെ സാഗത്യം വെളിവാക്കുന്നത്. ആദ്യത്തേത് "കല്പിക്കുന്ന" പീഠമാണെങ്കിൽ രണ്ടാമത്തേത് "അനുഷ്ഠിക്കുന്ന" ബലിപീഠമാണ്. ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കാതെ ദാസവേഷംപൂണ്ട് ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായ ക്രിസ്തുവിന്റെ ബലിപീഠമാണ് ക്രൂശ്. "കല്പിക്കുന്ന" പീഠത്തിന്റെ കുറവ് അനുഷ്ഠിക്കുന്ന" പീഠം തീർത്തു. വലിയവൻ ശുശ്രൂഷക്കാരനായി തീരുന്ന അവസ്ഥ. (മത്താ. 23:11)

യാഗം പൂർണ്ണമാകുന്നത് ത്യാഗത്തിലാണ്. സാക്ഷി ശ്രേഷ്ഠനായി തീരുന്നത് സാക്ഷ്യത്തിലാണ്. വിചാലകമായ മോശയുടെ പീഠത്തെ അതിലംഘിക്കുവാൻ നിശബ്ദമായ ക്രൂശിന് സാധിക്കുന്നു. ഇത് "ജീവനുള്ളതും ജീവിപ്പിക്കുന്നതു"മാണ്. കർത്താവിന്റെ "മരണം" അനേകർക്ക് "ജീവനെ" പ്രദാനം ചെയ്യുന്നതാണ്.

യുഗാന്ത്യത്തിലും സംഭവിക്കുന്നത് ഇതു തന്നെയാണ് ദ്രവത്വം അദ്രവത്വത്തെയും മരണം മരണമില്ലായ്മയെയും പ്രാപിക്കുന്ന വലിയ ഒരു അനുഭവം. ത്യാഗമില്ലാത്ത 'കല്പനകളും' സാക്ഷ്യമില്ലാത്ത സാക്ഷികളും നിഷ്പ്രഭമാക്കുന്നതാണ് ക്രൂശിലെ വലിയ ത്യാഗം - വലിയ സാക്ഷ്യം.

ലോക ചരിത്രം പരിശോധിച്ചാൽ മറ്റുള്ളവരെ അനുസരിപ്പിക്കും കല്പിച്ചും വലിയ സാമ്രാജ്യങ്ങൾ കെട്ടിപ്പെടുത്ത നിരവധി നേതാക്കന്മാരെ കാണാൻ സാധിക്കും. എന്നാൽ കാലം ആ സാമ്രാജ്യങ്ങളെ എല്ലാം നാമാവിശേഷമാക്കി. ക്രൂശിലൂടെ (അനുസരണത്തിലൂടെ) കർത്താവ് പടുത്തുയർത്തിയ 'സ്നേഹ സാമ്രാജ്യം' കാലങ്ങളെ അതിജീവിച്ച് ഇന്നും നില നില്ക്കുന്നു.

ലോക ചരിത്രം പരിശോധിച്ചാൽ മറ്റുള്ളവരെ അനുസരിപ്പിക്കും കല്പിച്ചും വലിയ സാമ്രാജ്യങ്ങൾ കെട്ടിപ്പെടുത്ത നിരവധി നേതാക്കന്മാരെ കാണാൻ സാധിക്കും. എന്നാൽ കാലം ആ സാമ്രാജ്യങ്ങളെ എല്ലാം നാമാവിശേഷമാക്കി. ക്രൂശിലൂടെ (അനുസരണത്തിലൂടെ) കർത്താവ് പടുത്തുയർത്തിയ 'സ്നേഹ സാമ്രാജ്യം' കാലങ്ങളെ അതിജീവിച്ച് ഇന്നും നില നില്ക്കുന്നു. ഇത് വലിയ ഒരു സൂചനയാണ് നല്കുന്നത്. ജീവിതത്തിൽ അനുകരിക്കേണ്ട ഒരു മാതൃക യേശു കാട്ടി തരുന്നു.

ശ്ലീഹാ വായനകളിൽ അപ്പോ. 22:22-29; 1 തീമോത്തി 6:13-21 ശ്രേഷ്ഠ സാക്ഷ്യത്തിന്റെ ആവശ്യകത ചൂണ്ടികാണിക്കുന്നു. തീമോത്തിയോസിന് എഴുതിയ ലേഖനത്തിൽ ദ്രവ്യാഗ്രഹത്തിന്റെ ഭീകരത പൗലോസ് ശ്ലീഹാ വെളിവാക്കുന്നു. "സകല ദോഷത്തിനും മൂലകാരണ"മാണ് അത് (1 തീമോ. 6:10) എന്ന് പഠിപ്പിക്കുന്നു. അതുകൊണ്ട് ഈ അന്ത്യകാലത്ത് "ദ്രവ്യാഗ്രഹം" വിട്ട് നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത ഇവ മുറുകെ പിടിക്കുവാൻ ആഹ്വാനം ചെയ്യുന്നു. വിശ്വാസത്തിന്റെ നല്ല പോർ പൊരുതി നിത്യ ജീവനെ പിടിച്ചു കൊള്ളുവാൻ നിർദ്ദേശിക്കുന്നു. "നിശ്ചയമില്ലാത്ത" ധനത്തിൽ ആശ വയ്ക്കാതെ "നിശ്ചയമുള്ള" ദൈവത്തിൽ ആശ്രയം വയ്ക്കാനും ഉപദേശിക്കുന്നു (1 തീമോ. 6:18).

അപ്പോസ്തോല പ്രവർത്തികളിൽ "റോമാ പൗരത്വത്തിന്റെ" ശ്രേഷ്ഠതയിലൂടെ സ്വർഗ്ഗീയ പൗരത്വത്തിന്റെ മഹിമ പൗലൂസ് ശ്ലീഹാ വെളിപ്പെടുത്തുന്നു. "നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിലാകുന്നു. ആ പൗരത്വം പ്രാപിക്കുവാൻ നാം ശ്രമിക്കണം.

പഴയ നിയമ വായനകൾ ലേവ്യ. 2:1-3; ഏശായ 40:27-31, സങ്കീ. 46 മേൽപറഞ്ഞ ആശയങ്ങൾക്ക് കൂടുതൽ മിഴിവ് നൽകുന്നു. ലേവ്യ പുസ്തകത്തിൽ അകൃത്യ യാഗം അനുഷ്ഠിക്കേണ്ട കല്പനകൾ നൽകിയിരിക്കുന്നു. ഏശായ പ്രവചനത്തിൽ യഹോവയെ കാത്തിരിക്കുന്നവർ കഴുകനെപ്പോലെ ശക്തിയെ പുതുക്കും എന്ന് വായിക്കുന്നു. യഹോവ നമ്മുടെ സങ്കേതവും ബലവും കഷ്ടങ്ങളിൽ ഏറ്റ അടുത്ത തുണയുമാണെന്ന് 46-ാം സങ്കീർത്തനത്തിൽ വായിക്കുന്നു. പർവ്വതങ്ങളും സമുദ്രങ്ങളും മാറിയാലും മാറ്റമില്ലാത്ത ദൈവകൃപയിലാശ്രയിക്കുവാൻ നമുക്ക് സാധിക്കണം.

ഒക്ടോ. 23

സ്ലീബാ പെരുന്നാളിന് ശേഷം
6-ാം ഞായർ
ലൂക്കോ. 18:18-27

മനുഷ്യരാൽ അസാധ്യമായത് ദൈവത്താൽ സാധ്യമാകുന്നു

നല്ല ഗുരോ നിത്യ ജീവനെ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യണം? എന്നുള്ള ചോദ്യത്തിനുള്ള മറുപടിയുടെ അവസാന ഭാഗമാണ് ഇന്നത്തെ ചിന്താവിഷയം. കല്പനകളുടെ അനുഷ്ഠാനത്തോടൊപ്പം ദരിദ്രരോടുള്ള ഏകീഭാവവും നിത്യജീവന് അത്യന്താപേക്ഷിതമാണ്. ഇത് മനുഷ്യന് പൂർണ്ണമായി നിറവേറ്റുവാൻ പ്രയാസമാണെങ്കിൽ ദൈവകൃപയിൽ എല്ലാം സാധ്യമാണ്. ആരാധന വത്സരത്തിന്റെ അവസാന ആഴ്ചയിൽ ഈ ചോദ്യവും അതിനുള്ള ഉത്തരവും വളരെ പ്രസക്തമാണ്.

ആരാധനയുടെ ആത്യന്തികമായ ലക്ഷ്യം നിത്യജീവനിൽ ബലപ്പെടുക എന്നുള്ളതാണ് മനുഷ്യന്റെ ഭൗതിക ആവശ്യങ്ങളുടെ ലഭ്യതയാണ് ഇന്നത്തെ പല പ്രാർത്ഥനകളുടെയും ലക്ഷ്യം. സന്താനലബ്ധി, ഉദ്യോഗലബ്ധി, സാമ്പത്തികസമൃദ്ധി, രോഗവിമുക്തി മുതലായവ അവയിൽ ചിലതുമാത്രം. ആധുനീക മത സംഘടനകളുടെ പരസ്യങ്ങളിൽ ഈ കാര്യം വളരെ വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ആളുകളുടെ ആകർഷണവും ഈ കാര്യങ്ങളിലാണ്. ഇവയുടെ മദ്ധ്യത്തിലാണ് ക്രൂശ് വഹിക്കുവാനുള്ള ആഹ്വാനവും സകലവും വിറ്റ് ദരിദ്രന്മാർക്ക് കൊടുക്കുന്നതിനുള്ള നിർദ്ദേശത്തിന്റെ പ്രസക്തിയും നില കൊള്ളുന്നത്.

ഇവിടെ ധനവാനായ മനുഷ്യൻ നിത്യ ജീവനെപ്പറ്റി ചിന്തിക്കുകയും അത് കരഗതമാക്കുവാൻ ആഗ്രഹിക്കുകയും ചെയ്തു. എന്നാൽ അതിനുള്ള നിബന്ധനകൾ നിറവേറ്റുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അയാൾ അതി ദുഃഖിതനായി മടങ്ങിപ്പോകേണ്ടി വന്നു. ഈ സാഹചര്യത്തിലാണ് കർത്താവ് പറയുന്നത് മനുഷ്യർക്ക് പ്രയാസവും അസാധ്യവുമായ കാര്യങ്ങൾ ദൈവത്തിന് എളുപ്പവും സാധ്യവുമാണ്. ഈ വിശ്വാസം നമ്മേ "ഉറപ്പും ധൈര്യവും" ഉള്ളവരാക്കി ത്തീർക്കും. നമ്മുടെ ജീവിതത്തിലും നാം അതിദുഃഖിതരായി, നിരാശപ്പെടുന്ന, സന്ദർഭങ്ങൾ ഉണ്ട്. അവിടെ ഈ വിശ്വാസം നമ്മേ ബലപ്പെടുത്തണം.

കർത്താവിന്റെ സന്നിധിയിൽ വന്നിട്ട് നിരാശരായി മടങ്ങിപ്പോകുന്ന ചുരുക്കം ചിലർ മാത്രമെയുള്ളൂ. അതിൽ ഒരാൾ ഈ ധനവാനായ മനുഷ്യനാണ്. അവന്റെ ചോദ്യം നല്ലത്. ആഗ്രഹം നല്ലത്. ചോദ്യം ചോദിച്ചത് ഏറ്റവും അനുയോജ്യനായ വ്യക്തിയോടാണ്. എങ്കിലും ധനികനായ അവൻ നിരാശനായി മടങ്ങിപ്പോയി. എന്തുകൊണ്ട് എന്ന് നാം ചിന്തിക്കണം.

മനോഹരമായ ആരാധന സംവിധാനങ്ങൾ ഉണ്ട്. ദൈവശാസ്ത്രപരമായ പഠിപ്പിക്കലുകൾ ഉണ്ട്. കല്പനകളുടെ അനുഷ്ഠാനങ്ങൾ ഉണ്ട് എങ്കിലും സംവത്സരത്തിന്റെ അവസാനം നിരാശയാണ് ഫലമെങ്കിൽ എവിടെയോ കുഴപ്പം ഉണ്ട്. നമ്മുടെ ആശ്രയം എവിടെയാണ്? സകലവും സാധ്യമാക്കി തരുന്ന ദൈവത്തിലാണോ?

വ്യക്തിപരമായ ജീവിതത്തിൽ സമ്പത്ത് മാത്രമല്ല നിരവധി "അസാധ്യതകളെ" അഭിമുഖീകരിക്കുന്നവരാണ് നാം. നമ്മുടെ ബുദ്ധിയിൽ പലതും അസാധ്യമായി അനുഭവപ്പെടാം. എന്നാൽ ദൈവാശ്രയത്തോടുകൂടിയുള്ള സമർപ്പണം പല "സാധ്യത"കളെയും നമുക്ക് വെളിപ്പെടുത്തിതരും. ലാസറിന്റെ കല്ലറയ്ക്കൽ വച്ച് മരിച്ചു, നാല് ദിവസമായി, നാറ്റം വച്ചു, വലിയ കല്ല് ഉരുട്ടി വച്ചു, എന്നിങ്ങനെ നിരവധി അസാധ്യതകൾ ആ സഹോദരിമാർ നിരത്തുമ്പോൾ "വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും" എന്നുള്ള മൃദുസ്വരം അനന്ത സാധ്യതകളെ വെളിപ്പെടുത്തുന്നു.

നിയമങ്ങളുടെ അനുഷ്ഠാനത്തിന് ഒരു വിരസതയുണ്ട്. ഇവയെല്ലാം ഞാൻ ബാല്യം മുതൽ അനുഷ്ഠിച്ചു വരുന്നു എന്ന് നമുക്ക് പലർക്കും പറയാൻ കഴിയും. എന്നാൽ ത്യാഗത്തിന്റെ ഒരു "സാഹസികത" ചില അവസരങ്ങളിൽ ആവശ്യമാണ്. "നീ ഇടത്തോട്ട് എങ്കിൽ ഞാൻ വലത്തോട്ട്" പൊയ്ക്കൊള്ളാം (ഉല്പ. 13:9) എന്നു പറയുന്ന ഒരു സാഹസികത ജീവിതത്തിൽ ആവശ്യമാണ് - സ്വയം ദരിദ്രനാകുന്നതിനുള്ള ധൈര്യം. ഇത് ഇല്ലെങ്കിൽ നാം അതിദുഃഖിതരായി തീർന്നു എന്ന് വരാം. ദിവ്യ അനുഷ്ഠാനത്തോടൊപ്പം നമ്മുടെ ജീവിതത്തിൽ അത്യന്താപേക്ഷിതം എന്ന് നാം കരുതുന്നവയെ മറ്റുള്ളവർക്ക് ആശ്രയമാക്കി കൊടുക്കുന്നതിനുള്ള സാഹസികതയും ആവശ്യമാണ്. കഷ്ടതയുടെയും വേദനയുടെയും വഴി തിരഞ്ഞെടുക്കുന്നത് സാമാന്യ ബുദ്ധിക്ക് നിരക്കുന്നതല്ല. എങ്കിലും അവരുടെ പിൽക്കാല ചരിത്രം അവരുടെ സാഹസികതയുടെ "മിഴിവ്" പ്രകടമാക്കുന്നതാണ് (ഉദാ. ഫാ. ഡാമിയൻ, മദർ തെരസ്സാ, പത്രോസ് മാർ ഒസ്താത്തിയോസ്).

ശ്ലീഹാവായനകളിൽ 1 കോരി. 5:6-13; അപ്പോ. 21:27-40. പ്രത്യാശയുടെ സാഹസികത വിവരിക്കുന്നു. പൗലൂസ് ശ്ലീഹാ തനിക്ക് സ്വന്തം ജനങ്ങളിൽ നിന്ന് നേരിട്ട കൈപ്പേറിയ അനുഭവങ്ങൾ തന്റെ സുവിശേഷഘോഷണത്തിന് എപ്രകാരം ഉപയുക്തമായി എന്ന് വിവരിക്കുന്നു. തന്റെ വിളിയേയും നിയോഗത്തേയും സ്വന്തം ജനങ്ങളോട് പറയുവാൻ ഈ ജയിൽവാസം പൗലൂസ് ശ്ലീഹാക്ക് അവസരം നൽകി. തടവും, ബന്ധനവും ദൈവരാജ്യത്തിന്റെ മഹത്വത്തിനായി ഉപയോഗിക്കുന്ന "സാഹസികത" അവിടെ പ്രകടമാകുന്നു. ക്രിസ്തു യേശുവിൽ വെളിപ്പെട്ട പുതിയ മനുഷ്യത്വത്തെ സഭ മുഴുവനിലും വ്യാപിപ്പിക്കുവാൻ ആഹ്വാനം ചെയ്യുന്ന ഭാഗം കോരിന്ത്യ ലേഖനത്തിൽ വായിക്കുന്നു.

പഴയ നിയമ വായനകൾ ഉല്പ. 42:28-38, "സകലവും എനിക്ക് പ്രതികൂലം" എന്ന് നിലവിളിക്കുന്ന യാക്കോബിന്റെ ഹൃദയ വ്യഥ ഭംഗിയായി അവതരിപ്പിക്കുന്നു. ആ പിതാവും പുത്രന്മാരും അനുഭവിക്കുന്ന തടസ്സങ്ങളും പ്രതിബന്ധങ്ങളും മഹാസൗഭാഗ്യത്തിന്റെ ചവിട്ടു പടികളാണ് എന്ന് തിരിച്ചറിയുവാൻ അപ്പോൾ അവർക്ക് സാധിക്കുന്നില്ല.

സമുദ്രത്തിൽ പാത ശരിയാക്കുന്നവനാണ് ദൈവം എന്ന് യെശയ്യാ പ്രവാചകൻ പ്രഖ്യാപിക്കുന്നു. (യെശയ്യ 43:16-25). അസാധ്യതകളെ സാധ്യതകളാക്കി മാറ്റാൻ ദൈവത്തിന് കഴിയും. 84-ാം സങ്കീർത്തനത്തിൽ "നേരോടെ നടക്കുന്ന മനുഷ്യന് ഒരു നന്മയും മുടക്കുകയില്ല" എന്ന സത്യം

നമ്മേ മനസ്സിലാക്കി തരുന്നു. യഹോവയുടെ പ്രകാരങ്ങളിൽ കഴിക്കുന്ന ഒരു ദിവസം വേറെ ആയിരം ദിവസങ്ങളെക്കാൾ ഉത്തമമാണ് എന്ന് സങ്കീർത്തനക്കാരൻ നമ്മേ പഠിപ്പിക്കുന്നു. ആരാധനാ സംവത്സരത്തിന്റെ അവസാന ദിവസം യഹോവയുടെ പ്രകാരങ്ങളിൽ കഴിയുന്നതിനുള്ള ആഗ്രഹം പ്രകടമാക്കുന്ന ഭാഗം വായിക്കുന്നത് തുടർന്നും ആ സന്നിധിയിൽ തന്നെ തുടരുന്നതിനുവേണ്ടിയാണ്. ഈ ആഗ്രഹം എല്ലാവരുടെയും ജീവിതത്തിൽ സഫലമാകട്ടെ."

ഒക്ടോ. 30 കൂദേശ് ഈത്തോ – സഭ ശുദ്ധീകരണപ്പെരുന്നാൾ
മത്തായി 16:13–23

നിങ്ങൾ എന്നെ ആർ എന്ന് പറയുന്നു?

വീണ്ടും ആരാധന സംവത്സരത്തിന്റെ ആരംഭത്തിൽ നാം എത്തിയിരിക്കുന്നു. സഭ എന്ന യാഥാർത്ഥ്യത്തെ വിശകലനം ചെയ്യുന്നതിനും "ശുദ്ധീകരിച്ച് സമർപ്പിക്കുന്നതിനുമുള്ള ആഹ്വാനമാണ് ഈ ഭാഗത്ത് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ആരംഭം എപ്പോഴും ശുദ്ധീകരണത്തോടു കൂടിയാവണം." "ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല" (എബ്രാ. 12:14).

പഴയ നിയമത്തിൽ ഒരു വ്യക്തി; സാധനം; സ്ഥലം ഇവ ദൈവത്തിനായി വേർതിരിക്കുമ്പോൾ അത് "വിശുദ്ധം" എന്ന് പറയും. "ക്ദോഷ്" എന്ന എബ്രായ പദത്തിന് "വേർതിരിക്കപ്പെട്ടത്" "മാറ്റി വയ്ക്കപ്പെട്ടത്" എന്നാണർത്ഥം. സഭയും ദൈവത്തിന് വേർതിരിക്കപ്പെട്ടതാണ്. അതുകൊണ്ട് അത് വിശുദ്ധമാണ്. ഇത് നിരന്തരമായി നിലനിർത്തേണ്ട ഒരു നിലയാണ്. വിവിധ അനുഷ്ഠാനങ്ങൾ ഇതിന് സഹായകരമായി വി. സഭയിൽ ക്രമീകരിച്ചിട്ടുണ്ട്. ഇതിലൂടെ വിശുദ്ധിയിൽ നിന്ന് വിശുദ്ധിയിലേക്ക് വളരുവാനുള്ള ആഹ്വാനമാണ് നാം ശ്രമിക്കേണ്ടത്.

സഭ ജീവനുള്ളവരുടെ മാത്രം ഒരു കൂട്ടായ്മയല്ല. ജീവനുള്ളവരും വാങ്ങിപ്പോയവരും ഇനി വരുവാനിരിക്കുന്നവരും എല്ലാം കൂടിയുള്ള ചലനാത്മകമായ ഒരു യാഥാർത്ഥ്യമാണ്. ഇത് നിത്യം പുതുതാക്കപ്പെടുന്നു. സമാഗമ കൂടാരത്തിൽ ദൈവ സാന്നിദ്ധ്യം ഇറങ്ങി വസിച്ചതുപോലെ സഭയിൽ തന്റെ സജീവ സാന്നിദ്ധ്യം യാഥാർത്ഥ്യമായി തീരണം.

ഇന്നത്തെ വായനാഭാഗം യേശുക്രിസ്തുവിനെ ശിഷ്യന്മാർ എങ്ങനെ മനസ്സിലാക്കുന്നു എന്ന ചോദ്യമാണ്. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു" എന്ന് പത്രോസ് ഉത്തരം നൽകുന്നു. ഈ "തിരിച്ചറിവ്" ദൈവത്തിന്റെ ദാനമാണ്. സഭയുടെ അടിസ്ഥാനവും ഇതു തന്നെയാണ്. ഈ "തിരിച്ചറിവാകുന്ന" അടിസ്ഥാനത്തിൽ മേലാണ് വി. സഭയെ സ്ഥാപിച്ചിരിക്കുന്നത് ആരാധനാ സംവത്സരത്തിന്റെ ആരംഭത്തിൽ ഇതിന്റെ പുനർവായനക്ക് വളരെ പ്രസക്തിയുണ്ട്. യേശുക്രിസ്തു നമുക്ക് ആരാണ്? അവന്റെ സ്ഥാനം നമ്മുടെ ജീവിതത്തിൽ എന്താണ്? ഈ ചോദ്യത്തിന് നാം ഉത്തരം കണ്ടെത്തണം.

ദാവീദ് രാജാവ് യെരുശലേം ദേവാലയത്തിനുള്ള സ്ഥലമായി തെരഞ്ഞെടുത്തത് ഒർണാന്റെ "മെതിക്കളമാണ്" മെതിക്കളത്തിൽ പതിരും നെല്ലും വേർതിരിക്കുന്നു. നെല്ല് അറകളിൽ ശേഖരിക്കപ്പെടുന്നു. വി. സഭയിലും ഈ ശുദ്ധീകരണ പ്രക്രീയ നിരന്തരം നിർവ്വഹിക്കപ്പെടുന്നു.

ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു യെരുശലേമിൽ കഷ്ടം അനുഭവിച്ച് മരിക്കണം എന്നുള്ളതും ദൈവനിശ്ചയമാണ്. ഒരു നാണയത്തിന്റെ രണ്ട് വശങ്ങളാണിവ. പത്രോസ് ആദ്യഭാഗം മാത്രമെ കണ്ടുള്ളൂ. രണ്ടാം ഭാഗം പത്രോസിന് മനസ്സിലായില്ല. "നീ എന്റെ പിന്നിൽ പോകുക" എന്നു പത്രോസിനോട് പറയുന്നതിന്റെ അർത്ഥം ഗ്രീക്ക് ഭാഷയിൽ "നീ എന്നെ അനുഗമിക്കുക" എന്നാണ്. കർത്താവിനെ നിയന്ത്രിക്കുകയല്ല നമ്മുടെ ലക്ഷ്യം. അവനെ അനുഗമിക്കുകയാണ് നമ്മുടെ ധർമ്മം. ദൈവത്തിന്റെ പുത്രനായ ക്രിസ്തുവിന്റെ മഹത്വം ഒരു വശത്ത് നില്ക്കുമ്പോൾ, കഷ്ടം അനുഭവിച്ച് മറ്റുള്ളവർക്ക് വേണ്ടി മരിക്കുവാനുള്ള സന്നദ്ധത മറുവശത്ത് നില്ക്കുന്നു. സഭയുടെ ദൗത്യത്തിലും ഈ രണ്ട് ആശയങ്ങളും ഉണ്ടായിരിക്കണം.

ശ്ലീഹാ വായനകളിൽ സഭയും ക്രിസ്തുവും ചേർന്ന് എങ്ങനെ ഒരു ശരീരമായി തീർന്നിരിക്കുന്നു എന്ന് രണ്ട് ഉദാഹരണങ്ങളിൽ കൂടി കാണിക്കുന്നു. 1 കോരി 6:15–20 ഇവിടെ പൗലൂസ് ശ്ലീഹാ "നാം ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളാണ്" എന്ന് പഠിപ്പിക്കുന്നു. ക്രിസ്തുവിനോട് പറ്റിച്ചേരുന്നവൻ അവനുമായി ഏക ആത്മാവാകുന്നു (1 കോരി. 6:17) ആകയാൽ നിങ്ങളുടെ "ശരീരം" കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. ഇവിടെ "ശരീരം" എന്നതിന് വ്യക്തിപരമായ തലം മാത്രമല്ല സാമൂഹികമായ ഒരു തലം കൂടിയുണ്ട്. നമ്മുടെ കൂടിവരവ് (സഭ) ദൈവമഹത്വത്തിനായി തീരണം.

ഈ രൂപാന്തരം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് ക്രിസ്തുവിന്റെ അടുക്കൽ ചെല്ലുക എന്ന ക്രിയയിലാണ്. നിശ്ചലമായ കല്ലുകൾ ചേർന്നു ചലനാത്മകമായ ആത്മീയ ഗൃഹമായി രൂപാന്തരപ്പെടുന്നത് പാപികളായ മനുഷ്യൻ ചേർന്ന വി. സഭ സജീവ യാഥാർത്ഥ്യമായി തീരുന്നതിന് തുല്യമാണ്. കല്ലുകൾ നിശ്ചലങ്ങളാണ് ആത്മീയ ഗൃഹം ചലനാത്മകമമാണ് സഭാംഗങ്ങൾ പാപികളാണ് എന്നാൽ സഭ വിശുദ്ധമാണ് കാരണം ക്രിസ്തുവാണ് അതിന്റെ തല.

പഴയ നിയമ വായനകൾ പുറപ്പാ. 33:7–11; 40:17–38; ഏശായ 6:1–8 സമാഗമന കൂടാരത്തിൽ തിരുസാന്നിദ്ധ്യം ഇറങ്ങുന്ന സംഭവം വിവരിക്കുന്നു. കൂടാരത്തിൽ മോശ ദൈവത്തോട് അഭിമുഖമായി സംസാരിച്ചു (പുറ. 33:11). സഭയുടെ ശുദ്ധീകരണത്തിലും ഈ അഭിമുഖമാണ് നടക്കേണ്ടത്. ഏശായ പ്രവചനത്തിൽ ദൈവാലയത്തിൽ എത്തിയ പ്രവാചകനെ അഗ്നി കൊണ്ട് ശുദ്ധി വരുത്തി നിയോഗം മനസ്സിലാക്കി കൊടുക്കുന്ന ഭാഗം വായിക്കുന്നു. നിയോഗം മനസ്സിലാക്കി ലോകത്തെ വിശുദ്ധിയിലേക്ക് നയിക്കുന്നതിനാണ് സഭയെ ഇവിടെ ആക്കിയിരിക്കുന്നത്. സഭയുടെ വിശുദ്ധീകരണം എന്നാൽ സഭാംഗങ്ങളുടെ വിശുദ്ധീകരണം എന്നാണ് അർത്ഥമാക്കുന്നത്. വിശുദ്ധീകരണം എന്നാൽ ദൈവത്തിനായി വേർതിരിക്കുക എന്നതാണ്. അപ്പോൾ സഭയുടെ ശുദ്ധീകരണം സഭാംഗങ്ങളെ ദൈവത്തിനായി വേർതിരിക്കുക എന്നാണ്.

ഈ ആരാധനാ സംവത്സരത്തിന്റെ ആരംഭം മുതൽ അവസാനം വരെ ദൈവത്തിനായി "വേർതിരിക്കപ്പെട്ട" സമൂഹമായി മാറാൻ നമുക്ക് ശ്രമിക്കാം.

നവംബർ 6

ഹുദോശ് ഈത്തോ–പ്രതിഷ്ഠാ പെരുന്നാൾ

യോഹ. 10:22–38

എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു

യഹൂദന്മാരുടെ പ്രതിഷ്ഠാ പെരുന്നാളിന്റെ പശ്ചാത്തലത്തിലാണ് ഇന്നത്തെ ചിന്താവിഷയം അവതരിപ്പിച്ചിരിക്കുന്നത്. ബി.സി. 168–ൽ അന്തിയോക്കസ് എഫിപ്പാനിയോസ് എന്ന സിറിയൻ ഭരണാധികാരി യെരുശലേം ദേവാലയം അശുദ്ധമാക്കുകയും, അവിടെ അവർക്ക് നിഷിദ്ധമായിരുന്ന പന്നിയെ ബലിയർപ്പിക്കുകയും, സീയൂസ് ദേവന്റെ പ്രതിമാ ആരാധനക്കായി പ്രതിഷ്ടിക്കുകയും ചെയ്തു. ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ "ശൂന്യമാക്കുന്ന മ്ലേഛത" എന്ന് പറഞ്ഞിരിക്കുന്നത് ഇതിനെ സംബന്ധിച്ചാണ് (ദാനി. 12:11). ഇതിനെതിരെ മത്തത്തിയാസും മക്കളും നടത്തിയ ഒളിപ്പോര് ബി.സി. 165–ൽ വിജയം കണ്ടു. മക്കാബിയരുടെ നേതൃത്വത്തിൽ ബി.സി. 165 കിസ്ലേവ് മാസം 25–ന് ദേവാലയ പുനഃപ്രതിഷ്ഠ നടത്തി. അന്നുമുതൽ എല്ലാ വർഷവും കിസ്ലേവ് മാസം 25–മുതൽ 8 ദിവസം "പ്രതിഷ്ഠാ പെരുന്നാ"ൾ ആചരിച്ചു വരുന്നു. ഇതിന് "ഹനൂഖാ" പെരുന്നാൾ എന്ന് അറിയപ്പെടുന്നു. ഈ ആഘോഷത്തിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് കർത്താവ് നടത്തുന്ന പ്രസ്താവനയാണ് നമ്മുടെ ധ്യാന വിഷയം.

ശുദ്ധീകരണവും പ്രതിഷ്ഠയും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന രണ്ട് യാഥാർത്ഥ്യങ്ങളാണ്. ഇതുകൊണ്ടാണ് ആരാധന വർഷത്തിന്റെ ആദ്യത്തെ രണ്ട് ഞായറാഴ്ചകൾ ഈ വിഷയങ്ങൾക്കായി മാറ്റി വച്ചിരിക്കുന്നത്.

മേൽ പ്രസ്താവിച്ച രണ്ട് പെരുന്നാളുകളിലും തുടർച്ചയായി ഉപയോഗിക്കുന്ന ഒരു ചിത്രമാണ് കൂടാരം–മന്ദിരം എന്നത്. "ക്രിസ്തുതന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ പ്രവാചകന്മാരും അപ്പോസ്തോലന്മാരും എന്ന അടിസ്ഥാനത്തിൽ മേൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്ന് കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു." (എഫേ. 2:20–21). ഈ മന്ദിരത്തിലെ ഓരോ ഘടകങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഈ ബന്ധത്തിന്റെ ഉറപ്പാണ് മന്ദിരത്തിന്റെ നില ഭദ്രമാക്കുന്നത്. ഈ ദിവസത്തെ ഒരു സെദറായിൽ ഇതിന്റെ കല്ലുകളെപ്പറ്റി പറയുന്നത് "സ്ഫടികപ്പാറ" എന്നാണ്. ഉറപ്പും സുതാര്യതയും അതിന്റെ മുഖമുദ്രയാണ്. സാത്താന്റെ ആക്രമണത്തിന് എതിരായി ബലമുള്ള കോട്ടയായി നില്ക്കണം അതേ അവസരത്തിൽ പ്രവർത്തനങ്ങൾ സുതാര്യവുമായിരിക്കണം.

മന്ദിര നിർമ്മാണത്തിന് ഒരു ലക്ഷ്യമുണ്ട്. "ദൈവാത്മാവിന്റെ നിവാസത്തിനായിട്ടാണ് മന്ദിരം നിർമ്മിക്കുന്നത്" "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?" (1 കോരി. 3:16). ഇത് സഭയെ സംബന്ധിച്ച് വളരെ പ്രസക്തമാണ്. സഭയെ ഭരിക്കേണ്ടത് ദൈവാത്മാവാണ്. സഭയെ നയിക്കേണ്ടതും ദൈവാത്മാവ് തന്നെയാണ്. പരിശുദ്ധാത്മാവിനെ സംബന്ധിച്ച് പെന്തിക്കോസ്തി പെരുന്നാളിന്റെ പ്രാർത്ഥനയിൽ ഇപ്രകാരം വായിക്കുന്നു. താൻ ഇഷ്ടപ്പെടുന്നവരിൽ ദാസനെപ്പോലെയല്ല അധികാരിയെപ്പോലെ പ്രവർത്തിക്കുന്നു. (സെദറാ–പെന്തിക്കോസ്തി). പരിശുദ്ധാത്മാവിന്റെ ഇഷ്ടമാണ് സഭയിലും വ്യക്തിയിലും നിറവേറ്റപ്പെടേണ്ടത്. പ്രതിഷ്ഠാ പെരുന്നാളിൽ ഈ ആശയത്തിനാണ് മുൻതൂക്കം നൽകേണ്ടത്.

ശ്ലീഹാ വായനകളിൽ (അപ്പോ. 7:44–53; എബ്രാ. 9:1–14) പഴയ നിയമ സമാഗമന കൂടാരത്തെ സംബന്ധിച്ച പരാമർശങ്ങൾ കാണാം. ദൈവം പ്രധാന ശില്പിയായി നിർമ്മിച്ച സമാഗമന കൂടാരത്തിൽ ദൈവത്തിന്റെ ആത്മാവ് പരിവർത്തിച്ചു കൊണ്ടിരുന്നു. അത് ആരാധനക്കാരന് 'പൂർണ്ണ സമാധാനം' വരുത്തുവാൻ കഴിവില്ലാത്തതായിരുന്നു (എബ്രാ. 9:9). എന്നാൽ ക്രിസ്തു വലിപ്പവും തികവുമുള്ള കൂടാരത്തിൽ കൂടി പ്രവേശിപ്പിച്ച് എന്നേക്കുമുള്ള വീണ്ടെടുപ്പ് സാധിച്ചു (എബ്രാ. 9:12) ഈ ദൗത്യം തുടർന്നുകൊണ്ടു പോകുന്നതിന് വി. സഭയെ ഭരമേൽപ്പിച്ചു. സഭയുടെ സമർപ്പണത്തിന്റെ ദിവസത്തിൽ ഈ ദൗത്യത്തെപ്പറ്റിയുള്ള ബോധം എല്ലാവരിലും ഉണ്ടാകണം.

സഭയുടെ പ്രതിഷ്ഠയുടെ ഈ ദിവസം ദൈവത്തെ അന്വേഷിച്ച് കണ്ടെത്തുന്ന സമൂഹമായി സഭ മാറണം. നിസ്സായിലെ വി. ഗ്രീഗോറിയോസ് മനുഷ്യനെപ്പറ്റി ഇപ്രകാരം പറയുന്നു. "മനസ്സ് മലിനമായും കലുഷിതമായി ഇരിക്കുന്ന ഒരാൾ ദൈവത്തെ അറിയുന്നില്ല മനസ്സ് വികല സങ്കല്പങ്ങളിൽ നിന്ന് വിമുക്തമായി ശുദ്ധമാക്കുമ്പോൾ ദൈവം കൂടുതൽ കൂടുതൽ തെളിവായി നമുക്ക് അഭിമുഖമായി വരും. നടപ്പ് നിഷ്കളങ്കമാകുമ്പോൾ ദൈവ ദർശനം എളുപ്പമായി തീരണം." ശുദ്ധീകരണം പ്രതിഷ്ഠയുടെ ഉറപ്പ് വർദ്ധിപ്പിക്കുന്നു. പൗലൂസ് ശ്ലീഹാ ഓർമ്മപ്പെടുത്തുന്നതുപോലെ "നിങ്ങൾ പൂർണ്ണ പ്രസാദത്തിനായി കർത്താവിന് യോഗ്യമാവും വണ്ണം നടന്ന് ആത്മീയമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ട് നിറഞ്ഞു വരേണം എന്നും സകല പ്രവർത്തിയിലും ഫലം കായ്ച്ചു ദൈവത്തേക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരേണം എന്നും അപേക്ഷിക്കുന്നു" (കോലോ. 1:10) പൗലൂസ് ശ്ലീഹായുടെ ഈ പ്രാർത്ഥന നമ്മിൽ സഫലമായി തീരട്ടെ! ദൈവവുമായുള്ള "അഭിമുഖ"ത്തിന് ജനത്തെ ഒരുക്കുന്ന വലിയ ദൗത്യം ഏറ്റെടുക്കുന്നതിന് വി. സഭക്ക് ഈ ആരാധനാ വർഷത്തിൽ സാധിക്കട്ടെ. ❖

For Favours Received



വത്സമ്മ മുളയ്ക്കൽ



സുജ



നീതു

സൺഡേസ്കൂൾ വാർത്തകൾ

ഫാ. റ്റി. ജെ. ജോഷ്വാ, ഡയറക്ടർ ജനറൽ

കൂദാശയും ഉദ്ഘാടനവും

സൺഡേസ്ക്കൂൾ അസോസിയേഷന്റെ വകയായി വാകത്താനം (ഞാലിയാകുഴി) ഹെർമോൻ മൗണ്ടിൽ പണിതിരിക്കുന്ന പരുമല മാർ ഗ്രീഗോറിയോസ് സെന്ററിന്റെ കൂദാശയും ഉദ്ഘാടനവും ഏറ്റവും ഉചിതമായും അനുഗ്രഹകരമായും നിർവ്വഹിച്ചു. സെപ്റ്റംബർ പതിനാറിന് ഒരു ഏകദിന പരിപാടിയായിട്ടാണ് നടന്നത്. കേരളത്തിലെ വിവിധ ഭദ്രാസനങ്ങളിൽ നിന്ന് സൺഡേസ്ക്കൂൾ കുട്ടികളും അദ്ധ്യാപകരുമായി രണ്ടായിരത്തോളം പേർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. പ്രഭാത ഭക്ഷണത്തെ തുടർന്ന് ഞാലിയാകുഴി മാർ ഗ്രിഗോറിയോസ് പള്ളിയിൽ വച്ച് കുട്ടികളെ മുഴുവൻ പങ്കെടുപ്പിച്ചുള്ള സംഗീത പരിപാടിക്ക് "ശ്രുതി" ഡയറക്ടർ ഫാ. എം. പി. ജോർജ്ജ് നേതൃത്വം നൽകി. എം.ജി. ഒ.സി.എസ്.എം. ജനറൽ സെക്രട്ടറി ഡോ. വി. എം. എബ്രഹാം അച്ചൻ ഓർത്തഡോക്സ് വിശ്വാസത്തിന്റെ സവിശേഷതയെക്കുറിച്ച് ശ്രദ്ധേയമായ ക്ലാസ് നടത്തി. ഉച്ചഭക്ഷണത്തിനു ശേഷം, ഞാലിയാകുഴി ടൗൺ ചുറ്റി, പി.എം.ജി. സെന്ററിലേക്കുള്ള കുട്ടികളുടെ റാലി ഏറ്റവും ആകർഷകവും ആവേശജനകവുമായിരുന്നു.

ഓരോ പരിപാടിയും കൃത്യമായ സമയത്തു നടത്തുവാൻ കഴിഞ്ഞത് എല്ലാവരുടെയും പ്രശംസയ്ക്കു കാരണമായി. ഒന്നര മണിക്ക് ധ്യാനകേന്ദ്ര സമുച്ചയത്തിന്റെ കൂദാശ, നിയുക്ത കാതോലിക്കാ അഭിവന്ദ്യ തോമസ് മാർ തിമോത്തിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും; അഭിവന്ദ്യരായ മാർ ഗീവർഗീസ് മാർ ഒസ്താത്തിയോസ്, സ്തേഫാനോസ് മാർ തേവോദോസ്യോസ്, ഗീവർഗീസ് മാർ ഈവാനിയോസ്, ഫിലിപ്പോസ് മാർ യൗസേബിയോസ് എന്നീ തിരുമേനിമാരുടെയും അനേകം വൈദികരുടെയും സഹകരണത്തിലും, ബഹുശതം സൺഡേസ്ക്കൂൾ പ്രവർത്തകരുടെ സാന്നിധ്യത്തിലും നടത്തപ്പെട്ടു. കൃത്യം രണ്ട് മണിക്ക്, ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതു സമ്മേളനം, നിയുക്ത കാതോലിക്കാ ഉദ്ഘാടനം ചെയ്തു, സൺഡേസ്ക്കൂൾ അസോസിയേഷൻ ഡയറക്ടർ ജനറൽ ഫാ. റ്റി. ജെ. ജോഷ്വാ, സെന്ററിന്റെ നിർമ്മിതി സംബന്ധിച്ചുള്ള വിവരങ്ങൾ നൽകിക്കൊണ്ട് സദസ്സിന് സ്വാഗതം ആശംസിച്ചു. സൺഡേസ്ക്കൂൾ കുഞ്ഞുങ്ങൾ, അവരുടെ മഹത്തായ സംഭാവനകൾ സമാഹരിച്ച്, സാധ്യമാക്കിയ ഒരു മഹാസംരംഭമായി സെന്ററിനെ അച്ചൻ വിശേഷിപ്പിച്ചു. ആശംസകൾ അർപ്പിച്ചുകൊണ്ട് അഭിവന്ദ്യ മാർ തേവോദോസ്യോസ്, മാർ യൗസേബിയോസ്, മാർ ഈവാനിയോസ് എന്നീ തിരുമേനിമാരും, ജനപ്രതിനിധി ശ്രീ. എം. നാരായണക്കുറിപ്പ് എം.എൽ.എ., വൈദിക ട്രസ്റ്റി ഫാ. ഒ. തോമസ്, അത്മായ ട്രസ്റ്റി ശ്രീ. പി. സി. എബ്രഹാം, മലങ്കര അസോസിയേഷൻ സെക്രട്ടറി ഡോ. അല്കസാണ്ടർ കാരയ്ക്കൽ എന്നിവരും ആശംസകൾ അർപ്പിച്ചു കൊണ്ട് പ്രസംഗിച്ചു. സെന്ററിന്റെ പ്രധാന കാര്യദർശിമാരിൽ ഒരാളും പ്രോഗ്രാം കോ-ഓർഡിനേറ്ററുമായ ഫാ. സി. ജോൺ ചിറത്തലാട്ട് സദസ്യർക്ക് കൃതജ്ഞത പ്രകാശിപ്പിച്ചു. ചായ സൽക്കാരത്തോടെ സമാപിച്ച സമ്മേളനം, ഒരു ചരിത്രം സംഭവമായി അനുസ്മരിക്കപ്പെടുമെന്നതിനു സംശയമില്ല.

വിദേശ സഭകളുടെയോ ഏജൻസികളുടെയോ സഹായം ഒന്നും കൂടാതെ ഒന്നേകാൽകോടി രൂപായോളം ചെലവുള്ള ഈ സെന്റർ സഭയ്ക്ക് മുഴുവൻ ഒരഭിമാനമാണ്. എഴുപതു പേർക്ക് താമസിക്കത്തക്ക മുറികളും മൂന്നൂറുപേർക്ക് പങ്കെടുക്കാവുന്ന സമ്മേളന ഹാളുകളും വിശാലമായ ഭക്ഷണ ഹോളും എല്ലാം ഈ സമുച്ചയത്തിൽ പെടുന്നു. ആ സ്ഥാപനം ഉപയോഗ ക്ഷമമാക്കുന്നതിന്, കട്ടിൽ, മേശ, കസേര, അൽമേര തുടങ്ങി ഉപകരണങ്ങൾ ഉടനടി ഉണ്ടാകേണ്ടതുണ്ട്. അതിന് ഏഴുലക്ഷം രൂപായെങ്കിലും വേണ്ടി വരും. ബാങ്കിൽ നിന്നുള്ള ലോൺ അടച്ചു തീർക്കേണ്ടതായുമുണ്ട്. അവിടെ താമസിച്ചു കൊണ്ട സമ്മേളനങ്ങളും ക്യാമ്പുകളും കോൺഫറൻസുകളും ക്രമമായി സംഘടിപ്പിച്ചും നടത്താൻ കഴിവുള്ള പ്രോഗ്രാം ഡയറക്ടർ, സഹായികൾ തുടങ്ങിയ ചുമതലക്കാരെയും നിയമിക്കേണ്ടതായുണ്ട്.

പി. എം. ജി. സെന്ററിന്റെ ആകർഷണീയത, അവിടുത്തെ പ്രശാന്തതയും പ്രകൃതി സൗകര്യവുമാണ്. മാത്രമല്ല കോട്ടയത്തു നിന്ന് ഇരുപതു മിനിട്ട് കാറിൽ യാത്ര ചെയ്താൽ അവിടെ എത്താം. ചങ്ങനാശേരി പുതുപ്പള്ളി, മല്ലപ്പള്ളി മുതലായ എല്ലാ സ്ഥലങ്ങളിൽ നിന്നും വാഹന സൗകര്യവുമുണ്ട്. ഭാവിയിൽ സഭയുടെ ഒരു വലിയ ധ്യാന/പഠന കേന്ദ്രമായി ആ സ്ഥാപനം തീരുമെന്നു നമുക്കു പ്രത്യാശിക്കാം.

2) സഹപാഠ്യ മത്സരങ്ങൾ: ഇതിനോടകം ഭദ്രാസന തലത്തിലുള്ള സഹപാഠ്യമത്സരങ്ങൾ കഴിഞ്ഞിട്ടുണ്ടാകും. ഇനിയും നവംബർ 12–ാം തീയതി ശനിയാഴ്ച താഴെപ്പറയുന്ന നാലു കേന്ദ്രങ്ങളിൽ വച്ച് സോണൽ മത്സരങ്ങൾ നടക്കുന്നു.

1) മലബാർ സോൺ (കുന്നംകുളം, മലബാർ, ബത്തേരി) കുന്നംകുളം ബിഷപ്സ് ഹൗസ്, ആർത്താറ്റ്.

2) നോർത്തു സോൺ (തൃശൂർ, കൊച്ചി, കണ്ടനാട് വെസ്റ്റ്, കണ്ടനാട് ഈസ്റ്റ്, അങ്കമാലി വെസ്റ്റ്, അങ്കമാലി ഈസ്റ്റ്) – തൃക്കുന്നത്തു സെമിനാരി, ആലുവാ.

3) സെൻട്രൽ സോൺ (കോട്ടയം, കോട്ടയം സെൻട്രൽ, ഇടുക്കി, നിരണം, ചെങ്ങന്നൂർ) – എം. ഡി. സെമിനാരി ഹയർ സെക്കണ്ടറി സ്ക്കൂൾ, കോട്ടയം.)

4) സൗത്ത് സോൺ (തിരുവനന്തപുരം, കൊല്ലം, തുമ്പമൺ, മാവേലിക്കര) – മാർ എപ്പിഫാനിയോസ് സെന്റർ, അടൂർ. ❖

എം.ഒ.സി. പബ്ലിക്കേഷൻസ് ദേവലോകം, കോട്ടയം–38

കാതോലിക്കാ വാഴ്ചക്ക് നടപടിക്രമം...

8-ാം പേജിൽ നിന്നു തുടർച്ച

രമായ സ്വീകരണവും തുടർന്ന് അനുമോദന യോഗവും സംഘടിപ്പിക്കാം. മേല്പട്ട സ്ഥാനാരോഹണങ്ങൾക്കും അന്നേ ദിവസം അനുമോദനയോഗം ഒഴിവാക്കണം.

കാതോലിക്കാ – മേല്പട്ട സ്ഥാനാരോഹണങ്ങളുടെ മറ്റൊരു ദൗർഭാഗ്യം വി. മദ്ബഹായിലെ *ഫോട്ടോ പ്രേമികളുടെ* ബഹളമാണ്. വാഴ്ചാ ചടങ്ങുകൾ ശരിയായി നടത്താനോ ജനത്തിനു കാണാനോ സാദ്ധ്യമല്ലാത്ത വിധം പ്രധാന കാർമികനെ മറഞ്ഞുവരെ നിൽക്കുന്ന രീതിയിലാണ് വൈദികസ്ഥാനികളുടെ ബഹളം. ഈ അവസ്ഥ അവസാനിപ്പിക്കണം. ഇത്തരം വാഴ്ചകളിൽ കൃത്യമായ ക്രിയാവിഭജനം മുമ്പുകൂട്ടി നടത്തുകയും വി. മദ്ബഹായിൽ പ്രവേശിക്കുന്നവരുടെ എണ്ണം കർശനമായി നിയന്ത്രിക്കുകയും വേണം. 1991-ൽ ഇപ്പോഴത്തെ പ. പിതാവിന്റെ വാഴ്ചയുടെ സമയത്ത് ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ ഇത് ഭംഗിയായി നിർവഹിച്ചകാര്യം അനുസ്മരിക്കുന്നു.

നൂറനാൽ മത്തായി കത്തനാർ വൈദീക ട്രസ്റ്റിയായതു മുതൽ അതിപ്രധാന ചടങ്ങുകളിൽ പ്രധാന കാർമ്മികന്റെ അംശവടിയേന്തുക എന്നത് വൈദികട്രസ്റ്റിയുടെ അവകാശമായി മാറിയിട്ടുണ്ട്. എങ്കിലും ഇന്നും ചില *സ്വകൽപ്പിത സ്ഥാനികൾ* ചില്ലറ പ്രശ്നങ്ങൾ ഇക്കാര്യത്തിൽ ഉണ്ടാക്കാതിരിക്കുന്നില്ല. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട വൈദികൻ എന്ന നിലയിൽ ഈ സ്ഥാനത്തിനു തികച്ചും അർഹൻ വൈദികട്രസ്റ്റി തന്നെയാണ്. ഇതിനും ഒരു നിയമപരിരക്ഷ നൽകേണ്ടിയിരിക്കുന്നു.

ഇതിന് ലളിതമായ ഒരു മാർഗ്ഗമുണ്ട്. വൈദികട്രസ്റ്റിയെ പൗരസ്ത്യ കാതോലിക്കായുടെ അർക്കദ്യക്കോനായി കല്പന മൂലം നിയമിക്കുക. പൗരസ്ത്യ കാതോലിക്കാ നടത്തുന്ന എല്ലാ വൈദിക കർമ്മങ്ങളിലും അർക്കദ്യക്കോന്റെ പ്രവർത്തികൾ – ഇതിൽ അംശവടി പിടിക്കുന്നതും ഉൾപ്പെടും – വൈദിക ട്രസ്റ്റിക്കു മാത്രമായി സംവരണം ചെയ്യുക. 2002 മുതൽ വൈദിക ട്രസ്റ്റിയുടെ കാലാവധി അഞ്ചു വർഷമായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നതിനാൽ ആരും ശാശ്വതമായി ഈ സ്ഥാനം കൈയടക്കുമെന്ന് ഭയക്കേണ്ടതില്ല.

ഈ നിയമനത്തിന് മറ്റൊരു മേന്മ കൂടിയുണ്ട്. വി. കൂദാശകളിൽ അനർഹരുടെ തള്ളിക്കയറ്റം ഒഴിവാക്കാം. വി. മൂറോൻ കൂദാശയ്ക്കു മാത്രമാണ് ഇപ്പോൾ ഔദ്യോഗികമായി അർക്കദ്യക്കോനെ നിയമിക്കുന്നത്. ഭാവിയിൽ ഈ സ്ഥാനത്ത് അനർഹരായ വൈദികർ വരുന്നതും ഈ സ്ഥാനം എപ്പിസ്ക്കോപ്പാമാരിൽ ലയിച്ചുപോകുന്ന അവസ്ഥയും ഈ നിയമനം മൂലം ഒഴിവാക്കാം.

നടപടിക്രമം ഉണ്ടാകേണ്ടുന്ന മറ്റൊരു പ്രധാന സംഗതി പ. പിതാക്കന്മാരുടെ കബറടക്കമാണ്. കഴിഞ്ഞ മൂന്നു കാതോലിക്കാമാരുടെ കബറടക്കത്തിലൂടെ ഇതിന് വ്യക്തമായ ഒരു രൂപം കൈക്കൊണ്ടിട്ടുണ്ട്. അതിൽ തന്നെ ചില അംശങ്ങൾ ലിഖിത പാരമ്പര്യമില്ലാത്തതിനാൽ നഷ്ടപ്പെട്ടുപോയിട്ടുമുണ്ട്.

1964 മുതൽ നിലവിലിരിക്കുന്ന നടപടിക്രമത്തെ ഇപ്രകാരം സംഗ്രഹിക്കാം. കാതോലിക്കാ കാലം ചെയ്താൽ ആദ്യം ദേവലോകം അരമന ചാപ്പലിൽ അംശവസ്ത്രം ധരിപ്പിച്ച് പ്രവേശിപ്പിക്കും. അന്നേ ദിവസം സന്ധ്യയ്ക്ക് മലങ്കര മെത്രാപ്പോലീത്തായുടെ ഔദ്യോഗിക വസതിയായ പഴയ സെമിനാരിയിലേയ്ക്കു ഭൗതിക ശരീരം ആഘോഷമില്ലാതെ നീക്കും. രാത്രി മുഴുവൻ സെമിനാരി വിദ്യാർത്ഥികളുടെ അഖണ്ഡപ്രാർത്ഥനയോടെ സെമിനാരി ചാപ്പലിൽ ഭൗതികദേഹം ദർശനത്തിനു വയ്ക്കും.


പിറ്റേന്നു രാവിലെ പിൻഗാമിയുടെ പ്രധാന കാർമ്മികത്വത്തിൽ സെമിനാരി ചാപ്പലിലും, മറ്റു മെത്രാപ്പോലീത്താമാരുടെ കാർമ്മികത്വത്തിൽ, മാർ ഏലിയാ കത്തീഡ്രലിലും, ദേവലോകം അരമന ചാപ്പലിലും വി. മൂന്നിന്മേൽ കുർബാന നടക്കും. തുടർന്ന് പൗരസ്ത്യ കാതോലിക്കായുടെ കത്തീഡ്രലിലേക്ക് അന്തിമോപചാരം അർപ്പിക്കാൻ ഭൗതീകശരീരം കൊണ്ടുപോകും. ഔദ്യോഗിക വിടവാങ്ങൽ അവിടെയാണ് നടക്കുക.

ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് ആഘോഷപൂർണമായ നഗരി കാണിക്കൽ മാർ ഏലിയാ കത്തീഡ്രലിൽ നിന്നും ആരംഭിക്കും. ദേവലോകം അരമനയിൽ എത്തിച്ചേർന്നാൽ *കൊഹെനൈത്താ* ക്രമത്തിന്റെ അവസാനഭാഗം നടത്തുകയും, പിൻഗാമി, മുഖംമൂടി കബറടക്ക ശുശ്രൂഷ പൂർത്തീകരിച്ച്, ഔദ്യോഗിക കബർമുറിയിൽ അടക്കുകയും ചെയ്യും. ഈ പതിവ് തുടരണമെന്ന് അരമന സ്ഥാപിച്ച പ. ഗീവർഗീസ് ദ്വിതീയൻ ബാവായും വിശാലമായ കബർമുറി – *ബസ് കാദീശ*– നിർമ്മിച്ച പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായും ആഗ്രഹിച്ചിരുന്നു. ഇവയ്ക്കൊക്കെയും ലിഖിത പാരമ്പര്യങ്ങൾ ഉടനെ ഉണ്ടാകേണ്ടിയിരിക്കുന്നു. കബറടക്ക സമയത്തെ വൈദികസ്ഥാനികളുടെ അപകടകരമായ തിക്കും തിരക്കും ഒഴിവാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഉണ്ടാകണം.

മൂന്നും നാലും കാതോലിക്കാമാരുടെ നഗരി കാണിക്കലിന് ഏറ്റവും മുമ്പിൽ തുറന്ന ജീപ്പിൽ കാതോലിക്കായുടെ അംശവടിയേന്തിയ പുരോഹിതൻ ഉണ്ടായിരുന്നു. അഞ്ചാം കാതോലിക്കായുടെ നഗരികാണിക്കലിന് ഇതുണ്ടായില്ല. അന്ന് ഈ വസ്തുത ചൂണ്ടിക്കാണിച്ചപ്പോൾ അപ്രകാരം ഒരു പതിവില്ല എന്നാണ് ഒരു മെത്രാപ്പോലീത്താ പറഞ്ഞത്. എന്നാൽ പത്രവാർത്തകൾ പ്രകാരം ആദ്യത്തെ രണ്ടു നഗരികാണിക്കലിനും ഇപ്രകാരം ചെയ്തിരുന്നു. ലിഖിത പാരമ്പര്യത്തിന്റെ ആവശ്യകതയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്.

അത്യാവശ്യം നിരോധിക്കേണ്ട ഒന്നുണ്ട്. മൺമറഞ്ഞ പിതാക്കന്മാരുടെ തിരുവസ്ത്രങ്ങൾ – പ്രത്യേകിച്ചും പരിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ടവരുടെയും പരിഗണിക്കപ്പെടുന്നവരുടെയും – മേല്പട്ടക്കാരുടെ കബറടക്കത്തിന് ഉപയോഗിച്ചുകൂട. സഭയ്ക്കവകാശപ്പെട്ട ഈ പൂജ്യ തിരുശേഷിപ്പുകൾ എത്ര വ്യക്തിപരമായ ആത്മ – ജഡ ബന്ധമുണ്ടെങ്കിലും മൺമറഞ്ഞുപോകാൻ സഭ അനുവദിക്കരുത്. വരും തലമുറ പഴിക്കാതിരിക്കാൻ അപ്രകാരം രഹസ്യമായോ പരസ്യമായോ സൂക്ഷിച്ചിട്ടുള്ളവ കബറടക്കത്തിനുപയോഗിക്കില്ല എന്നുറപ്പുവരുത്താൻ സഭ അടിയന്തിരമായി ശ്രദ്ധിക്കണം. മുകളിൽ പറഞ്ഞ കാര്യങ്ങളിൽ വേണ്ട നിയമങ്ങളും നടപടിച്ചട്ടങ്ങളും ക്രോഡീകരിക്കുന്ന കാര്യത്തിൽ പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെയും മാനേജിംഗ് കമ്മറ്റിയുടെയും സത്വര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. ❖

Birthday Wishes To




H.G. DR. STEPHANOS MAR THEODOSIUS

Inserted by

CANAAN & ASHOKA GARDEN
M.G.M. HIGHER SECONDARY SCHOOL &
BHOPAL ST. THOMAS CATHEDRAL

പ്രവാസികളുടെ ഇടയന്
ജന്മദിനാശംസകൾ



09342239500


H.G. DR. STEPHANOS MAR THEODOSIUS

Inserted by

ST. THOMAS INDIAN ORTHODOX CHURCH
AHAMADI - KUWAIT

Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2003-05

THE MALANKARA SABHA, CATHOLICATE OFFICE, KOTTAYAM-686 038



PRINTED AND PUBLISHED BY FR. T.A. EDAYADI FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM.
PRINTED AT MAYUR PRINTERS, KOTTAYAM FOR CATHOLICATE PRESS KOTTAYAM-38; CHIEF EDITOR FR. DR. JOHN PANICKER. RS. 7/-